
'Navajeevika' Jubilee Special.

'നവജീവിക' ജൂബിലി വിശേഷാൽപ്രതി.



SACERDOTAL SILVER JUBILEE

RT. REV. DR. G. C. ALAPATT, Ph. D., D. D.,

BISHOP OF TRICHUR.

23—4—1953.

വിഷയവിവരം.

★

1. ജൂബിലേറിയൻ തിരുമേനി നീണാൾ വാഴട്ടെ. 1

2. ഉചിതസ്മാരകം. 5
(Rt. Rev. Mgr. P. Kakkaserry Ph. D., D. D.)

3. കമ്മ്യൂനിസ്റ്റുകാരെ സ്നേഹിക്കണം. 7
(എൽ. ജെ. ചിറ്റൂർ, Ph. D., D. D.)

4. ശവരിയാർ പുണ്യവാന്റെ വേദോപദേശക്ലാസ്സുകൾ. 8
(റവ. ഫാ. തോമാസ് മൂത്തേടൻ, എം. എ., ഡി. ഡി.)

5. കത്തോലിക്കാസഭയുടെ അവകാശവാദം. 11
(ജി. സി. ടിലാർ.)

6. അമ്പഴക്കാട്ട് (സമ്പാളൂർ) 15
(എം. ഒ. ജോസഫ്, നെടുങ്ങനം.)

7. പകച്ചുവ്യാധി. 19
(Sri. K. P. Urmese, B. O. L.)

8. നല്ല നാളെ. 24
(C. K.)

9. "കുടുംബാംഗങ്ങൾ." 26
(ശ്രീ. കെ. സി. ചാക്കോ, എം. എ., ബി. ഇ., എം. എസ്., എ. എം. ഐ. ഇ., എ. എം. എ. എം. എസ്.സി. ഇ.)

10. കത്തോലിസവും കമ്മ്യൂനിസവും. 29
(ജോജ്ജ് നെല്ലായി.)

11. മരണത്തിലൂടെ ജീവിതത്തിലേക്ക്!! 32
(ജെ. ററി. നീലങ്കാവിൽ.)

12. പുരോഹിതൻ ആരു? 34
(ഫാദർ തോമസ്സ്, വടശ്ശേരി, എൽ. ഡി.)

13. കുപ്പുകൈ. 37
(J. P. Pulikoden.)

14. തൃശ്ശൂർ രൂപതയിലെ കർമ്മലീത്താ സന്ന്യാസിനിസഭ. 38

15. Carmelite Congregation of the Trichur Diocese. 39

16. തൃശ്ശൂർ രൂപതയിലെ ക്ലാരസഭയുടെ ഒരു സംക്ഷിപ്തചരിത്രം. 42

17. The Clarist Congregation in the Diocese of Trichur. 43
18. തൃശ്ശൂർ രൂപതയിലെ തിരുക്കുടുംബസഭ. 45
19. The Holy Family Congregation in Trichur Diocese. 47
20. തൃശ്ശൂർ രൂപതയിലെ ഉപവിമഠത്തിന്റെ ചുരുങ്ങിയ ചരിത്രം. 50
21. In a Nutshell. 51
22. തൃശ്ശൂർ രൂപതയിലെ കത്തോലിക്കാ പ്രവർത്തനസംഘടന. 52
23. The Catholic Action Society, Trichur Diocese. 53
24. സെൻറ് വിൻസെൻറ് ഡി പോൾ സൊസൈറ്റി,
സെൻട്രൽ കൌൺസിൽ തൃശ്ശൂർ 1952. 55
25. St. Thomas' College, Trichur. 57
26. St. Mary's College, Trichur. 61
27. ഡാമിയൻ ഇൻസ്റ്റിട്ട്യൂട്ട്, ഗഥസെമ്മൻവാലി, തൃശ്ശൂർ. 64
28. തൃശ്ശൂർ രൂപതയിലെ ഒന്നാമത്തെ ധർമ്മസ്ഥാപനം. 65
29. മലബാർ മിഷനറി യൂണിയൻ. 67
30. തൃശ്ശൂർ രൂപത—സ്ഥിതിവിവരക്കണക്ക്. 69
31. Addresses.
32. Some Events in the life of Rt. Rev. Dr. G. C. Alapatt,
Bp. of Trichur.



H. H. POPE PIUS XII.

SACRA CONGREGATIO
"PRO ECCLESIA ORIENTALI"

ROMA,
17th November 1952.
Via della Conciliazione 34.

Prot. No. 1820/48

(Translated from Italian)

Your Excellency,

This Sacred Congregation was not unaware of the fact that Your Excellency will be celebrating the 25th anniversary of your Sacerdotal Ordination on 17th of this coming December. Participating in the joy of the faithful entrusted to Your care, who certainly will avil themselves of this occasion to give expression to their devotion & gratitude for the good You have done for them, we were preparing to send You our cordial greetings and good wishes for the occasion.

But Your personal letter requesting for a special blessing which will renew Your vigour and strength, compells me to send earlier this letter, which should convey to Your Excy. the best wishes and words of praise for all that You have done till this day for the glory of God & the Church and for the good of souls. This letter, besides, brings You a special blessing from the Holy Father, Who on such a happy occasion wishes particularly to be near You with the dear faithful of Your Diocese and of all Malabar.

Since Your Excellency asks for my blessing as well, most willingly do I impart it, praying that St. Thomas-whose approaching centenary celebrations will fill You with spiritual joy-obtain for You from Our Lord all that Your Episcopal heart desires for the good of the Diocese and of Your beloved Motherland.

Gladly availing myself of this opportunity to offer Y. Excy. the sentiments of my deep appreciation,

I remain,
Your Excy's affectionate Brother,
EUGENIUS CARDINAL TISSERANT,
SECRETARY.
✝ VALERIO VALERI.
ADSESSOR.

To
H. EXCELLENCY
RT. REV. MSGR. GEORGE ALAPATT,
BISHOP OF TRICHUR.

---

32 / VATICAN Date 18-Hr. 11-Min. 50. Recd. D. 19-H. 12-M. 23.

BISHOP GEORGE ALAPATT, TRICHUR.

EVERY GOOD WISH, OCCASION TWENTYFIFTH ANNIVERSARY ORDINATION, SPECAIL BLESSING, HOLY FATHER, AUTHORISATION APOSTOLIC BENEDICTION, PLENARY INDULGENCE, ALL FAITHFUL.

Cardinal Tisserant.

Archbishop's House,
BOMBAY 1.

Dear Fr. Chereath,

I was happy to learn from your letter that the Silver Jubilee Celebrations of the Rt Rev. Dr. Alapatt, Bishop of Trichur, are to take place on the 23rd of April 1953; and that His Excellency the Apostolic Internuncio is expected to preside over the Public Meeting.

I wish to associate myself whole-heartedly with all the good wishes and appreciations that will be expressed on the occasion. Though I have known for all these years of the excellent work done by His Lordship in his Diocese and beyond it, my recent visit to Trichur gave me a welcome opportunity of seeing for myself something of the Catholic life and progress in one of the important dioceses of Malabar and of India.

I pray that His Lordship may be spared for many years to come and that under his benign and wise rule the Diocese may prosper in every way.

Wishing you every blessing,
Yours sincerely in Dmno,
+ Valerian Cardinal Gracias,
Archbishop of Bombay.

The Very Rev. Dr. S. Chereath J. U. D. (Rome)
Chancellor, Bishop's House,
Trichur, S. India.



His Eminence Cardinal Tisserant

Secretary to the Congregation

for the Oriental Church, Rome.

El Ministro de Asuntos Esteriores.

MADRID,
25th November, 1952.

To

His Excelleney George Mapatl,
Bishop of Trichur.

Dear Monsignor,

Allow me, Excellency, to express my warm congratulations on the occasion of the Silver Jubilee of your Sacerdotal Ordination. I beg you too, to accept on this solemn occasion these samples of the Theological work in Spain, as a souvenir from me and a testimony of my filial devotion.

With humble respects,

(Sd)
Alberto Martin Artajo
Minister for Foreign Affairs.



His Eminence

CARDINAL VALERIAN GRACIAS,

Archbishop of Bombay.



His Excellency Most Rev. Martin Lucas S. V. D.

APOSTOLIC INTERNUNCIO.

ഇൻെറർനൺസിയൊ തിരുമേനി.



THE JUBILARIAN

Rt. Rev. Dr. G. C. Alapatt, Ph. D., D. D.

BISHOP OF TRICHUR.

(1927 — 1952.)

കുമ്പസാരത്തിനു മുമ്പുള്ള ഉപവാസം സംബന്ധിച്ച് പുതിയ നിയമങ്ങൾ.

ഭാഗ്യമോടെ വാഴുന്ന പന്ത്രണ്ടാം പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ട് തുല്യം ചാർത്തിയ "ക്രിസ്തുസ് ദോമിനുസ്" (Christus Dominus) എന്ന ആരംഭിക്കുന്ന ശ്ലൈഹിക നിയമംവഴി, വി. കുമ്പസാരത്തിനു മുമ്പുള്ള ഉപവാസം സംബന്ധിച്ചു പല അനുമതികളും ആനുകൂല്യങ്ങളും കല്പിച്ചനൽകിയിരിക്കുന്നു. എന്നാൽ ഇതു വൈദികരും അത്മായരും ഇപ്പോഴത്തെന്നെ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്ന കാനൻ നിയമങ്ങളെ (Canon 808; 858.1) അവയുടെ സാരാംശത്തിൽ ഒന്നുകൂടി ഉറപ്പിക്കുന്നതല്ലാതെ ഉർബലപ്പെടുത്തുന്നില്ല. എങ്കിലും സാധാരണ വെള്ളംകൂടിച്ചാൽ (യാതൊരു കലർപ്പും ചേരാത്ത സ്വാഭാവികജലം) ഉപവാസം നഷ്ടപ്പെട്ടുന്നില്ലെന്ന് ഈ ശ്ലൈഹിക വ്യവസ്ഥയുടെ ഒന്നാമത്തെ പ്രമാണം നിർദ്ദേശിക്കുന്നതുകൊണ്ട് ഇതു കാനൻ നിയമത്തെയും തെല്ലൊന്നു സ്പർശിക്കുന്നുണ്ട്.

(ശ്ലൈഹിക വ്യവസ്ഥ. കാനൻ 1)

ഈ വ്യവസ്ഥയിൽ നൽകപ്പെട്ടിരിക്കുന്ന ഇതര അനുകൂല്യങ്ങളെ സംബന്ധിച്ചു പറയുന്നപക്ഷം, അവ പുതിയ ശ്ലൈഹികവ്യവസ്ഥയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളിൽ വർത്തിക്കുന്നവരോ, അല്ലെങ്കിൽ പുതുതായി നൽകപ്പെട്ടിക്കുന്ന അധികാരത്തിന്റെ ശക്തിയാൽ മെത്രാന്മാരിൽനിന്നും ഉച്ചകഴിഞ്ഞു ദിവ്യബലിയർപ്പിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളവരോ, ആ ബലിയുടെ അവസരത്തിൽ വി. കുമ്പസാന കൈക്കൊള്ളുന്നവരോ ആയ വൈദികരേയും അത്മായരേയും മാത്രം സംബന്ധിക്കുന്നതാണ്. അതുകൊണ്ട് ഈ അനുകൂല്യങ്ങളും സംബന്ധിച്ചുള്ള പ്രമാണങ്ങളിൽ ഐകരൂപ്യം കൈവരുത്തുന്നതിനും, അവയെ വലിച്ചുനീട്ടിയേക്കാവുന്ന നാനാതരം വ്യാഖ്യാനങ്ങളെ ഉർബലപ്പെടുത്തുന്നതിനും, സംഗതിവശാൽ വന്നു ചേരാവുന്ന അനാചാരങ്ങളെ തടയുന്നതിനും ഹോളി ഓഫിസ് എന്ന പരമാധികാര സംഘം, പരിശുദ്ധ പിതാവിന്റെ ആജ്ഞാനുസരണം, താഴെപ്പറയുന്നവയെ നിർദ്ദേശിച്ചുകൊള്ളുന്നു.

രോഗികളായ വൈദികരേയും അത്മായരേയും സംബന്ധിച്ച്.

(ശ്ലൈഹികവ്യവസ്ഥ. 2–ാം കാനൻ)

രോഗാവസ്ഥ നിമിത്തം, തക്കതായ അസൗകര്യം അല്ലെങ്കിൽ വൈഷമ്യം കൂടാതെ വി. കുമ്പസാനയ്ക്ക് ഒരുക്കമായിട്ടുള്ള ഉപവാസം അനുഷ്ഠിക്കുവാൻ നിവൃത്തിയില്ലാത്ത അത്മായർക്ക്—അവർ കിടപ്പുരോഗികളാർ അല്ലെന്നിരുന്നാൽത്തന്നെയും—മദ്യാംശം ഇല്ലാത്ത എന്തെങ്കിലും പാനീയം ഉപയോഗിക്കാവുന്നതാണ്.

ഒരു വൈദ്യൻ നിർദ്ദേശിക്കുന്നതോ, അല്ലെങ്കിൽ എല്ലാവരും പൊതുവെ ഔഷധമായി കരുതിപ്പോരുന്നതോ ആയ ഘനപദാർത്ഥങ്ങളോ മദ്യാംശമില്ലാത്ത ദ്രാവകമോ അവർക്ക് ഔഷധമായി ഉപയോഗിക്കാവുന്നതാണ്.....

വി. കുർബാന സ്വീകരിക്കുന്നതിനു അവശ്യാവശ്യമായ ഈ ഉപവാസത്തിൽനിന്നു ഒരുവനെ ഏതെതു കാരണങ്ങളാൽ ഒഴിവാക്കാമെന്ന് അവന്റെ കുമ്പസാരക്കാരൻ വിവേകപൂർവ്വം നിശ്ചയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഉപവാസം എത്രനേരംമുമ്പുമുതൽ തുടങ്ങിയിരിക്കണമെന്ന് ഒരു സമയക്ലിപ്തവുമില്ല. കുമ്പസാരക്കാരന്റെ ആലോചനകൂടാതെ ആർക്കും ഈ ആനുകൂല്യം സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ പാടുള്ളതുമല്ല. ഉപവാസം സംബന്ധമായ ഈ ആലോചന പാപസങ്കീർത്തനവേദിയിലോ, പുറമെയോ—എവിടെ വച്ചെങ്കിലും നല്കുവാൻ കുമ്പസാരക്കാരനു പാടുണ്ട്.

രോഗാവസ്ഥ എത്ര കാലത്തേക്കു നീണ്ടുനിൽക്കുന്നുവോ അത്രകാലത്തേക്കും കുമ്പസാരക്കാരൻ നൽകുന്ന അനുമതിയും സാധുവായിരിക്കും. രോഗികളായ വൈദീകർക്കും—അവർ കിടപ്പുദീനക്കാരാകണമെന്നില്ല—ദിവ്യബലി അർപ്പിക്കുന്നതിനോ വി. കുർബാന സ്വീകരിക്കുന്നതിനോ മേല്പറഞ്ഞ ആനുകൂല്യങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

ചില പ്രത്യേക സാഹചര്യങ്ങളിൽ വന്നിക്കുന്ന വൈദീകരെ സംബന്ധിച്ച്.

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ രോഗികളല്ലാത്ത വൈദീകർക്ക് ദിവ്യബലിഅർപ്പിക്കുന്നതിനു മുമ്പായിട്ടു മദ്യാംശമില്ലാത്ത എന്തെങ്കിലും പാനീയം ഉപയോഗിക്കാവുന്നതാണ്.

എ. താമസിച്ചുള്ള സമയത്തു കുർബ്ബാന ചൊല്ലേണ്ടിവരുമ്പോൾ (ഉദാ: ഒൻപതുമണി കഴിഞ്ഞു.)

ബി. ക്ലേശകരമായ വൈദീക ജോലികൾക്കുശേഷം (ഉദ: രാവിലെ മുതലാരംഭിച്ചതോ ദീർഘമോ ആയ വൈദീക കർമ്മാദീകൾക്കുശേഷം) ദിവ്യബലി അർപ്പിക്കേണ്ടിവരുമ്പോൾ.

സി. ഒന്നേകാൽ മൈലെങ്കിലും കാൽനടയായിട്ടു യാത്രചെയ്തതിനുശേഷമോ, വാഹനങ്ങളിലാണെങ്കിൽ താരതമ്യേന ദീർഘമായ ഒരു യാത്ര കഴിച്ചതിനുശേഷമോ ദിവ്യബലി അർപ്പിക്കേണ്ടിവരുമ്പോൾ. എന്നാൽ ഇക്കാര്യത്തിൽ വഴിയുടെ ക്ലിഷ്ടതയും ആളിന്റെ ആരോഗ്യ സ്ഥിതിയുംകൂടി പരിഗണിക്കേണ്ടതുണ്ട്. ഏതെല്ലാം സാഹചര്യങ്ങളെ ഉദ്ദേശിച്ചാണോ മേല്പറഞ്ഞ ആനുകൂല്യങ്ങളെ നിയമമാതാവു നൽകിയിരിക്കുന്നത്. ആ വിധ സാഹചര്യങ്ങളെല്ലാം മേൽപ്പറഞ്ഞ മൂന്നു സംഗതികളിൽ അടങ്ങിയിട്ടുണ്ട്. തന്നിമിത്തം ഇതേ സംബന്ധിച്ച് ഒരു ഉപരിവ്യാഖ്യാനത്തിനു സ്ഥാനമില്ലതന്നെ.

എ ബി. സി. പ്രകാരം അനുവാദം ഉപയോഗിക്കുന്ന വൈദീകർക്കു കുർബ്ബാനയ്ക്കുമുമ്പ് ഒരു മണിക്കൂർനേരം ഇങ്ങനെയുള്ള പാനീയങ്ങളും ഉപയോഗിക്കുവാൻ പാടില്ല.

കൂടാതെ, ഒരേദിവസംതന്നെ രണ്ടോ മൂന്നോ ദിവ്യബലികളർപ്പിക്കുവാനുള്ള വൈദീകർക്ക് ക്രമാനുഷ്ഠാനവിധി പ്രകാരം, ആദ്യാദ്യകുർബ്ബാനകളിലെ "തിരുക്കർമ്മാവശിഷ്ടദ്രാവകം" കുടിക്കുവാൻ പാടുണ്ട്. എന്നാൽ അതിനായി തിരുപ്പാത്രങ്ങളും കഴുകുമ്പോൾ വീഞ്ഞ് കലർത്താതെ വെള്ളം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. എന്നാൽ ക്രിസ്തുസ് ദിവസവും സകല മരിച്ചവരുടെ തിരുനാൾ ദിവസവും പതിവുപോലെ ഒന്നിനുപുറകെ ഒന്നായി കുർബ്ബാനകൾ ചൊല്ലുമ്പോൾ തിരുപ്പാത്രം കഴുകിയ വെള്ളം സംബന്ധിച്ച ക്രമാനുഷ്ഠാനവിധിയിൽ (ത്രുക്കാസായിൽ) പറഞ്ഞിരിക്കുന്ന പ്രകാരം ചെയ്യേണ്ടതാണ്.

എന്നാൽ രണ്ടോ മൂന്നോ കുർബ്ബാന ചൊല്ലേണ്ട ഒരു വൈദീകൻ അനവധാനതനിമിത്തം (ഓർമ്മക്കേടായിട്ട്) തിരുപ്പാത്രം കഴുകിയ ദ്രാവകത്തോട് വീഞ്ഞും കൂടി കലർത്തി കുടിച്ചുപോയെങ്കിൽ, രണ്ടാമത്തെ കുർബ്ബാനയോ മൂന്നാമത്തെ കുർബ്ബാനയോ ചൊല്ലുന്നതിന് ആ കാരണത്താൽ തടയപ്പെടുന്നില്ല.

ചില പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ട അത്മായരെ സംബന്ധിച്ച്.

(ശ്ലൈഹികവ്യവസ്ഥ. കാ. 5)

രോഗം നിമിത്തമല്ലാതെ തക്കതായ അസൗകര്യം വരുത്തുന്ന മറ്റേതെങ്കിലും കാരണത്താൽ ഉപവാസം അനുഷ്ഠിക്കുന്നതിനു നിവൃത്തിമില്ലാതെവരുന്ന അത്മായയ്ക്ക്, വി. കുർബ്ബാന കൈക്കൊള്ളുന്നതിന് ഒരു മണിക്കൂർ മുമ്പായിട്ടു മദ്യം കലരാത്ത എന്തെങ്കിലും കുടിസാധനം ഉപയോഗിക്കാവുന്നതാണ്. താദൃശമായ അസൗകര്യം ഉണ്ടാകുന്ന സാഹചര്യങ്ങളെ മൂന്നു ഗണമായി തിരിച്ചു താഴെ കൊടുക്കുന്നു. (ഇവയ്ക്കു പുറമേ മറ്റു സാഹചര്യങ്ങളിൻ ഈ അനുമതി ഉപയോഗിക്കാൻ പാടില്ല.)

A. വി. കുബ്ബാന കൈക്കൊള്ളുന്നതിനു മുമ്പായി ക്ലേശകരമായ ജോലി ചെയ്യേണ്ടിവരിക. ഫാക്ടറികളിൽ ജോലി ചെയ്യുന്നവർ, ട്രാൻസ്പോർട്ട് ജീവനക്കാർ, നാവികത്തൊഴിലാളികൾ, പബ്ലിക്കുസ്ഥാപനങ്ങളിലെ കിഴ്ജീവനക്കാർ തുടങ്ങി പകലും രാത്രിയും തവണകളായി ജോലി ചെയ്യേണ്ടിവരുന്നവരും, നിർദ്ദിഷ്ടമായ ജോലിനിമിത്തവും ജീവകാരുണ്യപരമായ കാരണങ്ങളാലും രാത്രികാലങ്ങളിൽ ഉറക്കമിളച്ചു ഇരിക്കേണ്ടിവരുന്നവരും, (Nurses, Night watchmen,) ഗർഭിണികളും, പള്ളിയിലേക്കു പുറപ്പെടുന്നതിനുമുമ്പായി അനവധി കുടുംബകൃത്യങ്ങൾ ചെയ്തീർക്കേണ്ടവരായ ഗൃഹനായികകളും ഈ ഗണത്തിൽ പെടുന്നു.

B. താമസിച്ചു വി. കുബ്ബാന കൈക്കൊള്ളേണ്ടിവരിക. ചില പ്രത്യേക സാഹചര്യങ്ങളിൽ വർത്തിക്കുന്ന വിശ്വാസികൾക്ക് താമസിച്ചു അപ്പിക്കപ്പെടുന്ന കുബ്ബാനയ്ക്കു വന്നുചേരുവാൻ സാധിക്കുകയുള്ളൂ. സ്കൂളിൽ പോകുന്നതിനുമുമ്പ് പള്ളിയിൽപോയി കുബ്ബാന കൈക്കൊണ്ടതിനുശേഷം വീട്ടിൽ തിരിച്ചെത്തി പ്രാതൽ ഭക്ഷണം കഴിക്കുക വളരെ പ്രയാസമായിരിക്കുന്ന വിദ്യാർത്ഥികളും അനവധിയുണ്ട്.

C. ദൈവാലയത്തിലേക്കു പോകുവാൻ വളരെ ദൂരം യാത്രചെയ്യേണ്ടിവരിക എന്നാൽ കാൽനടയായിട്ടുള്ള യാത്രയാണെങ്കിൽ ഈ ദൂരം കുറഞ്ഞതു ഒന്നേകാൽ മൈലെങ്കിലുമുണ്ടായിരിക്കണം. എന്നാൽ ആ യാത്ര വാഹനത്തിലാണെങ്കിൽ ദൂരവും ആനുപാതികമായിട്ടു കൂടുതലായിരിക്കണം. യാത്ര കാൽനടയായിട്ടോ വാഹനമാർഗ്ഗേണയോ—എങ്ങനെയായിരുന്നാലും ആളിന്റെ പ്രകൃതിയും വഴിയുടെ പ്രകൃതിയുംകൂടി കണക്കാക്കേണ്ടിയിരിക്കുന്നു. തക്കതായ അസൗകര്യം (അഥവാ വൈഷമ്യം,) എന്തിനെ ആധാരമാക്കിയാണ് നിർണ്ണയിക്കപ്പെടേണ്ടതെന്നു കുമ്പസാരക്കാരൻ, "കുമ്പസാരക്കൂട്ടിലോ പുറമെയോ വച്ചു വിവേകപൂർവ്വം ചിന്തിച്ചുനോക്കേണ്ടതാണ്". കുമ്പസാരക്കാരന്റെ അനുമതികൂടാതെ ഉപവാസം ഉപേക്ഷിച്ചു വി. കുബ്ബാന കൈക്കൊള്ളുവാൻ വിശ്വാസികൾക്കു സ്വാതന്ത്ര്യമില്ലാത്തതാകുന്നു. എന്നാൽ ഈ അനുമതി "തക്കതായ വൈഷമ്യം" നിലനിൽക്കുന്നിടത്തോളം കാലത്തേക്കായി അദ്ദേഹത്തിനു നൽകാവുന്നതുമാണ്.

സായാഹ്നബലി. (ശ്ലൈഹികവ്യവസ്ഥ കാ. 6)

കാനൽ നിയമത്തിൽ (821—1) മറ്റുപ്രകാരത്തിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, പ്രത്യേക സാഹചര്യങ്ങൾനിമിത്തം അത്യാവശ്യമായി വരുമ്പോൾ, സ്വന്ത പതകളിൽ ഉച്ചകഴിഞ്ഞും കുർബ്ബാന ചൊല്ലുന്നതിന് അനുമതി നൽകുവാൻ മെത്രാന്മാർക്ക് ഈ ശ്ലൈഹികവ്യവസ്ഥ അധികാരം നല്കുന്നുണ്ട്. (Crf. Can. 198) പൊതുനിയമം മുൻനിർത്തി നോക്കിയാലു ഉച്ചകഴിഞ്ഞുള്ള ദിവ്യബലി ചിലപ്പോൾ അത്യാവശ്യമായിട്ടും അനുഭവപ്പെടും. ഉദാഹരണമായി, ചില വ്യാവസായശാലകളിൽ ഞായറാഴ്ചകളിലും കടപ്പെട്ട ദിവസങ്ങളിലും തവണയനുസരിച്ചു ജോലിചെയ്യുന്ന ആളുകളുണ്ട്; ഗ്രാമമുഖത്തൊഴിലാളികളുടെ ഗണത്തിൽ പെട്ടവർ രാവിലെ ജോലിക്കു പോകേണ്ടവരാണ്. മതപരവും സാമുദായികവുമായ സമ്മേളനങ്ങളും നടക്കുന്ന അവസരങ്ങളിൽ ആളുകളും വളരെ ദൂരെനിന്നു വന്നു ചേരേണ്ടതായിവരും—ഈ സന്ദർഭങ്ങളിൽ ഉച്ച കഴിഞ്ഞുള്ള കുർബ്ബാന ഒരാവശ്യമാണ്. ഈ സന്ദർഭങ്ങളിൽ മെത്രാനു സായാഹ്നബലി അനുവദിക്കാം.

എന്നാൽ ഈ അവസരങ്ങളിൽ ഉച്ചകഴിഞ്ഞു 4 മണിക്കുശേഷമേ ദിവ്യബലി അപ്പിക്കുവാൻ പാടുള്ളൂ. തന്നെയുമല്ലാ താഴെ കാണിച്ചിരിക്കുന്ന ദിവസങ്ങളിൽ മാത്രമേ അതിനു അനുമതി നല്കുവാൻ മെത്രാനും നിവ്വാഹമുള്ളൂ.

A. ഇപ്പോഴും കടപ്പെട്ടതായി ആചരിച്ചുപോരുന്ന ദിവസങ്ങളിൽ— (Crf. 1247, 1.)

B. 1919 ഡിസമ്പർ 28-ാംതിയതി "സേക്രഡ് കോൺഗ്രിഗേഷൻ ഓഫ് ദി കൗൺസിൽ" പുറപ്പെടുവിച്ചിട്ടുള്ള പട്ടികകളിൽ കാണുന്ന ദിവസങ്ങളിൽ—അഥവാ കടം നീക്കപ്പെട്ട തിരുനാളുകളിൽ.

C. മാസാദ്യവെള്ളിയാഴ്ചകളിൽ.

D. വളരെപ്പേർ കൂടുന്ന മറവു തിരുനാളുകളിൽ.

E ഇതിനും പുറമെ ഒരു പ്രത്യേകഗണം ആളുകളെ ഉദ്ദേശിച്ചു് ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസം.

ഉച്ചകഴിഞ്ഞു ബലി അപ്പിക്കുന്ന വൈദീകർക്കും, ആ ബലിയിൽ വി. കുർബാന സ്വീകരിക്കുന്ന വിശ്വാസികൾക്കും, വി. കുബ്ബാന ആരംഭിക്കുന്നതിനു് അല്ലെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിനു് മൂന്നുമണിക്കൂർ മുമ്പായിട്ടു് ഭക്ഷണത്തോടുകൂടി മിതമായ തോതിൽ അവർ പതിവായി ഉപയോഗിച്ചുവരാറുള്ള വീഞ്ഞു് ബിയർ മുതലായ മദ്യാംശം കലർന്ന പാനീയങ്ങളും ഉപയോഗിക്കാം. എന്നാൽ ലഹരിസാധനങ്ങളും പാടില്ല. ദിവ്യബലി അപ്പിക്കുന്നതിനു്, അല്ലെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിനു് ഒരു മണിക്കൂർ മുമ്പായിട്ടു്—അവരുടെ ഭക്ഷണത്തിനുമുമ്പോ ഭക്ഷണത്തിനു ശേഷമോ—മദ്യം കലരാത്ത എന്തെങ്കിലും അവർക്കു കുടിക്കാവുന്നതാണു്.

806—ാം കാനൻ നിയമപ്രകാരം രണ്ടോ മൂന്നോ കുർബാന ചൊല്ലുന്നതിനുള്ള അനുമതി പ്രത്യേകാൽ സമ്പാദിച്ചിട്ടില്ലാത്ത യാതൊരു വൈദികനും ഒരേദിവസംതന്നെ കാലത്തും വൈകീട്ടും ബലിയപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. അങ്ങനെതന്നെ 857—ാംനമ്പ്രു് കാനൻനിയമപ്രകാരം യാതൊരു അത്മായനും ഒരേദിവസംതന്നെ രണ്ടുപ്രാവശ്യം വി. കുർബാന സ്വീകരിക്കാനും പാടില്ലാത്തതാണു്.

ഉച്ചകഴിഞ്ഞുള്ള കുബ്ബാനയിൽ സംബന്ധിക്കുവാൻ പാടുള്ള സാഹചര്യങ്ങളിൽ അല്ലാത്തവർക്കും പ്രസ്തുത കുബ്ബാനയിൽ സംബന്ധിച്ചു്, ആരംഭത്തിലൊ അവസാനത്തിലൊ വി. കുബ്ബാന കൈക്കൊള്ളുവാൻ പാടുണ്ടു്. എന്നാൽ അങ്ങനെ ചെയ്യുമ്പോൾ മേല്പറഞ്ഞ നിയമങ്ങളും അനുസരിച്ചുവേണം അവർ അതിനു് ഒരുങ്ങുവാനായിട്ടു്. കൂടാതെ, മിഷ്യൻപ്രദേശങ്ങളിൽ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും മേല്പറഞ്ഞ കാരണങ്ങളും ഉണ്ടെങ്കിൽ സായാഹ്നബലി അനുവദിക്കുന്നതിനു് ഇപ്പോഴത്തെ ശ്ലൈഹികവ്യവസ്ഥ മെത്രാന്മാരെ അധികാരപ്പെടുത്തുന്നു. ഈ നിയമങ്ങളും പ്രാവർത്തികമാക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ:

വി. കുബ്ബാനയുടെ നേർക്കുള്ള സ്നേഹബഹുമാനാദരങ്ങൾക്കു് അല്പംപോലും കോട്ടം തട്ടാതിരിക്കുവാൻ മെത്രാന്മാർ നിഷ്കർഷിക്കണം.

തങ്ങളുടെ ഭരണത്തിൻകീഴിലുള്ള എല്ലാവരും ഈ നിയമങ്ങളും ഒരുപോലെ ആചരിക്കുന്നതിനും മെത്രാന്മാർ നിഷ്കർഷയുള്ളവരായിരിക്കണം. അപ്രകാരംതന്നെ പരിശുദ്ധ സിംഹാസനത്തിൽനിന്നും നാളതുവരെ ഓരോരുത്തർ വ്യക്തിപരമായിട്ടോ പ്രാദേശികമായിട്ടോ സമ്പാദിച്ചിട്ടുള്ള എല്ലാ അനുമതികളും ആനുകൂല്യങ്ങളും ഇതിനാൽ റദ്ദ് ചെയ്യപ്പെട്ടിരിക്കുന്ന വിവരവും ഭരണിയരെ മെത്രാന്മാർ അറിയിക്കേണ്ടതാണു്. ഈ ശ്ലൈഹികവ്യവസ്ഥയും പ്രമാണങ്ങളും (നിർദ്ദേശങ്ങളും), യാതൊരുവിധ മാറ്റങ്ങൾക്കും ഇടം നൽകാത്തവിധത്തിൽ മാത്രമേ വ്യാഖ്യാനിക്കാവൂ എന്നും നിഷ്കർഷിക്കേണ്ടതുണ്ടു്. ഈ വ്യവസ്ഥയ്ക്കും നിർദ്ദേശങ്ങൾക്കും വിപരീതമായ പാരമ്പര്യം എവിടെയെങ്കിലുമുണ്ടെങ്കിൽ "ഇതിനെതിരായിട്ടുള്ള എല്ലാ പാരമ്പര്യത്തിലും ഈ കാര്യം പ്രത്യേകം ഓർമ്മയിൽ ഇരുത്തേണ്ടതാണു്" എന്നുള്ള നിരോധകവാക്യം അനുസ്മരിച്ചു പ്രവർത്തിക്കേണ്ടതാണു്.

അനുഗ്രഹസമ്പൂർണ്ണമായ ഈ ആനുകൂല്യത്തിന്റെ വെളിച്ചത്തിൽ എല്ലാ മെത്രാന്മാരും വൈദീകരും വിശ്വാസികളെ അടുക്കലടുക്കൽ വി. കുബ്ബാനയിൽ സംബന്ധിക്കുന്നതിനും, വി. കുബ്ബാന സ്വീകരിക്കുന്നതിനും സഫലമായി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണു്. അവസരോചിതമായ മാർഗ്ഗങ്ങളെ അവലംബിച്ചുകൊണ്ടു്—പ്രത്യേകമായി സുവിശേഷപ്രസംഗം വഴിയായി—ഈ പുതിയ വ്യവസ്ഥകളുടെ പ്രഖ്യാപനംവഴി ഉണ്ടാകണമെന്നു പ. പിതാവു് ആഗ്രഹിക്കുന്ന ആദ്ധ്യാത്മികനന്മകളും സകലരിലും വ്യാപിക്കുവാനായിട്ടും അവർ ശ്രമിക്കേണ്ടതാണു്. (ഒപ്പു്)

കർദ്ദിനാൾ പീസാർഡൊ, (തിരുസംഘം സെക്രട്ടറി)

എ. കട്ടവിയാനി, സഹായി.

നവജീവിക

RENOVAMINI SPIRITU.

വിശേഷാൽപ്രതി.

പുസ്തകം 20 | 1953 മാച്ച്, ഏപ്രിൽ, മെയ് | ലക്കം 3, 4, 5.

ജൂബിലേറിയൻ തിരുമേനി നീണാൾ വാഴട്ടെ.


തൃശ്ശിവപേരൂർ രൂപതയുടെ ഭാഗ്യവിധാതാവായ റൈറ്റ്. റെവ. ഡോക്ടർ ജോഷ്വാ ആലപ്പാട്ട് Ph. D., D. D. തിരുമനസ്സിലെ പൌരോഹിത്യ പദപ്രാപ്തിയുടെ രജതജൂബിലി മഹാമഹം സാഘോഷിക്കുന്ന ഈ മംഗളാവസരത്തിൽ തിരുമനസ്സിലെ വാത്സല്യഭാജനമായ 'നവജീവിക' അഭിമാനഭരിതമായ ഹൃദയത്തോടും ആദരാവനതമായ ശിരസ്സോടുംകൂടി അവിടത്തേക്ക് ആയുരാരോഗ്യം ആശംസിച്ചുകൊള്ളുന്നു. തിരുമനസ്സിലെ പൈതൃകമായ വാത്സല്യത്താലും സുചിന്തിതമായ സാരോപദേശങ്ങളാലും നവം നവോന്മേഷശാലിനിയായി വളർന്നുകൊണ്ടിരിക്കുന്ന ഈ 'നവജീവിക'ക്ക് അവളുടെ രക്ഷാധികാരിയായ തിരുമേനിയുടെ ഈ സുവർണ്ണാവസരത്തിൽ പ്രേമസുരഭിലങ്ങളും കൃതജ്ഞതാമധുരങ്ങളുമായ മംഗളപ്രാർത്ഥനാമാല്യങ്ങളണിയിച്ച കൃതാർത്ഥയടയുകയല്ലാതെ മറെറന്താണ് സാദ്ധ്യമായിട്ടുള്ളത്. ജൂബിലേറിയനായ തിരുമേനിക്കും ഈ രൂപതയുഴുവനും അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ട് രാജാധിരാജനായ ക്രിസ്തുനാഥൻ തൃശ്ശൂർ നഗരത്തിന്റെ പ്രധാന വീഥികളുടെ ജൈത്രയാത്ര നടത്തുന്ന ഈ സുദിനത്തിൽ അവിടത്തെ ഭരണിയരായ ആയിരമായിരം ജനങ്ങളുടെ ഹൃദയാന്തരങ്ങളും ആ രാജാധിരാജന്റെയും അവിടത്തെയും നേർക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ മഹനീയ സുദിനത്തിൽ അവരോടപ്പം ആനന്ദാശ്രുവണിഞ്ഞു വികാരവിഹ്വലയായി നിൽക്കുന്ന നവജീവികയും ഈ വിനീത ഉപഹാരമാല്യവുമായി തിരുമേനിയെ സമീപിച്ചുകൊള്ളുന്നു. തിരുമനസ്സിലെ ഭൂതകാലജീവിതത്തിലേക്ക് ഒരു വിഹഗവീക്ഷണം നടത്താൻ മാത്രമെ ഞങ്ങൾ ഉദ്ദേശിക്കുന്നുള്ളൂ.

കേരളക്കരയിൽ അത്യുന്നതം സുപ്രസിദ്ധവും അതിപുരാതനവുമായ കരാഞ്ചിറ ആലപ്പാട്ട് കുടുംബത്തിൽ 1900 ഫെബ്രുവരി 11-ാംനു-ഞയറാഴ്ച തിരുമനസ്സുകൊണ്ട് ഭൂജാതനായി. ദൈവജനനി ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിന്റെ വർഷികദിനമായിരുന്നു അന്നു. കാലാന്തരത്തിൽ ആ പിഞ്ചു പൈതൽ, ലൂർദ്ദ് പള്ളി തന്റെ ഭദ്രാസന ദേവലയമാക്കിത്തീർക്കുമെന്നു അന്നു് ആരും തന്നെ വിചാരിച്ചിരിക്കയില്ല. കാലത്തിന്റെ പരിപൂർണ്ണതയിൽ അതു സംഭവിക്കതന്നെ ചെയ്തു. ചെറുപ്പത്തിൽതന്നെ പിതാവു മരിച്ചു പൊയതുമൂലം അമ്മയുടെ പരിലാളനയിലാണ് പിന്നീടു വളർന്നുവന്നതു്. നാട്ടിലുള്ള ഗ്രാമവിദ്യാലയത്തിലും കാട്ടൂർ പൊമ്പെ സെൻറ് മേരീസ് സ്കൂളിലും കുറെക്കാലം പഠിച്ചശേഷം തൃശ്ശൂർ പെററിസിമ്മനാരിയിൽ ചേർന്നു സെൻറ് തോമസ് ഹൈസ്കൂളിൽ പഠനം തുടർന്നു. സെൻറ് തോമസ് കോളേജിൽ ഒന്നാമതായി അന്നു ചേർന്ന ആ വിദ്യാർത്ഥി തന്നെയാണ് ഇന്നു പ്രസ്തുത

ഫലം ചെയ്യുന്ന കത്തോലിക്കാ മാതൃകാവിദ്യാലയങ്ങളും, തൊഴിലാളി സ്കൂളുകളും അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളും തിരുമനസ്സിലെ പൈതൃകമായ സംരക്ഷണയിൽ സ്ഥിതി ചെയ്യുന്നു. കാലോചിതമായ പ്രവർത്തനങ്ങളിൽ തിരുമേനി ശ്രദ്ധചെലുത്തിക്കൊണ്ടിരിക്കുന്നതിന്റെ മറ്റൊരു പ്രത്യക്ഷലക്ഷ്യമാണ് തൃശ്ശൂരിൽ തിരുമേനിയുടെ പ്രോത്സാഹനത്തിൽ സമാരംഭിച്ച ഇന്നു കേരളക്കര മുഴുവനും അലതല്ലിക്കൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റവിരുദ്ധ മുന്നണിയുടെ അതുല്യമായ വിജയം. ഭാരതത്തിലെ മെത്രന്മാരുടെ കോൺഫറൻസിലെ സ്റ്റാൻറിങ്ങ് കമ്മറ്റിയിലെ ഒരംഗം കൂടിയാണ് തിരുമേനി.

സേവനസന്നദ്ധതയാലും ത്യാഗസമ്പൂർണ്ണവും വിനീതവുമായ ജീവിതത്താലും സ്നേഹമസൃണമായ ഭരണപരിപാടികളാലും കർമ്മധീരനായ തിരുമേനി ഇന്നു ഏവരുടേയും കണ്ണിലുണ്ണിയായിക്കഴിഞ്ഞു. നിത്യപുരോഹിതന്റെ ഒരുത്തമ സ്നേഹിതനും സേവകനും തന്റെ ദ്രാക്ഷാവാടിയിലെ അജയ്യ അജപാലനുമായ തിരുമേനിക്ക് കൈവന്നിരിക്കുന്ന ഈ മഹാഭാഗ്യത്തിൽ തന്റെ ആട്ടിൻ കൂട്ടത്തിൽപ്പെട്ടവരും പെടാത്തവരുമായ ഏവരും അവിടത്തോടൊപ്പം സന്തോഷിക്കുകയും അവിടത്തേക്ക് സർവ്വമംഗളങ്ങളും ഹൃദയാന്തരാനേരുകയും ചെയ്യുന്നു. അവിടത്തേക്കുവേണ്ടി ജഗദീശനോട് പ്രാർത്ഥിക്കുന്നുമുണ്ട്. നവജീവികയും ലക്ഷക്കണക്കിലുള്ള ഇതിലെ പൌരാവലിയോടൊന്നിച്ച് കൃതജ്ഞതാപൂർവ്വം തിരുമേനിക്ക് ഒരിക്കൽകൂടി മംഗളങ്ങളും ആശംസിച്ചുകൊണ്ട് ഈ വിനീതോപഹാരം തിരുമേനിയുടെ തൃപ്പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു. ഇനിയും കാലത്തികവിൽ മറ്റനേക ജൂബിലികളും ആഘോഷിക്കുന്നതിനും തിരുമേനിക്കു ദൈവം സംഗതിയാക്കട്ടെയെന്നു ഞങ്ങളും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

'Ad Multos Annos'





Rt. Rev. Mgr. Antony Puduchery, D. D., P. A.

VICAR GENERAL.



Very Rev. Dr. S. Chereath, J. U. D. (Rome)
CHANCELLOR,
President,
Bishop Alapatt Jubilee Celebration Committee.

ഉചിതസ്മാരകം.

(2)

———:o:———

(Rt. Rev. Mgr. P. Kakkaserry Ph. D., D. D.)

പ്രജാക്ഷേമൈകനിരതനും, പ്രഗത്ഭമതിയും, പതിതകാരുണികനുമായ തൃശ്ശൂർ മെത്രാൻ റൈറ്റ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട തിരുമനസ്സിലെ പൌരോഹിത്യ രജതജൂബിലി മഹാമഹം ശുഭതയിലങ്ങോളമിങ്ങോളം അഹമഹമികയാ ആഘോഷിച്ചു വരികയാണല്ലൊ. തത്സംബന്ധമായ ആഘോഷപരിപാടികളും കാലം കൂട്ടുവാൻ പോവുകയാണ് ഈ മാസം 23–ാംനു-. വിവിധങ്ങളും വിശിഷ്ടങ്ങളുമായ പല ജൂബിലി സ്മാരകങ്ങളും ഇതിനോടകം അവിടവിടെ ഉയർന്നു കഴിഞ്ഞു. അവയ്ക്കെല്ലാം നടുനായകമെന്നോണം തലയുയർത്തി നില്ക്കുന്നതു ജൂബിലിസ്മാരകാതുരാലയമാണ്. അതുതന്നെയാണ് ഏറ്റവും ഉചിതമായ ജൂബിലിസ്മാരകവും. ക്രിസ്തുനാഥനു ഇതിലും സംപ്രീതി ജനകമായ, ക്രിസ്തീയ ചൈതന്യത്തിനു ഇതിലും അനുഗുണമായ, ക്രൈസ്തവ സഭയുടെ പരിപാവനപാരമ്പര്യത്തിനു ഇതിലും അനുയോജ്യമായ ശുപാതാ പിതാവിന്റെ സ്ഥാനത്തിനു ഇതിലും ഇണങ്ങിയതായ, അവിടത്തെ പൈതൃകഹൃദയത്തിനു ഇതിലും കളർമയരുള്ളതായ, അഗതികളും ആലംബഹീനരുമായ രോഗാതുരർക്ക് ഇതിലും ആശ്വാസസംഭായകമായ, അധുനികലോകത്തിനു ഇതിലും സ്വാഗതാർഹമായ വേറൊരു സ്മാരകമോ സ്ഥാപനമോ കണ്ടെത്തുവാൻ സാദ്ധ്യമല്ല.



ക്രിസ്തുവിന്റെ ജീവിത സംഗ്രഹം സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്നതു ഏവർക്കും സുപരിചിതമാണ്. നന്മവിതച്ചുകൊണ്ടു അവിടുന്നു ചുറ്റിസഞ്ചരിച്ചു. പാപത്തിന്റേയും അജ്ഞതയുടേയും കുരിശുകളിൽ തപ്പിത്തിരിഞ്ഞിരുന്ന നിർഭാഗ്യവാന്മാർക്കു സനാതന സൌഭാഗ്യത്തിലേക്കുള്ള നേർവഴി ചൂണ്ടിക്കാണിക്കുക മാത്രമല്ല അവിടുന്നു ചെയ്തിരുന്നതു. അഗതികളായ അനവധി രോഗപീഡിതർക്കു അത്ഭുതകരമായി രോഗശമനം നല്കുവാൻ അവിടുന്നു കനിഞ്ഞരുളി. കുഷ്ഠരോഗികളേയും തളർവാതക്ലേശിതരേയും ജ്വരബാധിതരേയും അന്ധരേയും മൂടന്തരേയും മറ്റും മറ്റും അവിടുന്നു യോചൂവ്വും ഔസൌഖ്യപ്പെടുത്തി. അനാഥരും അവശരുമായ ആതുരരോട് ക്രിസ്തുവിനുണ്ടായിരുന്ന അനുകമ്പയുടേയും അനുഗ്രഹബുദ്ധിയുടേയും ഹൃദയസ്പർശങ്ങളായ ഉദാഹരണങ്ങളും സുവിശേഷങ്ങളിൽ ഉടനീളം തെളിഞ്ഞു കാണാം. രണ്ടു പ്രാവശ്യം മാത്രമേ ദിവ്യനാഥൻ ചുറ്റും കൂടിയിരുന്ന പാവങ്ങളുടെ വിശപ്പടക്കുന്നതിൽ ശ്രദ്ധിച്ചതായി കാണുന്നുള്ളൂ. എന്നാൽ നിസ്സഹരും നിസ്സഹായരുമായ രോഗികളുടെ മേൽ അനുഗ്രഹവർഷം ചൊരിയുവാൻ അവിടുന്നു സദാസന്നദ്ധനായിരുന്നു. 'ദാരിദ്ര്യമെന്നുള്ളതറിഞ്ഞവർക്കേ പാരിൽ പരക്ലേശവിവേകമുള്ളൂ.' കവി പാടുന്നതിനുമുമ്പുതന്നെ നമുക്കും ബോദ്ധ്യമാണതു. ദാരിദ്ര്യപീഡകളും അസഹ്യം തന്നെ. അതോടൊപ്പം രോഗാദിഷ്ടതകളുംകൂടിച്ചേർന്നാലോ? കാരുണ്യക്കടലായ ക്രിസ്തുവിന്റെ ഹൃദയം അഗതികളായ രോഗികളെ കണ്ടമാത്രയിൽ അലിഞ്ഞുപോയെങ്കിൽ എന്താണത്ഭുതം! നിരാലംബരായ ദീനജനങ്ങൾക്കു നാം സാദരം ചെയ്തുകൊടുക്കുന്ന ഏതു നിസ്സാരസേവനവും തനിക്കുതന്നെ ചെയ്യപ്പെട്ടതായി ഈശോ

നാഥൻ പരിഗണിക്കും; അതനുസരിച്ചു നിത്യ സമ്മാനം നല്കുകയും ചെയ്യും. പോരേ പ്രോത്സാഹനം, അവിടത്തെ ആ മഹനീയ മാതൃകയെ ആക്കം താല്പര്യപൂർവ്വം അനുകരിക്കുവാൻ!

ക്രിസ്തുവിൻറേയും തൽപ്രവർത്തനങ്ങളുടേയും തുടർച്ചയാണല്ലൊ കത്തോലിക്ക സഭ. തിരുസഭയും അവളുടെ ദിവ്യസ്ഥാപകൻറെ ഉൽകൃഷ്ട മാതൃകയെ നിഷ്ഠാപൂർവ്വം അനുധാവനം ചെയ്തുകൊണ്ടു ആദ്യം തൊട്ടിന്നോളം ആതുര ശുശ്രൂഷയിൽ അങ്ങേ അറ്റം ജാഗരൂകയാണ്. ക്രിസ്തുബ്ദം ആദ്യ നൂറ്റാണ്ടുകളിൽ തുടങ്ങി ക്രിസ്തുമതം പ്രചരിച്ച ഭൂവിഭാഗങ്ങളിലെല്ലാം, ക്രൈസ്തവ സഭയുടെ സംപൂജാഭിമുഖ്യത്തിൽ ഉദയം ചെയ്തിട്ടുള്ള അനാഥശാലകളും, അഗതിമന്ദിരങ്ങളും, ധർമ്മാസ്പത്രികളും, കുഷ്ഠരോഗാതുരാലയങ്ങളും എന്നിങ്ങനെയുള്ള ജീവകാരുണ്യപരമായ പ്രവർത്തന കേന്ദ്രങ്ങളുടെ കണക്കുണ്ടോ? തത്പ്രേരണ ആളുകൊണ്ടും അർത്ഥംകൊണ്ടും കത്തോലിക്ക സഭാമാതാവു ക്ലേശാധീനമായ മാനവസമുദായത്തിനു ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നതുമായ നിസ്വാർത്ഥവും നിസ്തുലവുമായ വീരസേവനങ്ങളെ ശരിയ്ക്കു വിലയിരുത്തുവാൻ ആർക്കാണു സാധിക്കുക! ക്രിസ്തുമതത്തിൻറെ ദിവ്യമായ ചേതനയുടെ പ്രതീകങ്ങളായും, ക്രൈസ്തവസഭയുടെ അഭിമാനസ്തംഭങ്ങളായും, ക്രിസ്തീയ സ്നേഹത്തിൻറെ സജീവോദാഹരണങ്ങളായും അവ എന്നുമെന്നും പരിലസിക്കും. മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പു വി. ജോസഫ് കോത്തെലെങ്കൊ ഇറ്റലിയിലെ ട്യൂറിൻനഗരത്തിൽ സമാരംഭിച്ച ദൈവപരിപാലന ഭവനം എന്ന ഭുവനപ്രസിദ്ധമായ ആതുര സങ്കേതത്തെക്കുറിച്ചു കേൾക്കാത്തവരുണ്ടോ? ഇതൊന്നുമതി കത്തോലിക്ക സഭയ്ക്കും, ക. ജനതതിയ്ക്കും ആലംബഹീനരും അഗതികളുമായ ആതുര സഞ്ചയത്തെ സഹായിക്കയും സംരക്ഷിക്കയും ചെയ്യുന്ന വിഷയത്തിലുള്ള വിസ്മയാവഹമായ അഭിനിവേശം ലോകസമക്ഷം ഉച്ചത്തിൽ ഉൽഘോഷിക്കുവാൻ. പതിനായിരത്തോളം പാവപ്പെട്ട രോഗഗ്രസ്തർക്കാണ് ആ ധർമ്മാസ്പത്രി അനുദിനം അഭയം നല്കിക്കൊണ്ടിരിയ്ക്കുന്നതു; അവരുടെ സകല ആവശ്യങ്ങളും സൌജന്യമായി നിവർത്തിച്ചു വരുന്നതു്. പ്രസ്തുത സ്ഥാപനത്തിൻറെ ഗാംഭീര്യവും, അതു നിർവ്വഹിച്ചുവരുന്ന സ്നേഹാത്മകമായ മഹാ സേവനത്തിൻറെ വൈപുല്യവും ഊഹിക്കാമല്ലൊ. എന്നാൽ ഒരൊറ്റ പൈപോലും മൂലധനം കൂടാതെയാണ് അതു ഇന്നോളവും നിലനില്ക്കുകയും പുലരുകയും ചെയ്തിട്ടുള്ളതെന്നോർക്കണം. ഈശ്വരപരിപാലനയും പൊതുജനങ്ങളുടെ ദീനാനുകമ്പയുമാണ് അതിൻറെ ഏകാവലംബം. അവിടെ അവർക്കു അതു സാദ്ധ്യമാണെങ്കിൽ, ഇവിടെ നമുക്കും അതു സാദ്ധ്യമല്ലെന്നു വരുമോ? നാമും ക്രിസ്തീയ ചൈതന്യത്തിലും ദീനാനുകമ്പയിലും പരോപകാരതീക്ഷ്ണതയിലും ഒട്ടും പിന്നോക്കമല്ലെന്നു ലോകസമക്ഷം വിളംബരം ചെയ്യുവാൻ പോന്നവയായി "ജൂബിലി മെമ്മോറിയൽ പൂവർ ഹോസ്പിറ്റൽ" പോലുള്ള ആതുര സങ്കേതങ്ങളും എണ്ണത്തിലും വണ്ണത്തിലും വർദ്ധിക്കുകയും വളരുകയും ചെയ്യേണ്ടതു ഇന്നത്തെ ഒരടിയന്തിരാവശ്യമാണ്.

ഒരു തത്വജ്ഞൻ പറയുകയുണ്ടായി, ഭാവിതലമുറകളും കൃതജ്ഞതാപൂർവ്വം ഓർക്കുവാൻ പോന്ന എന്തെങ്കിലും താൻ ചെയ്തിട്ടുണ്ടെങ്കിൽ, അതു തന്നെയാണു തൻറെ ഏറ്റവും വലിയ സ്മാരകം എന്നു. വരും പുരുഷാന്തരങ്ങളും നന്ദിയോടുകൂടി സ്മരിച്ചഭിനന്ദിക്കുമെന്ന ഒരു പ്രവൃത്തിയല്ല, പ്രത്യുത സജ്ജനങ്ങളേവരും അകമഴിഞ്ഞാശീർവ്വദിക്കുമെന്നുള്ള വിശിഷ്ടസേവനപരമ്പരകളുടെ ഒരക്ഷയനിലയനമാണ് അഭിവന്ദ്യനും ദീനബന്ധുവുമായ തൃപ്പാദ്ധ്യക്ഷൻ തിരുമേനിയുടെ ജൂബിലി സ്മാരകമായി വിളങ്ങിത്തിളങ്ങുവാൻ പോകുന്നതു. ഇതിൽ അവിടത്തേക്കെന്നപോലെ അവിടത്തെ അദ്ധ്യാത്മ പ്രജകൾക്കും ജനസാമാന്യത്തിനും അപാരമായ ആഹ്ലാദത്തിനും ചാരിതാർത്ഥ്യത്തിനും ധാരാളം അവകാശമുണ്ട്.

കമ്മ്യൂനിസ്റ്റുകാരെ സ്നേഹിക്കണം.

—(എൽ. ജെ. ചിറ്റൂർ Ph. D., D. D.)—

കമ്മ്യൂനിസവും സോഷ്യലിസവും സ്വീകരിച്ചു പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നവർ കത്തോലിക്കസഭയെ അവരുടെ പരമശത്രുവായി കരുതിവരുന്നുണ്ട്. റഷ്യ കമ്മ്യൂണിസം സ്വീകരിച്ചതിന്റെ ഫലമായി 1918—19 ഈ രണ്ടു വർഷങ്ങളിൽ മുപ്പതു മെത്രാന്മാരേയും 1914 വൈദികരേയും നിഗ്രഹിച്ചതായി അവരുടെ ഔദ്യോഗികപ്രസ്താവനകളിൽതന്നെയുണ്ട്. എന്നാൽ അവിടത്തെ രഹസ്യപ്പോലീസിന്റെ റിക്കാർട്ടുകളം അനുസരിച്ച്, 2691 വൈദികരേയും, 1962 സന്ന്യാസിമാരേയും, 3447 കന്യകാമണികളെയും അവർ വധിച്ചിട്ടുണ്ട്. എത്രയോ ദേവാലയങ്ങളും അവർ ഫാക്ടറികളായും സൈന്യകേന്ദ്രങ്ങളായും മാറ്റിയിട്ടുണ്ട്? ഇന്നു് ഇരുമൂന്നുമറയുള്ളിൽ നടക്കുന്ന സംഭവഗതികളും വ്യത്യസ്തങ്ങളല്ല. എന്നിരുന്നാലും കത്തോലിക്കർ കമ്മ്യൂനിസ്റ്റുകാരെ സ്നേഹിക്കണം.

മാർഷൽ സ്റ്റാലിൻ മരിച്ചപ്പോഴും മാപ്പാപ്പാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിച്ചുവെന്ന വാർത്ത പ്രസിദ്ധംചെയ്തിരുന്നു. പലരും, കത്തോലിക്കർതന്നെയും വിസ്മയത്തോടുകൂടിയാണിതു വായിച്ചതു്. പക്ഷേ, 1939 മുതൽ എല്ലാദിവസവും കുബ്ബാന കഴിഞ്ഞു കത്തോലിക്കാ ദേവാലയങ്ങളിൽ പുരോഹിതനും ജനങ്ങളും ഒരുമിച്ചുചേർന്ന് റഷ്യക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന കാര്യം ഇവർ വിസ്മരിച്ചിരിക്കാം. ലാറൻസ് സന്ധിമൂലം വന്നിക്കാനും ഇറാലിയും തമ്മിൽ സൗഹാർദ്ദതയിലായശേഷം, കുബ്ബാന കഴിഞ്ഞുള്ള പ്രാർത്ഥന ഈ നിയോഗത്തിന്നായി പ. പിതാവു് പതിനൊന്നാം പീയൂസ് തിരുമേനി സമർപ്പിക്കയാണുണ്ടായതു്. ഇപ്പോഴത്തെ മാപ്പാപ്പാതിരുമേനിയും, റഷ്യയെ പ. ക. മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചുകൊണ്ട് റഷ്യയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ലോകത്തോടഭ്യർത്ഥിക്കുന്നു. കമ്മ്യൂനിസ്റ്റുകാർ സഭയിൽനിന്നു നിഷ്കാസനം ചെയ്യപ്പെട്ടവരുന്നു. തന്നിമിത്തം, ഔദ്യോഗികമായ പരസ്യപ്രാർത്ഥന അവരുടെ മാനസാന്തരത്തിനുവേണ്ടി മാത്രമേ നടത്തുകയുള്ളൂ. അവർ മരിക്കുന്നെങ്കിൽ മരിച്ചവർക്കുവേണ്ടി രഹസ്യപ്രാർത്ഥന നടത്തുന്നതിനെ സഭ മുടക്കുന്നില്ല. പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. ഈ വിധത്തിലാണു സ്റ്റാലിന്റെ മരണാനന്തരം പ. പിതാവു് പ്രാർത്ഥിച്ചതു്:—

പാപിയും പാപവും തമ്മിലുള്ള അന്തരം സഭയെപ്പോഴും കാര്യമായി പരിഗണിക്കുന്നു. പാപത്തെ വെറുക്കുകയും അതില്ലാതാക്കുവാൻ പരിശ്രമിക്കയും ചെയ്യുന്നു. എന്നാൽ പാപിയെ ഒരിക്കലും വെറുക്കുന്നില്ല. ക്രിസ്തുവിനെ അറിയുകയില്ലെന്നുപറഞ്ഞുപേക്ഷിച്ച പത്രോസിനെ കരുണാകടാക്ഷത്താൽ മാനസാന്തരപ്പെടുത്തി; മറിയംമഗ്ദലേന അനുതപിച്ചു് അവിടുത്തെ പാദത്തിങ്കൽ വീണപ്പോൾ അവളുടെ പാപം മോചിച്ചു് അവളെ സമാധാനത്തിൽ പറഞ്ഞയച്ചു; ഇതായിരുന്നു ക്രിസ്തുവിന്റെ പരിപാടി. ഇതുതന്നെയാണ് സഭയുടെ മാതൃക. ദൈവവിശ്വാസം നശിപ്പിക്കുവാനും സന്മാർഗ്ഗനടപടികളം ഇല്ലാതാക്കുവാനും പരിശ്രമിക്കുന്ന കമ്മ്യൂനിസ്റ്റു പ്രവർത്തനങ്ങളെ സഭ വെറുക്കുന്നു; അവയ്ക്കെതിരായി പോരാടുന്നു. എന്നാൽ ഈ സിദ്ധാന്തങ്ങളം സ്വീകരിച്ചിരിക്കുന്ന ജനങ്ങളെ വെറുക്കുന്നില്ല. അവരുടെ നന്മയെ ആഗ്രഹിക്കുന്നു. അവരെ മാനസാന്തരപ്പെടുത്തുന്നതിനു പരിശ്രമിക്കുന്നു. നമ്മുടെ അറിവിലും പരിചയത്തിലും പെടുന്ന കമ്മ്യൂനിസ്റ്റുകാരെയും നമുക്കു സ്നേഹിക്കാം. അവർക്കു നന്മചെയ്തു് അവരുടെ ഹൃദയത്തെ നേടാം.

ശവരിയാർ പുണ്യവാന്റെ വേദോപദേശക്ലാസ്സുകൾ.

—: റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി. :—

ശവരിയാർപുണ്യവാന്റെ ചരമത്തിന്റെ ചതുർശതാബ്ദജൂബിലി ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പുണ്യവാനെ അനുകരിക്കുവാൻ എന്തു ചെയ്യണമെന്നു ചോദിച്ചാൽ ഞാൻ ഉത്തരം പറയുക ശരിയായി വേദോപദേശം പഠിപ്പിക്കുവിൻ, പഠിപ്പിക്കുവിനെന്നാണ്. ഇന്നു നമ്മുടെ വേദോപദേശക്ലാസ്സുകൾ അല്പം ബോറാകുന്നില്ലെയെന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. വേദാദ്ധ്യാപകർ ആ വിഷയം കൈകാര്യം ചെയ്യുവാൻ ഭാഷയോ ഭൂമിശാസ്ത്രമോ പഠിപ്പിക്കുവാൻ വഹിക്കുന്നിടത്തോളം ത്യാഗം അനുഷ്ഠിക്കുകയോ അതുകണ്ട് ഒരുങ്ങുകയോ ചെയ്യുന്നില്ല. മതപഠനകാര്യത്തിലുള്ള അലസതയ്ക്ക് ഒന്നാം സ്ഥാനം സമ്പാദിച്ചിട്ടുള്ള ആധുനികകാലത്തെ യുവാക്കളുടെ മുമ്പിലാണ് ശ്രേഷ്ഠമായിത്തോന്നുന്ന വേദോപദേശപാഠങ്ങൾ നിർജ്ജീവമായി വേദാദ്ധ്യാപകർ നിരത്തിവെക്കുന്നത്. ഇവക്കെല്ലാം ശവരിയാർ പുണ്യവാന്റെ വേദോപദേശപദ്ധതി തെല്ലൊരു ഉത്തേജനമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു.




തമിഴഭാഷാപ്രവിശ്യകളായിരുന്ന പുണ്യവാന്റെ ഒരു പ്രധാന പ്രവർത്തനരംഗം. തമിഴിലാകട്ടെ ഇതിനകം ഒരു വേദോപദേശഗ്രന്ഥം പോലും ഇല്ലാതിരുന്നതിനാൽ ജനങ്ങൾക്കു വേദാദ്ധ്യയനം ചെയ്യുവാൻ മാർഗ്ഗമില്ലായിരുന്നു. ഇതു ശരിയായി മനസ്സിലാക്കിയ ശവരിയാർ പുണ്യവാൻ പ്രഥമമായി ചെയ്തതു ചെറിയ വേദോപദേശത്തിന്റെ ഒരു തമിഴപരിഭാഷ തയ്യാറാക്കുകയെന്നതായിരുന്നു. ദ്വിഭാഷാവിദഗ്ധരായ പണ്ഡിതരുടെ സഹായത്തോടുകൂടി പുസ്തകം തയ്യാറാക്കുകയും അതിന്റെ പല പ്രതികളും സഹോദരമിഷനറിമാർക്കു നല്കുകയും ചെയ്തു. ഫ്രാൻസീസ് മാൻസിയാസ് എന്നൊരു പോർത്തുഗീസുകാരൻ ഉപയോഗിച്ചിരുന്ന പ്രതിയിൽ, "വിശ്വസിക്കുന്നേൻ" എന്നതിനുപകരം "എനിക്കു വേണം" എന്നാണ് എഴുതിയിരുന്നതു്. 1544-ൽ മാർസിയാസിനു് എഴുതിയ ഒരു കത്തിൽ പുണ്യവാൻ ആവശ്യപ്പെട്ടിരിക്കുന്നു, "എനിക്കു വേണം" എന്നതിനുപകരം "എനിക്കു വിശ്വാസം" അഥവാ "എനിക്കു വിശ്വാസം" എന്നു തിരുത്തണമെന്നു്. ഈദൃശങ്ങളായ മറ്റു ഭേദഗതികളും പുണ്യവാൻ നിർദ്ദേശിച്ചിട്ടുള്ളതായി അദ്ദേഹത്തിന്റെ എഴുത്തുകളിൽനിന്നു വ്യക്തമാകുന്നുണ്ടു്.

പുണ്യവാൻ സ്വീകരിച്ചിരുന്ന വേദാദ്ധ്യയനരീതി 1543-ൽ റോമയിലേക്കു് അയച്ച ഒരു കത്തിൽനിന്നു പരിഭാഷപ്പെടുത്തി കീഴെ ചേർക്കുന്നു: "ഞാൻ ഇതു (വേദോപദേശത്തിന്റെ തമിഴപരിഭാഷ) മനഃപാഠമാക്കിയതിനുശേഷം സമുദ്രതീരങ്ങളിലുള്ള ഗ്രാമങ്ങളിൽ മൂന്നിനടന്നു. ഒരു കൈമണിയടിച്ചു കഴിയുന്നിടത്തോളം കുട്ടികളെ എന്റെ പക്കലേക്കു ഞാൻ വിളിക്കും. ദിവസത്തിൽ ഇങ്ങനെ രണ്ടു പ്രാവശ്യം ഇവരെ വിളിച്ചുകൂട്ടി വേദോപദേശം പഠിപ്പിച്ചിരുന്നു. ഒരു മാസംകൊണ്ടു കുട്ടികളെ



ജ്ഞാബിലോനിയൻ തിരുമനസ്സിലെ വത്സലമാതാവ്.



ജ്ഞബിലേറിയൻ തിരുമേനിയുടെ എടവക പള്ളി.



എടവക പള്ളിയിലെ ബലിപീഠം.

ല്ലാം ഇതു മനഃപാഠമാക്കി. അതേസമയം അവരോട് ഞാൻ ആവർത്തിച്ചു പറഞ്ഞിരുന്ന അവർ പഠിച്ചതെല്ലാം മാതാപിതാക്കന്മാരെയും മറ്റു കുടുംബാംഗങ്ങളേയും അയല്പക്കാരെയും അഭ്യസിപ്പിക്കണമെന്നു്.


"ഞായറാഴ്ചതോറും എല്ലാവരേയും, പുരുഷന്മാരെയും സ്ത്രീകളേയും ബാലന്മാരേയും ബാലികമാരേയും പള്ളിയിൽ വിളിച്ചുകൂട്ടിയിരുന്നു. പഠിക്കുവാനുള്ള ഔത്സുക്യത്തോടും ഒരുക്കത്തോടുംകൂടെയാണു് അവർ വന്നിരുന്നതു്. ആദ്യമായി അവർ കേൾക്കത്തക്കവിധം പിതാവും പുത്രനും പിന്നീടു് അവരുടെ ഭാഷയിൽ ആകാശങ്ങളിലിരിക്കുന്ന നമസ്കാരവും നന്മനിറഞ്ഞമറിയവും വിശ്വാസപ്രമാണവും ചൊല്ലും. അവർ അതേ വാക്കുകളിൽത്തന്നെ അവ ആവർത്തിക്കും. ഇതു് അവർക്കു് എത്രയും ആനന്ദപ്രദമായിരുന്നു. അനന്തരം വിശ്വാസപ്രമാണത്തിന്റെ ഓരോ വിഭാഗവും പ്രത്യേകമെടുത്തു വിവരിച്ചതിനുശേഷം അവരോടു ചോദിക്കും, ആ വകുപ്പു് ഉറപ്പായി വിശ്വസിക്കുന്നുവോയെന്നു്. എല്ലാവരും കൈകൂപ്പിപ്പിടിച്ചു് ഉയർന്ന സ്വരത്തിൽ തങ്ങൾ ഏറ്റവും വിശ്വസിക്കുന്നുവെന്നു പറയും. മറ്റു പ്രാർത്ഥനകളേക്കാൾ കൂടുതലായി അവരെക്കൊണ്ടു ചൊല്ലിച്ചിരുന്നതു വിശ്വാസപ്രമാണമാണു്. എന്നിട്ടു ഞാൻ അവരോടു പറയും. ഇവയെല്ലാം വിശ്വസിക്കുന്നവരെ ക്രിസ്ത്യാനികളെന്നു വിളിക്കുന്നുവെന്നു്. വിശ്വാസപ്രമാണം വിവരിച്ചുകൊടുത്തതിനുശേഷം വേദപ്രമാണങ്ങളാണു് പഠിപ്പിക്കുന്നതു്. ഈ പത്തുപ്രമാണങ്ങളാണു ക്രിസ്ത്യൻ നിയമാവലിയെന്നും ഇവ അനുസരിക്കുന്നവരാണു് സത്യക്രിസ്ത്യാനികളെന്നും അവർക്കു നിത്യരക്ഷയെപ്പറ്റി സംശയിക്കാനില്ലെന്നും ഇവ അനുസരിക്കാത്തവർ ചീത്ത ക്രിസ്ത്യാനികളാണെന്നും അവർ തങ്ങളുടെ തെറ്റുകളോർത്തു് അനുതപിക്കാത്തപക്ഷം നരകത്തിൽ പോകുമെന്നും ഞാൻ പഠിപ്പിക്കും. ക്രിസ്ത്യൻ നിയമത്തിന്റെ പരിപാവനതയും നിയമങ്ങളുടെ പൊരുത്തവും നിയമങ്ങളും യുക്തിയും തമ്മിലുള്ള യോജിപ്പും കണ്ടു ക്രിസ്ത്യാനികളും ക്രിസ്തേതരരും വിസ്മയസ്തബ്ധരാകാറുണ്ടു്. പിന്നീടു് "ആകാശങ്ങളിലിരിക്കുന്ന" ജപം "നന്മനിറഞ്ഞമറിയം" മുതലായ പ്രാർത്ഥനകളും ഞാൻ ചൊല്ലുകയും അവർ എന്റെ കൂടെ ചേർന്നു ചൊല്ലുകയും ചെയ്യുന്നു. വിശ്വാസപ്രമാണത്തിന്റെ ഓരോ വകുപ്പും കഴിയുമ്പോഴും "ആകാശങ്ങളിലിരിക്കുന്ന" നമസ്കാരവും "നന്മനിറഞ്ഞ മറിയ"വും ഒരു ഗാനവും ചൊല്ലുന്നു. ഒന്നാമത്തെ വകുപ്പു കഴിയുമ്പോഴും അവരുടെ ഭാഷയിൽ ഞാൻ ഇപ്രകാരം പാടുന്നു: "സജീവസർവ്വേശ്വരന്റെ സുതനായ ഈശോ, അങ്ങു പഠിപ്പിച്ച വിശ്വാസപ്രമാണത്തിലെ ഈ ഒന്നാമത്തെ വകുപ്പു് ഉറച്ചു വിശ്വസിക്കുന്നതിനു ഞങ്ങൾക്കു് അനുഗ്രഹം നല്കണമെ. ഈ അനുഗ്രഹം ലഭിക്കുന്നതിനായി അങ്ങുതന്നെ പഠിപ്പിച്ച ഈ ജപം ഞങ്ങൾ അങ്ങേക്കു കാഴ്ചവെയ്ക്കുന്നു." രണ്ടാമതായി ഒരു പേക്ഷയുംകൂടെ ചേർത്തു ചൊല്ലുന്നു. "പരിശുദ്ധ മറിയമേ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹായുടെ അമ്മേ, ക്രിസ്തീയവിശ്വാസത്തിലെ ഈ വകുപ്പു സന്ദേഹംകൂടാതെ വിശ്വസിക്കുന്നതിനുള്ള വരം അങ്ങയുടെ എത്രയും മാധുര്യമുള്ള മകനിൽനിന്നു വാങ്ങിത്തരണമെ." ശേഷമുള്ള പതിനൊന്നു വകുപ്പിനും ഇതേവിധംതന്നെ ചെയ്യുന്നു.

"പ്രമാണങ്ങളും പഠിപ്പിച്ചിരുന്നതു കീഴെ വിവരിക്കുമ്പോലെയാണു്. ദൈവത്തെ സ്നേഹിക്കുവാൻ ആജ്ഞാപിക്കുന്ന പ്രഥമ പ്രമാണം ഗാനമായി ആലപിച്ചശേഷം ഇപ്രകാരം ഞങ്ങൾ അപേക്ഷിക്കുന്നു. "സജീവസർവ്വേശ്വരന്റെ സുതനായ യേശുമിശിഹായെ, സമസ്തവസ്തുക്കളേക്കാളുമുപരിയായി അങ്ങയെ സ്നേഹിക്കുവാൻ വരമരുളേണമെ." അനന്തരം ഈ നിയോഗത്തിനായി 'ആകാശങ്ങളിലിരിക്കുന്ന' നമസ്കാരം ചൊല്ലിയതിനുശേഷം എല്ലാവരുംകൂടി പാടുന്നു. 'പരിശുദ്ധ മറിയമെ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹായുടെ അമ്മേ, അവിടുത്തെ പ്രഥമ പ്രമാണം പൂർണ്ണമായി ആചരിക്കുന്നതിനു വേണ്ട വരം അങ്ങയുടെ മകനിൽനിന്നു വാങ്ങിത്തരണമെ.' പിന്നീടു് നന്മനിറഞ്ഞമറിയം

ചൊല്ലുന്നു. വേണ്ട ഭേദഗതികളോടുകൂടി ശേഷം ഒമ്പതു പ്രമാണങ്ങളും ഇതുപോലെതന്നെ ചൊല്ലിത്തീർക്കുന്നു. ഇങ്ങനെ തിരുസ്സഭയുടെ സാധാരണ ജപങ്ങളോടുകൂടി ഈദൃശമായ അനുഗ്രഹങ്ങളും അഭ്യർത്ഥിക്കുവാൻ ഞാൻ അവരെ ശീലിപ്പിക്കുന്നു. ഇവയെല്ലാം കിട്ടുകയാണെങ്കിൽ അവർക്ക് ആവശ്യമുള്ള മറ്റു കാര്യങ്ങളും സുലഭമായി ലഭിക്കുമെന്നും ഞാൻ അവരോടു പറയും. എല്ലാവരെക്കൊണ്ടും പ്രത്യേകിച്ചു മാമ്മോദീസാ മുങ്ങാനുള്ളവരെക്കൊണ്ട് 'ഞാൻ പിഴയാളി' എന്ന ജപവും ചൊല്ലിക്കും. ഇവർ വിശ്വാസപ്രമാണത്തിന്റെ ഓരോ വകുപ്പും ചൊല്ലിക്കഴിയുമ്പോൾ ഞാൻ അവരോടു ചോദിക്കും അവർ അതു് ഉറപ്പായി വിശ്വസിക്കുന്നുവോയെന്നു്. എല്ലാ വകുപ്പുകളും സ്വീകരിച്ചുവെന്നു പറയുമ്പോൾ ക്രിസ്തുമതത്തിന്റെ മറ്റു പ്രധാനവശങ്ങളും ആത്മരക്ഷയ്ക്കു് ആവശ്യമായ തത്ത്വങ്ങളും അവരുടെ ഭാഷയിൽ ഞാൻ വിവരിച്ചു പറയും. ഇങ്ങനെ എല്ലാ ഒരുക്കവും കഴിഞ്ഞവർക്കു ഞാൻ മാമ്മോദീസാ നൽകും. ദൈവമാതാവിന്റെ സഹായമഭ്യർത്ഥിക്കുവാൻ ഉപദേശക്ലാസ്സുകളുടെ അന്ത്യത്തിൽ 'രാജകന്യകേ' എന്ന ജപവും ചൊല്ലും.''

വേദപ്രചാരമദ്ധ്യസ്ഥനും മിഷനറിപ്രവീണനുമായ ഈ പുണ്യവാന്റെ വേദോപദേശക്ലാസ്സിന്റെ ഗതി കണ്ടോ? പ്രാർത്ഥനകൊണ്ടു് ആരംഭിക്കുന്നു. മുഷിച്ചൽ വരാതിരിക്കാൻ പാട്ടുണ്ടു. പഠിക്കുന്നവ വിശ്വസിക്കുവാനും വിശ്വസിക്കുന്ന കാര്യങ്ങളും പ്രവൃത്തിയിൽ വരുത്തുവാനുമായി പഠനത്തോടുകൂടെത്തന്നെ അപേക്ഷിക്കുന്നു. വേണ്ട വിശദീകരണങ്ങളും വേണ്ട സമയത്തു കൊടുക്കുന്നു. മനഃപാഠം പഠിപ്പിക്കുവാനും വേണ്ട നിഷ്കർഷ ചെയ്യുന്നു. ഈദൃശമായ വേദോപദേശക്ലാസ്സുകളാണ് ഇന്നു നമ്മുടെ ക്ലാസ്സുമുറികളിലും വേണ്ടതു്. അല്പം ശ്രദ്ധ പതിച്ചാൽ ഈ പദ്ധതി സ്വീകരിക്കുവാൻ അഗാധമായ പാണ്ഡിത്യമൊന്നും അദ്ധ്യാപകനു് ആവശ്യമില്ല. സന്മനസ്സു വേണം. ഹൃദയം പരിശുദ്ധമായിരിക്കണം, സർവ്വേശ്വരനു സകാര്യേണ പ്രതിഷ്ഠിതവുമാകണം. അത്തരം ''ശവരിയാർ'' അദ്ധ്യാപകന്മാരുടെ സംഖ്യ വർദ്ധിക്കുവാൻ ശവരിയാർപുണ്യവാന്റെ ചതുശ്ചതുർശതാബ്ദം ആഘോഷിച്ച ഈ അവസരത്തിൽ നമുക്കു പ്രാർത്ഥിക്കാം.


ഒരു കേരളസ്ത്രീ ഒരിക്കൽ ഭാഗ്യപ്പെട്ട പത്താംപീയൂസ് മാപ്പാപ്പയോടു ചോദിച്ചു തിരുസഭയ്ക്കുവേണ്ടി താൻ എന്തു ചെയ്യണമെന്നു്. പരിശുദ്ധപിതാവു പ്രശാന്തമായി പ്രത്യുത്തരിച്ചു ''വേദോപദേശം പഠിപ്പിക്കുക.'' ആ പരിശുദ്ധ പിതാവുതന്നെ പത്രോസിന്റെ സിംഹാസനത്തെ അലങ്കരിച്ചിരുന്നകാലത്തു കുട്ടികളെ വേദോപദേശം പഠിപ്പിക്കുവാൻ സമയസൗകര്യം കണ്ടിട്ടുണ്ടെന്നേ പറയുന്നു. ഒരിക്കൽ തിരുസഭാശത്രുകൂടിയായിരുന്ന നെപ്പോളിയൻ ഹെലനാദ്വീപിൽ കാരാഗൃഹവാസിയായി കഴിയുമ്പോൾ വേദോപദേശം പഠിപ്പിക്കുവാൻ താല്പര്യം പ്രകാശിപ്പിച്ചു. കുട്ടികൾ വേദോപദേശം പഠിക്കാഞ്ഞാൽ കൊച്ചുകള്ളന്മാരായിത്തീരുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഈദൃശമാതൃകകളുടെ മുമ്പു മലബാർ ക്രിസ്ത്യൻ അദ്ധ്യാപകന്മാരുടെ മതപഠനക്ലാസ്സോടുള്ള മനോഭാവം രേഖപ്പെടുത്തുകയാണെങ്കിൽ കത്തോലിക്കാസൈതന്യമുള്ള ആരാണ്ട വിലപിക്കാതിരിക്കുക?



കത്തോലിക്കാസഭയുടെ അവകാശവാദം.

—(ജി. സി. ടിലാർ)—

ഇതര മതസ്ഥരോട് സഹിഷ്ണുത പ്രദർശിപ്പിക്കാത്ത ഒരു സ്ഥാപനമാണ് കത്തോലിക്കാസഭ എന്നൊരു കുറ്റാരോപണം പരക്കെയുണ്ട്. ഒരുതരം ക്ഷമാശീലമാണ് സഹിഷ്ണുത. അതിൽ ആദരവ് അടങ്ങിയിരിക്കണമെന്നില്ല ക്ഷമാശീലത്തിൽ കത്തോലിക്കാ സഭയെ കവച്ചുവയ്ക്കുന്ന ഒരു സ്ഥാപനം ഭൂമുഖത്തില്ലതന്നെ. സഹിഷ്ണുതക്ക് ഉത്തമോദാഹരണമാണ് അവളുടെ സ്ഥാപകൻ. സാന്മാർഗ്ഗികമായി അധഃപതിച്ചിരുന്ന ലോകത്തിലെ ഏക വിപ്ലവകാരിയായിരുന്നു അവിടുന്ന്. അത്യുന്നതസ്ഥാനങ്ങളിൽ വിരാജിച്ചിരുന്നവരുടെ മുഖം നോക്കാതെ അവിടുന്നു സത്യം തുറന്നു പറഞ്ഞു. സത്യം കേൾക്കുവാൻ ഇഷ്ടമില്ലാത്ത വമ്പന്മാർ ക്രിസ്തുനാഥനെ കുഴിവിലേറ്റി കൊന്നുകളഞ്ഞു. പിന്നെയും അവർ പുലമ്പി ക്രിസ്തു അസഹിഷ്ണു ആയിരുന്നെന്ന്.



ക്രൈസ്തവസഭ വളരെ വിനീതമായി മുള്ളുപൊങ്ങി.

"കാട്ടിൽ ചരിക്കും കുറുക്കനുമുണ്ടു തൻ
പാട്ടിൽ കിടന്നൊന്നു വിശ്രമിപ്പാനിടം
അന്തരീക്ഷത്തിലെ പക്ഷികുലത്തിനും
സ്വന്തമായി കൂടുകളുണ്ടെടോ വേണ്ട പോൽ
എന്നാലുമില്ലിന്നു മാനുഷപുത്രനു
തൻ തല വച്ചൊന്നു വിശ്രമിപ്പാനിടം."

സഭാ സ്ഥാപകന്റെ ഒരു ചിത്രം ഇതു പറയുന്നുണ്ടു മുക്കുവന്മാർ അവിടുത്തെ സഹായികൾ. എന്നിട്ടും ക്രൈസ്തവസഭ അത്ഭുതകരമായി വളർന്നു. ലോകത്തിനു അതുവരെയും അരോചകമായിരുന്ന തത്വങ്ങളാണ് അവർ പ്രചരിപ്പിച്ചതു. ലോകം ഉണർന്നു. കാട്ടുമൃഗങ്ങൾ അവളുടെ നേരെ പാഞ്ഞെത്തി. വാളും കുന്തവും പന്തവുംകൊണ്ട് അവർ പിടിപ്പിക്കപ്പെട്ടു. പല നൂറ്റാണ്ടുകാലത്തേക്കായിരുന്നു അതിനിഷ്ഠുരമായ ആ മർദ്ദനങ്ങൾ. എന്നാലും ലോകം പറയുന്നു, ക്രൈസ്തവസഭ അസഹിഷ്ണു ആണെന്ന്. പീഡിപ്പിക്കുന്നവർ വിശാലമനസ്കരും പീഡനം ഏൽക്കുന്നവർ അസഹിഷ്ണുക്കളുമായി ചിത്രിക്കപ്പെടുന്നുവെങ്കിൽ അതു സഹതാപാർഹമായ ഒരു കലാസൃഷ്ടിയായി കരുതണം.

ലൗകികമായ യാതൊരു നേട്ടങ്ങൾക്കും വേണ്ടിയായിരുന്നില്ല സഭയുടെ സ്ഥാപനം. മനുഷ്യനെ പാരത്രികജീവിതത്തിനുവേണ്ടി ഒരുക്കുക — അതാണു സഭയുടെ പരമലക്ഷ്യം. യുദ്ധരംഗത്തേക്കു പോകേണ്ടവർ ആദ്യം സൈന്യത്തിൽ ചേർന്നു ചില പരിശീലനങ്ങൾ കഴിച്ചിരിക്കണമല്ലൊ. അതൊരു രാജ്യത്തിന്റെ നിയമമാണ്. അതിനെ ആരും ചോദ്യം ചെയ്യാറില്ല. അതുപോലെ സ്വർഗ്ഗരാജ്യത്തിനുവേണ്ടി ചില നിയമങ്ങളനുഷ്ഠിക്കുവാൻ രാജാധിരാജനായ ദൈവത്തിന് അധികാരമുണ്ടെന്നുള്ളതു വിസമ്മതിച്ചുകൂടാ. ഈശോ പറയുന്നു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങളും പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. വിശ്വസിക്കയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷ

പ്രാപിക്കും. വിശ്വസിക്കാത്തവൻ കുറക്കാരനായി വിധിക്കപ്പെടും.''

ദൈവമായ ഗുരു പഠിപ്പിച്ച സത്യങ്ങളും മുഴുവനായി വിശ്വസിക്കയും തദനുസാരം പ്രവർത്തിക്കയും ചെയ്യുന്ന ഒരു ശിഷ്യൻ കുറക്കാരനായിത്തീരുന്നതെങ്ങനെ എന്നറിഞ്ഞുകൂടാ. വി. മത്തായിയും മർക്കോസും ദിവ്യരക്ഷകന്റെ വാക്കുകളും സത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാണല്ലൊ നമ്മുടെ വിശ്വാസം. അതിനാൽ ദൈവത്തിന്റെ തന്നെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് കത്തോലിക്കാ സഭയുടെ അവകാശവാദം. അനേകം ശാസ്ത്രീയ ഗ്രന്ഥങ്ങളുടെ കർത്താവായ വി. സിപ്രിയാൻ 3–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. അദ്ദേഹമാണ് ''സഭയ്ക്കു പുറമേ രക്ഷയില്ല'' എന്ന തലവാചകത്തിൽ ആദ്യമായി ഒരു പ്രബന്ധമെഴുതിയത്. അനേകം യുക്തികളുംകൊണ്ടു പ്രകാശിപ്പിച്ചിരുന്ന ആ തത്വത്തെ നാലാം ലാറ്ററൻ തിരുസ്സംഘം അംഗീകരിക്കയും ചെയ്തു.

ക്രിസ്തുവിൽനിന്നും വേർപെട്ട ഒരു സഭയെപ്പറ്റി ചിന്തിക്കുന്നതുതന്നെ അസംഗതമാണ്. 'നിന്നെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിന്നെ നിരസിക്കുന്നവൻ എന്നെയും നിരസിക്കുന്നു'' എന്നരുളിച്ചെയ്തുകൊണ്ട് തിരുസ്സഭയ്ക്കും തനിക്കും തമ്മിലുള്ള ബന്ധത്തെ അവിടുന്ന് പ്രഖ്യാപനം ചെയ്തു. തിരുസ്സഭയിൽ അംഗമല്ലാത്തവൻ ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിന്റെ അംഗമാകുവാൻ സാദ്ധ്യമല്ല എന്നതത്രെയാണ് ഇതിൽനിന്നുള്ള അനുമാനം. ഉരുകൊണ്ടുതെ തിരുസ്സഭയെ വി. പത്രോസ് നോഹിന്റെ പെട്ടകത്തോടുപമിച്ചിരിക്കുന്നു. ജലപ്രളയത്തിൽ നോഹിന്റെ പെട്ടകത്തിൽ പ്രവേശനം ലഭിക്കാഞ്ഞ സകല ജീവജാലങ്ങളും നശിച്ചതുപോലെ തിരുസ്സഭയിൽ പ്രവേശിക്കാത്തവർ നാശമടയുമെന്നായിരുന്നു വി. പത്രോസിന്റെ പ്രസംഗം. ക്രിസ്തുവും തന്റെ സഭയും വഴിയായി അനാഗതക്കൈവന്ന രക്ഷയെപ്പറ്റി വി. പൗലോസ് സ്വലേഖനങ്ങളിലും പ്രഭാഷണങ്ങളിലും ഊന്നി ഊന്നി പറഞ്ഞിട്ടുണ്ട്. ''സഭയോട് ഒട്ടിനിൽക്കാത്തവൻ സ്വന്തജീവനെത്തന്നെ കവർന്നുകളയുന്നു'' എന്ന് വി. ഇരനേയൂസ് സമർത്ഥിച്ചിരിക്കുന്നു. ''സഭ മാതാവായി പരിണമിക്കാത്തവന് സാദ്ധ്യമല്ല ദൈവം പിതാവായിരിക്ക എന്നതു്.'' വി. സിപ്രിയാൻ തന്റെ ആശയത്തെ ഒന്നുകൂടി തറച്ചു പറഞ്ഞിരിക്കുന്നതു കണ്ടാലും.

1208 മൂന്നാം ഇന്നസന്റ് മാർപ്പാപ്പയുടെ ഭരണ കാലം. വാൽഡൻസ് സത്യമറിഞ്ഞു് കത്തോലിക്കാ സഭയെ ആശ്ലേഷിക്കുവാൻ സന്നദ്ധരായി. അവക്ക് ചൊല്ലുവാൻവേണ്ടി ഉണ്ടാക്കിയ വിശ്വാസ പ്രതിജ്ഞയിൽനിന്നും കത്തോലിക്കാ സഭയുടെ പാരമ്പര്യപ്രധാനം എന്താണെന്നു കാണാം. ''ഒരു സഭ, ഒരു സഭ മാത്രം; ഇടത്തുടിലുള്ളതല്ല, പിന്നെയോ വിശുദ്ധവും, കത്തോലിക്കവും, അപ്പസ്തോലികവുമായ റോമ്മാ സഭ മാത്രം എന്നും അവർക്കു പുറമേ രക്ഷയില്ല എന്നും ഞങ്ങൾ ഹൃദയത്തിൽ വിശ്വസിക്കയും അധരംകൊണ്ടു് ഏറ്റുപറയുകയും ചെയ്യുന്നു.'' തിരുസ്സഭയ്ക്കു പുറമേ രക്ഷ ലഭിക്കുമെന്നുള്ള വിശ്വാസം അപകടം നിറഞ്ഞ ഒരു മിഥ്യയായിട്ടാണ് 9–ാം പീയൂസ് മാപ്പാപ്പാ പരിഗണിച്ചതു്.

അതു് വിഷയത്തിന്റെ ഒരുവശം. മറ്റൊരുവശം ശേഷിക്കുന്നു. എല്ലാ മനുഷ്യരും രക്ഷപെടണമെന്നാണ് ദൈവത്തിന്റെ തിരുമനസ്സെന്ന് വി. പൗലോസ് പറഞ്ഞിട്ടുണ്ട്. രക്ഷപെടുന്നതിന് തിരുസ്സഭയിൽ പ്രവേശിക്ക എന്ന ഏക വഴിയേ ഉള്ളു എന്നതും തീച്ച. പക്ഷേ എപ്പോഴാണ് ഒരാൾക്കു സഭയിൽ പ്രവേശിക്കുന്നതിനുള്ള ചുമതല ഉണ്ടാകുന്നതു്? സത്യ ദൈവത്തെയും സത്യസഭയെയും പറ്റി വേണ്ട വിധത്തിൽ അറിയുമ്പോഴാം മാത്രം. സത്യദൈവത്തെപ്പറ്റിയും സത്യസഭയെപ്പറ്റിയും ഒരിക്കലും കേട്ടിട്ടില്ലാത്തവർ ലോകത്തിലുണ്ട്; കേൾക്കുവാൻ ഒരിക്കലും സൗകര്യം ലഭിക്കാത്തവരും ധാരാളമുണ്ട്. കേട്ടിട്ടും ബോദ്ധ്യമാവാത്തവരും കാണും. അവരാരും സ്വന്ത കുറ്റം കൊണ്ടല്ല സത്യസഭയിൽ പ്രവേശിക്കാത്തതു്. അവരെ എങ്ങനെ ദൈവം രക്ഷിക്കും എന്നൊരു പ്രശ്നം ഇവിടെ ഉദിക്കുന്നു.

പരേതരായ ശ്രേഷ്ഠാദ്ധ്യക്ഷന്മാർ.




RT. REV. DR. A. E. MEDLYCOT. 1887—1896.




RT. REV. DR. JOHN MENACHERY.
1896—1919.



RT. REV. DR. FRANCIS VAZHAPILLY.
1921—1942.



BISHOP'S HOUSEHOLD.
മെത്രാസന കച്ചേരി.
1952.



BISHOP'S HOUSE, TRICHUR.
തൃശ്ശൂർ മെത്രാസനമന്ദിരം.

17–ാം നൂറ്റാണ്ടിൽ 8–ാം അലക്സാണ്ടർ മാർപ്പാപ്പായുടെ കാലത്ത് അർനോൾഡ് ജാൻസൻ പറഞ്ഞ യഹൂദന്മാക്കും, ഇടത്തുട്ടുകാക്കും, ഇതര ക്രൈസ്തവ സഭാംഗങ്ങൾക്കും യാതൊരു വരപ്രസാദവും ദിവ്യരക്ഷകനിൽനിന്നും ലഭിക്കയില്ല എന്നു്. മാർപ്പാപ്പാ ഉടൻ ആ പ്രസ്താവനയെ നിരസിച്ച പുറം തള്ളിക്കളഞ്ഞു. 18–ാം നൂറ്റാണ്ടിൽ കെസ്നൽ (Quesnel) ആർനോൾഡിന്റെ അഭിപ്രായത്തെ പുനരുദ്ധരിക്കുവാൻ ശ്രമിക്കയുണ്ടായി. 11–ാം ക്ലമൻറ് പാപ്പാ Unigenitus എന്ന ബൂളവഴിയായി ഉടൻ അതിനെ എതിർത്തു. കത്തോലിക്കാ സഭയ്ക്കു പുറമേ രക്ഷയില്ല എന്ന ആശയത്തെ വളരെ മുറുക്കിപ്പിടിച്ചിരുന്ന 9–ാം പീയൂസ് മാർപ്പാപ്പായും ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: "നമ്മുടെ മതത്തെ സംബന്ധിച്ച് തീർത്തും അജ്ഞരായിരിക്കയും, നീതിയും നന്മയുംകൊണ്ടു നിറഞ്ഞ ഒരു ജീവിതം നയിക്കയും ചെയ്യുന്ന ആളുകൾക്കും ഒരു ദിവ്യപ്രകാശത്തിന്റെയും പ്രസാദവരത്തിന്റെയും പ്രവർത്തനംകൊണ്ട് നിത്യഭാഗ്യം പ്രാപിക്കാം. കാരണം, ഓരോ മനുഷ്യന്റെയും മനസ്സും, ഹൃദയവും, വിചാരങ്ങളും, ചാഞ്ചല്യങ്ങളും അറിയുന്ന ദൈവം, തന്റെ അനന്തമായ അനുഗ്രഹാധിക്യത്താൽ, കുറ്റമില്ലാത്തവരെ നിത്യ ശിക്ഷ അനുഭവിക്കുവാൻ അനുവദിക്കയില്ല."

സത്യമാണെന്നറിഞ്ഞിട്ടും അതിനെ നിഷേധിക്കുന്നവർ പരിശുദ്ധാത്മാവിനെതിരായി പാപം ചെയ്യുന്നവരാണ്. അവരുടെ നിലപാട് നീതീകരിക്കത്തക്കതല്ല. സത്യത്തെപ്പറ്റി ഒരിക്കലും കേട്ടിട്ടില്ലാത്ത ആളുകൾ ഉണ്ടെന്നു പറഞ്ഞുവല്ലൊ. ചില സമുദായക്കാരുടെ ഇടയിൽ സ്ത്രീകൾക്കു പുറത്തിറങ്ങി സഞ്ചരിക്കുവാനോ വിദ്യ അഭ്യസിക്കുവാനോ ഉള്ള സ്വാതന്ത്ര്യമില്ല. ജീവിതകാലം മുഴുവൻ ഒരുതരം ജയിൽ ജീവിതമാണ് അവർ നയിക്കുന്നതു്. നിഷ്ക്കളങ്കരും നിഷ്ക്കപടരുമായിരിക്കും അവരിൽ അനേകംപേർ. അവർ തീർച്ചയായും നിത്യരക്ഷ പ്രാപിക്കുമെന്നുതന്നെ നമുക്ക് അനുമാനിക്കാം. ദൈവാസ്തിക്യം, ദൈവപരിപാലന, പരിശുദ്ധത്രിത്വം, മനുഷ്യാവതാരം എന്ന നാലു മൗലിക സത്യങ്ങളും അവരും അറിഞ്ഞിരിക്കണമെന്നുണ്ട്. ദൈവം തന്റെ അനന്തകാരുണ്യത്താൽ ചില അസാധാരണ വഴികളിൽകൂടി അവരെ നിത്യരക്ഷയിലേക്ക് നയിക്കുമെന്നു് നമുക്കു വിശ്വസിക്കാം.


കേട്ടിട്ടും സത്യത്തെപ്പറ്റി അലസത ഭാവിക്കുന്നവരാണ് ഇന്നധികം. ദിവ്യരക്ഷകന്റെ മുമ്പിൽ പീലാത്തോസ് എന്നപോലെ. സത്യത്തിനുവേണ്ടി താൻ ജനിച്ചിരിക്കുന്നു എന്നു് ക്രിസ്തുനാഥൻ പീലാത്തോസിനോടു പറഞ്ഞപ്പോൾ പീലാത്തോസ് അല്പം ജിജ്ഞാസുവായി ചോദിച്ചു. "സത്യം എന്താണു്?" പക്ഷേ സത്യം അറിഞ്ഞാൽ തന്റെ ഉദ്യോഗത്തിനു് എന്തെങ്കിലും കോട്ടം തട്ടിയേക്കുമെന്നു ഭയന്നിട്ടായിരിക്കാം, അതിന്റെ മറുപടി കേൾക്കുവാൻ നിൽക്കാതെ അദ്ദേഹം പിന്തിരിഞ്ഞുകളഞ്ഞതു്. ഇതുപോലെ സത്യം എന്തെന്നറിഞ്ഞാൽ തങ്ങളുടെ സ്ഥാനത്തിനു് എന്തെങ്കിലും ഭംഗം വന്നേക്കുമെന്നു കരുതി പലരും സത്യത്തിന്റെ നേരേ കണ്ണടച്ചു കളയുന്നു. ലോകത്തിൽ ഒരു വലിയ പങ്ക് ആളുകളും ഈ വകുപ്പിലാണ്. ദൈവം ഇവരെ അത്ഭുതം പ്രവർത്തിച്ചു രക്ഷിക്കുമോ? അതു നാം ദൈവത്തിന്റെ നീതിക്കു വിട്ടുകളയണം.

കേട്ടിട്ടും ബോദ്ധ്യപ്പെടാത്ത ആളുകളുടെ സംഖ്യ ചുരുക്കമല്ല. സാവൂൾ മഹാപണ്ഡിതനായിരുന്നു. സത്യത്തോടു ബഹുമാനമുള്ളവനുമായിരുന്നു. ക്രിസ്തുമതത്തെക്കുറിച്ചു് അദ്ദേഹം കേൾക്കയുണ്ടായി. പക്ഷേ യഹൂദമതത്തെ അതിശയിക്കുന്ന ഒരു മതത്തെക്കുറിച്ചു ചിന്തിക്കുവാൻപോലും അദ്ദേഹത്തിനു കഴിഞ്ഞില്ല. പുതിയ മതസ്ഥരെ നിശ്ശേഷം നശിപ്പിക്കുന്നെങ്കിൽ അതു ദൈവത്തിനുവേണ്ടി ചെയ്യുന്ന ഏറ്റവും വലിയ സേവനമാണെന്നു് അദ്ദേഹം കരുതി. ക്രിസ്ത്യാനികളെ കൊന്നൊടുക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു. അതിനുള്ള അധികാരപത്രം വാങ്ങുന്നതിനുവേണ്ടി ഒരു കുതിരപ്പുറത്ത് അദ്ദേഹം ഡമാസ്ക്കസിലേക്കു യാത്രയായി.

യാത്രാവേളയിൽ ദൈവത്തിന്റെ അനുഗ്രഹം അത്ഭുതകരമായി അദ്ദേഹത്തിലേക്കു പ്രവഹിച്ചു, ജ്ഞാനദൃഷ്ടികളിൽനിന്നും അന്ധകാരം നീങ്ങി. അദ്ദേഹം ഉണർന്നതു് പൗലോസായിട്ടാണ്. അനേകം പേക്ക് വി. പൗലോസിനു ലഭിച്ചതു പോലെ പ്രത്യേകാനുഗ്രഹങ്ങളും ലഭിച്ചേക്കാം.

അവനവന്റെ സുദ്ധമായ മനസ്സാക്ഷിയനുസരിച്ച് നീതിനിഷ്ഠമായ ഒരു ജീവിതം നയിക്കുന്ന ഏവനും നിത്യരക്ഷ പ്രാപിക്കാമെങ്കിൽ ഓരോരുത്തനെയും അവനവന്റെ വിശ്വാസത്തിൽ വിട്ടുകളയുകയല്ലയോ നന്ന്? എന്നൊരു ചോദ്യമുണ്ടാകാം. അതായതു്, നാം എന്തിനു് സത്യവിശ്വാസത്തെപ്പറ്റി മറ്റുള്ളവരോടു പ്രസംഗിച്ച് അവരുടെ സ്ഥിതി കൂടുതൽ അപകടകരമാക്കുന്നു. മനുഷ്യകുലത്തെ രക്ഷിപ്പാനായി തിരുവവതാരം ചെയ്ത ദൈവപുത്രൻ മറ്റുള്ളവരോടു പ്രസംഗിക്കുവാൻ ഒരു കല്പന നൽകിയിരുന്നില്ലെങ്കിൽ നാം അതു ചെയ്യേണ്ടി വരുമായിരുന്നില്ല. തിരുവവതാരത്തിന്റെ ഫലം മുഴുവനും സഭ വഴിയായി മനുഷ്യക്കു ലഭിക്കണമെന്നാണു് ദൈവ പരിപാലനയിൽ നിശ്ചയിച്ചിരിക്കുന്നതു്. ദൃഢഗാത്രനായ ഒരാൾ നീന്തിയാലും വൈക്കത്തുനിന്നും എറണാകുളത്തു് എത്താം. എന്നാൽ ഏറ്റവും സുരക്ഷിതവും തീച്ചയുമുള്ള മാർഗ്ഗം ബോട്ടയാത്രയാണല്ലൊ. ബോട്ടിൽ സസുഖം യാത്ര ചെയ്യുന്നവക്ക് വെള്ളത്തിൽ നിന്നു വലഞ്ഞു കിടക്കുന്ന ഒരു സഹോദരന്റെ മേൽ അനുകമ്പയുണ്ടാകുകതന്നെ വേണം. അയാളെ ബോട്ടിൽ കയറ്റേണ്ടതു് അവരുടെ ഒരു ചുമതലതന്നെ. ഇനിയും ഒരു ചോദ്യം അവശേഷിക്കുന്നു. ബോട്ടിലുള്ളവരെല്ലാം തീച്ചയായും ലക്ഷ്യത്തിലെത്തുമോ എന്നു്. ബോട്ടിൽനിന്നും ചാടിക്കളയുന്നില്ലെങ്കിൽ ലക്ഷ്യത്തിലെത്തുമെന്നുതന്നെയാണു മറുപടി. അനീതി പ്രവർത്തിക്കുന്ന ഏവനും അദൃശ്യകരങ്ങളാൽ ബോട്ടിൽനിന്നും തള്ളപ്പെട്ടവൻതന്നെ.

ലോകത്തിൽ അനേകം മതങ്ങളും ഉണ്ടെങ്കിലും ദൈവസ്ഥാപിതമായ സത്യമതം താൻ മാത്രമാണെന്നു് കത്തോലിക്കാസഭ മാത്രമേ അവകാശവാദം പുറപ്പെടുവിക്കുന്നുള്ളൂ. അക്കാരണത്താൽ ഇതരമതസ്ഥർക്കെല്ലാം കത്തോലിക്കാസഭയോടു വിദ്വേഷമുണ്ടു്. എന്നാൽ അവളാകട്ടെ യാതൊരുത്തരോടും വിദ്വേഷം പുലർത്താറില്ല. പ്രൊട്ടസ്റ്റന്റുകാരുടെയും മഹമ്മദീയരുടെയും യഹൂദന്മാരുടെയും ഇടയിലും അവൾ സസന്തോഷം ജീവിച്ചുകൊള്ളും. അവരുടെ പ്രത്യേകമായ ആചാരമര്യാദകളെയും മതകർമ്മങ്ങളെയും അവൾ അവഹേളിക്കയില്ല. എന്നാൽ ആദരവു പ്രദർശിപ്പിക്കയുമില്ല. സത്യത്തോടുള്ള ബഹുമാനം കൊണ്ടേ ആദരവുണ്ടാകൂ. സത്യം ഒന്നേയുള്ളൂ എന്നാണ് അവളുടെ വാദം. അതല്ലെ ഏറ്റവും യുക്തിയുക്തമായിരിക്കുന്നതു്? കത്തോലിക്കാസഭ അസഹിഷ്ണുവാണെന്നു പറയുവാൻ സത്യം പലതുണ്ടാകാമെന്നു് തെളിവുകൾ നിരത്തി സമർത്ഥിക്കണം. അതല്ലാതെ വസ്തുതയുടെ മുമ്പിൽ നിന്നു കൊഞ്ഞനം കാണിച്ചതുകൊണ്ടു ഫലമില്ല.



അമ്പഴക്കാട് (സമ്പാളൂർ)

(എം. ഒ. ജോസഫ് നെടുങ്ങനം.)

1663 കേരളത്തിൽ ചരിത്രം സൃഷ്ടിച്ച ഒരു വത്സരമാണ്. അക്കൊല്ലം ജനുവരി 8–ാം തീയതിയാണ കൊച്ചിക്കോട്ട ഡച്ചുകാക്ക കീഴടങ്ങിയതു്. അതിനു മുൻപുതന്നെ കേരളത്തിലെ പ്രധാന പോർത്തുഗീസു് സങ്കേതങ്ങളെല്ലാം ഡച്ചുകാർ കൈയടക്കിയിരുന്നു. തലേക്കൊല്ലം ജനുവരി 16–ാംതീയതിയാണ് കൊടുങ്ങല്ലൂർ അവർ കൈവശപ്പെടുത്തിയതു്. പോർത്തുഗീസുകാരുടെയെന്നപോലെ തന്നെ കത്തോലിക്ക മതത്തിന്റെയും ബദ്ധ ശത്രുക്കളായിരുന്ന പ്രോട്ടസ്റ്റൻ്റ് മതാനുയായികളായ ഡച്ചുകാർ. തന്മൂലം കേരളക്കരയിൽനിന്നു പോർത്തുഗീസു് ശക്തിയോടൊപ്പം കത്തോലിക്ക മതവും നാമാവശേഷമായിക്കാണുവാൻ അവർ അതിയായി ആഗ്രഹിച്ചിരുന്നു. വൈദികരെല്ലാം തിരുസ്വരൂപങ്ങളും സഹിതം സ്ഥലം വിട്ടു കൊള്ളണമെന്നായിരുന്നു കീഴടക്ക ഉടമ്പടിയിലെ ഒരു വ്യവസ്ഥതന്നെ.



കൊച്ചിക്കോട്ട കീഴടക്കിയ ഉടനെ അവിടെ ഉണ്ടായിരുന്ന കത്തോലിക്കാ ദേവാലയം ഡച്ചുകാർ ഒരു പ്രൊട്ടസ്റ്റൻ്റുപള്ളിയാക്കിത്തീർത്തു. സെമ്മിനാരിയും ഗ്രന്ഥാലയവും അഗ്നിക്കിരയാക്കി. കൊച്ചിയിലെ കത്തോലിക്ക ഗ്രന്ഥശാലയുടെ ഈ ഉദ്ദേശ മലയാളസാഹിത്യത്തിനു് അപരിഹരണീയമായ ഒരു നഷ്ടമാണു്. ഇരുത്തിയിരിക്കുന്നതു്. വളരെക്കാലത്തെ നിരന്തരാന്വേഷണങ്ങളാൽ ശേഖരിക്കപ്പെട്ട അമൂല്യങ്ങളായ അനേകം അപൂർവ്വഗ്രന്ഥങ്ങളും അവിടെ ഉണ്ടായിരുന്നതു അങ്ങനെ നഷ്ടപ്പെട്ടുപോയി. ഈശോസഭക്കാരുടെ നേതൃത്വത്തിൽ കൊച്ചി രാജ്യാതിർത്തിക്കുള്ളിൽ സ്ഥിതിചെയ്തിരുന്ന വൈപ്പിക്കോട്ടിലെ വൈദീകവിദ്യാലയവും ഇക്കാലം മുതൽ നിന്നുപോയി.

കൊടുങ്ങല്ലൂർ കോട്ട ഡച്ചുകാർ ആദ്യം ആക്രമിച്ചപ്പോൾ തന്നെ, ഈശോസഭയ്ക്ക ഒരു വിപത്തു സംഭാവ്യമാണെന്നു് അവിടെ ഉണ്ടായിരുന്ന ഈശോസഭാ വൈദികക്ക തോന്നാതിരുന്നില്ല. ആകയാൽ ഡച്ചുകാരുടെ പിടിയെത്താത്ത ഉൾപ്രദേശങ്ങളിലെവിടെയെങ്കിലും ഒരു വൈദിക സങ്കേതം നിർമ്മിക്കണമെന്നു് അക്കാലത്തെ ഈശോസഭാ പ്രൊവിൻഷ്യൽ ആയിരുന്ന ഫാദർ ഫ്രാൻസിസ്കോ ബാറൈറാ തീരുമാനിച്ചു. സാമൂതിരിയുടെ അധികാരാതിർത്തിക്കുള്ളിൽ ഒരു സ്ഥലമാണു് ഇതിലേക്കു് അവർ അന്വേഷിച്ചതു്. അമ്പഴക്കാട്, പുത്തൻചിറ, ചാലക്കുടി മുതലായ സ്ഥലങ്ങളും അന്നു സാമൂതിരി കൈയടക്കിയിരിക്കുകയായിരുന്നു.

അമ്പഴക്കാടാണ് ഈശോസഭക്കാർ തിരഞ്ഞെടുത്തതു്. ആ പ്രദേശത്തെ സാമന്തനായിരുന്ന കൈയ്മൾ ഒരു ആശ്രമം കെട്ടുന്നതിനുള്ള സ്ഥലം അവർക്ക വിട്ടുകൊടുത്തു. അവിടെ ഓലമേഞ്ഞ ഒരു ചെറിയ കെട്ടിടം അവർ നിർമ്മിക്കുകയും ചെയ്തു. 1664–ലൊ 1665–ലൊ

ജസ്വീറ്റ് മിഷ്യനറിമാർ ഇങ്ങോട്ട താമസം മാറ്റി. അവരുടെ ആദ്യത്തെ സുപ്പീരിയർ അൻറോണിയോ മച്ചാഡോ എന്ന പ്രശസ്തനായ ഒരു പാതിരിയായിരുന്നു. അധികം താമസിയാതെ ഈ ആശ്രമത്തോട് ചേർന്ന് സാമാന്യം വലുതായ ഒരു ദേവാലയംതന്നെ നിർമ്മിക്കപ്പെട്ടു. ക്രമേണ അമ്പഴക്കാട് കേരളത്തിന്റെ സാംസ്കാരികവും സാഹിത്യപരവുമായ ഒരു കേന്ദ്രമായിത്തീർന്നു.

അമ്പഴക്കാട്ട് ഈശോസഭക്കാർ സ്ഥാപിച്ച ആശ്രമത്തിന് 'സമ്പാളൂർ' എന്ന പേരു സിദ്ധിച്ചു. "ഈശോസഭക്കാർക്ക് ഇന്ത്യയിലുണ്ടായ ആദ്യഭവനം ഗോവയിൽ സാൻ പവുളിന്റെ (വിശുദ്ധ പൗലോസിന്റെ) നാമധേയത്തിൽ സ്ഥാപിതമായിരുന്നതിനാലും, ആ സഭാംഗങ്ങളം മലയാളത്തിൽ വന്നു പാർത്തത് ആ ഭവനത്തിൽനിന്നായിരുന്നതിനാലും സുറിയാനിക്കാർ അവരെ പൌലീസ്റ്റർ–പൌലീസ്ത്താക്കാർ–പാൻ പാവുംക്കാർ—എന്നിങ്ങനെ വിളിച്ചുവന്നതിൽ നിന്നാണ് അമ്പഴക്കാട്ടെ ഈശോസഭക്കാരുടെ സെമിനാരി മുതലായ സ്ഥാപനങ്ങളുംക്കും പരിസരപ്രദേശങ്ങളുംക്കും സമ്പാളൂർ എന്ന നാമം ഉണ്ടായിച്ചത്" എന്ന് ഒരു ചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നു. അതെങ്ങനെയായാലും, സെമ്മിനാരി മുതലായ സ്ഥാപനങ്ങളും നാമാവശിഷ്ടമായിത്തീർന്നിരിക്കുന്ന ഇക്കാലത്തുപോലും ആ സ്ഥലത്തിന് സമ്പാളൂർ എന്ന പേർ പറഞ്ഞുവരുന്നു.

കൊടുങ്ങല്ലൂരും കൊച്ചിയും ഡച്ചുകാർക്ക് അധീനമായി കഴിഞ്ഞപ്പോൾ ചില പോർത്തുഗീസുകുടുംബങ്ങളും ഏതദ്ദേശീയ കത്തോലിക്കകുടുംബങ്ങളും പ്രസ്തുത പ്രദേശങ്ങളിൽനിന്ന് അമ്പഴക്കാട്ടെക്ക താമസം മാറ്റി. ഇതു ഡച്ചുകാരെ ക്ഷോഭിപ്പിച്ചുവെന്നു പറയേണ്ടതില്ലല്ലൊ. മുൻപേതന്നെ ആ ജന്മവൈരികളായ ഈശോസഭക്കാരെ സംശയദൃഷ്ടിയോടെയാണ് അവർ വീക്ഷിച്ചിരുന്നതു്. ആകയാൽ അവർ ആദ്യം കൈയ്യേ സമീപിച്ച് അദ്ദേഹത്തെ സ്വാധീനിക്കാമോയെന്നു നോക്കി ഈശോസഭക്കാരെ പറഞ്ഞയയ്ക്കുവാൻ അദ്ദേഹം വിസമ്മതിച്ചു. പാലിയത്തച്ഛന്റെ അടുക്കൽ അവർ നടത്തിയ നിവേദനങ്ങളും നിഷ്ഫലമാകുകയാണുണ്ടായതു്. "ഒരു ഈശോസഭക്കാരൻ ഇവിടെ നില്ക്കുവാൻ അനുവദിക്കുന്നതിനേക്കാം, ഒരായിരം പോർത്തുഗീസുകാർ കൊച്ചിക്കോട്ടയ്ക്കു കഴിഞ്ഞുകൊള്ളുവാൻ താൻ അനുവദിക്കു"മെന്ന് അന്നത്തെ ലന്ത ഗവണ്മെന്റർ പ്രസ്താവിച്ചിരുന്നുവത്രെ.

ആയിടയ്ക്കു ഗോവയിലെ ജസ്വീറ്റ് വിസിറ്ററിൽനിന്നുള്ള ആജ്ഞ അനുസരിച്ച് അമ്പഴക്കാട്ടെ സുപ്പീരിയർ ഒരു പ്രധാന രേഖ കൊല്ലത്തുണ്ടായിരുന്ന പ്രൊവിൻഷ്യലിനു എത്തിച്ചുകൊടുക്കേണ്ടിയിരുന്നു. കൊച്ചിയിലെത്തി വിശ്വസ്തനായ ഒരു ദൂതൻവഴി ഈ രേഖ കൊല്ലത്തേയ്ക്കു കൊടുത്തയയ്ക്കുവാൻ സുപ്പീരിയർ തീരുമാനിച്ചു. ഡച്ചു ഗവണ്മെന്റിൽനിന്ന് ഇതിലേക്ക് അനുവാദവും ലഭിച്ചു. സുപ്പീരിയർ ഫാദർ മച്ചാഡോ കൊച്ചിയിലെത്തിയപ്പോൾ ഏറ്റവും സൗഹാർദ്ദപൂർവ്വം സ്വീകരിക്കപ്പെട്ടു. പക്ഷെ തിരിച്ചുപോരുവാൻ തുടങ്ങിയ സമയത്ത് ഗവണ്മെന്റർ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ഒരു ഏകാന്തത്തടവിലാക്കി.

ഈശോസഭക്കാർ ഉടനെ മലബാർ വിട്ടുകൊള്ളണമെന്നും അതിലേക്ക് അവരെ ഉപദേശിക്കണമെന്നും ഡച്ചുകാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഗത്യന്തരമില്ലാതെ ആ ആജ്ഞയ്ക്കു കീഴ്പ്പെടുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. അങ്ങനെ, പത്തു ദിവസത്തിനുശേഷം ഗോപുരത്തിലെ ഏകാന്തത്തടവിൽനിന്നും അദ്ദേഹത്തെ കൊച്ചിയിലെ ഫ്രാൻസിസ്കൻ ആശ്രമത്തിൽ കൊണ്ടുവന്നു. ഈശോസഭക്കാർ അമ്പഴക്കാട് വിട്ടുപോകുവാൻ അവിടെവെച്ച് അദ്ദേഹം ആജ്ഞനല്കി. ഒരു ഗണം പട്ടാളക്കാർ അമ്പഴക്കാട്ടെത്തി ആ സന്യാസികളെ കൊച്ചിയിലേക്ക് കൊണ്ടുവന്നു. 37 ദിവസം സൈനികകാവലിൽ അവർ കൊച്ചിയിൽ താമസിച്ചു. അനന്തരം ഒരു കപ്പലിൽ കയറ്റി അവരെ ഗോവയ്ക്കയച്ചു.

പക്ഷെ ഇതുകൊണ്ട് ഈശോസഭക്കാർ കർത്തവ്യവിമുഖരായില്ല. 1665 മേയ്മാസത്തിൽ

11 വൈദികർ റോമയിൽനിന്നു കാൽനടയായി, അനവധി ക്ലേശങ്ങളും ദുരിതങ്ങളും സഹിച്ച് അമ്പഴക്കാട്ടെത്തിച്ചേർന്നു. അവരെ വിണ്ടും അവിടെനിന്നും പലായനം ചെയ്യിക്കുവാൻ ഡച്ചുകാർ പല ശ്രമങ്ങളും ചെയ്തുനോക്കി. കൊട്ടങ്ങല്ലൂർ തമ്പുരാൻ, കൊരട്ടി കൈയ്മൾ, മങ്ങാട്ടച്ചൻ മുതലായവരെ ആവുന്നതു നിബ്ബന്ധിച്ചു. പക്ഷെ അവരെല്ലാം ഓരോ ഒഴികഴിവുകൾ പറഞ്ഞു് അതിൽനിന്നൊഴിയുകയാണുണ്ടായതു്.

ഈശോ സഭക്കാർ കൊച്ചിയിലും കൊട്ടങ്ങല്ലൂരിലും സ്ഥാപിച്ചിരുന്ന കോളെജുകൾ, യൂറോപ്പിലെ തത്തുല്യമായ ഏതു സ്ഥാപനത്തോടും കിടപിടിക്കുന്നവയായിരുന്നു. പക്ഷെ അമ്പഴക്കാട്ടെ സ്ഥാപനങ്ങൾ വളരെ താണനിലയിലുള്ളതും ദരിദ്രവുമായിരുന്നു. കൊച്ചിയിലും കൊട്ടങ്ങല്ലൂരുമുണ്ടായിരുന്ന ഗംഭീരങ്ങളായ ഗ്രന്ഥശാലകളെപ്പറ്റി ബാൽദേവൂസ് പ്രസ്താവിക്കുന്നുണ്ടു്. അമ്പഴക്കാട്ടു വേണ്ടത്ര പാഠപുസ്തകങ്ങൾപോലും ഉണ്ടായിരുന്നില്ല എങ്കിലും ക്രമശഃ അമ്പഴക്കാടിനെ ഒരു വിജ്ഞാനകേന്ദ്രമാക്കി ഉയർത്തുവാൻ മിഷ്യനറിമാർ ഭഗീരഥയത്നം ചെയ്തുകൊണ്ടിരുന്നു. അവിടത്തെ വൈദികവിദ്യാർത്ഥികളുടെ ചിലവിനു പോർത്തുഗൽ രാജാവു രണ്ടു് എസ്റ്റോറകളിൽനിന്നുള്ള ആദായം വിട്ടുകൊടുത്തിരുന്ന വസ്തുത ഇവിടെ സ്മർത്തവ്യമാണ്.

പ്രാഥമിക സുഖസൗകര്യങ്ങളോടുകൂടി ജീവിക്കുന്നതിനു പറ്റിയതായിരുന്നില്ലാ അമ്പഴക്കാട്ടെ ഓലക്കെട്ടിടം. കേരളത്തിലേതിൽനിന്നും ഭിന്നമായ ഒരു ശീതോഷ്ണമേഖലയിൽനിന്നു വരുന്ന മിഷ്യനറിമാരുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. ആകയാൽ കോളേജ്കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനുതന്നെ റെക്ടർ ഫാദർ ലൂയി ഡി വാസ്കൻസലോസ് തീരുമാനിച്ചു. എല്ലാ വൈഷമ്യങ്ങളെയും തരണംചെയ്തു 18 മാസംകൊണ്ടു് അദ്ദേഹം മനോഹരമായ ഒരു കെട്ടിടം പണിതീർത്തു. കോളേജിനു യോജിച്ചതരത്തിൽ വലുതായ ഒരു ദേവാലയം നിർമ്മിക്കുകയും അതിനെ മനോഹരമായി അലങ്കരിക്കുകയും ചെയ്തു. മുഖപ്പത്തിൽ യൂറോപ്പിലെ ഏതൊരു കോളേജിനോടും കിടപിടിക്കത്തക്ക നിലയിലേക്ക് അമ്പഴക്കാടിനെ അദ്ദേഹം ഉയർത്തി. അങ്ങനെ 1667–ൽ അതു ഒക്ഷിണേഷ്യയിലെ ഒരു മഹാകോളേജ് (Collegium Maximum) ആയി കരുതപ്പെട്ടു.

1667–ൽ അമ്പഴക്കാട്ടു് 14 വൈദികർ ഉണ്ടായിരുന്നു. എന്നാൽ 1688–ൽ 10–ം, 1694–ൽ 4–ം വൈദികരെ അവിടെ ഉണ്ടായിരുന്നുള്ളൂ എന്നു സമകാലീനരേഖകൾ തെളിയിക്കുന്നു. ഡച്ചുകാരുടെ പ്രാതികൂല്യം മൂലം അമ്പഴക്കാട്ടെ പോർത്തുഗീസു് മിഷ്യനറിമാരുടെ തുക ക്രമേണ കുറയുകയും, ഇറാല്യരും ജർമ്മൻകാരും ആസ്ട്രിയക്കാരുമായവരുടെ സംഖ്യ വർദ്ധിക്കുകയും ചെയ്തു. ഇറാലിക്കാരിൽ സുപ്രസിദ്ധ പണ്ഡിതനും മഹാകവിയുമായ വീരമാമുനിയുടെ (ഫാദർ കോൺസ്റ്റാൻസോ ബെഷിയുടെ) നാമം പ്രത്യേകം സ്മർത്തവ്യമാണു്. ജസ്വിറ്റ വിസിറ്റർ എന്ന നിലയിൽ ഫാദർ ബെഷി അദ്ദേഹത്തിന്റെ ജീവിതാന്ത്യം ഇവിടെ കഴിച്ചുകൂട്ടുകയും ഇവിടെത്തന്നെ മരിച്ചു് അടക്കപ്പെടുകയും ചെയ്തു.

ജർമ്മൻ വൈദികരിൽ ഏറ്റവും പ്രസിദ്ധൻ നമുക്കു സുപരിചിതനായ അർണ്ണോസുപാതിരി (ഫാദർ ഏണസ്റ്റു് ഹാൻസലിഡൻ) ആണു്. അമ്പഴക്കാട്ടു് സെമ്മിനാരിയുടെ റെക്ടറായിരുന്ന ജോൺ റിബെയിറോ 1701 മുതൽ 1716 വരെ കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്തയായിരുന്നു. ഇദ്ദേഹം സുറിയാനിയിലും മലയാളത്തിലും ഒരു പണ്ഡിതനായിരുന്നുവെന്നു സമകാലികനായ ഒരു ജസ്വിറ്റ വൈദികൻ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരു റെക്ടറായിരുന്ന മുൻപറഞ്ഞ ലൂയി ഡി വാസ്കൻസാലോസ് 1753 മുതൽ 1758 വരെ കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്താ ആയിരുന്നു.

മറ്റൊരു റെക്ടറായിരുന്ന ഫാദർ ബർണ്ണാർഡ് ബി സ്ലോവിങ്ക് (1692—1746) ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അഗാധപണ്ഡിതനായിരുന്നു. അർണ്ണോസ് പാതിരിയുടെ സംസ്കൃത—പോർത്തുഗീസ് നിഘണ്ടുവിന്റെയും വ്യാകരണത്തിന്റെയും മലയാള വേദോപദേശ

ത്തിന്റെയും നിർമ്മാണത്തിൽ ഇദ്ദേഹം വലിയ ഒരു സഹായി ആയിരുന്നതായി കാണുന്നു. വേറൊരു റെക്ടറായ ഫാദർ ജേക്കബ് ഹസഗ്ലർ (1700—1765) ആണ് അണ്ണോസ് പാതിരിയുടെ നിഘണ്ടുവും വ്യാകരണവും പകർത്തിയെഴുതിയത്. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയിരുന്ന ഡോം മാനുവൽ കാർവലോ പിമെന്തൽ (1721—1752) ആണ് അണ്ണോസുപാതിരിയുടെ മലയാളം—പോർത്തുഗീസ് നിഘണ്ടു പൂർത്തിയാക്കിയത്. അമ്പഴക്കാട്ട് തത്വശാസ്ത്ര പ്രൊഫസറായിരുന്ന ഫാദർ ജോസഫ് ക്രുനിങ്ങ് (1705—1789) പ്രശസ്തനായ ഒരു പണ്ഡിതനും പ്രസിദ്ധനായ ഒരു ഗ്രന്ഥകാരനുമായിരുന്നു.

അമ്പഴക്കാട്ട മുദ്രാലയം എന്നാണ് സ്ഥാപിതമായതെന്നു തീർത്തുപറഞ്ഞുകൂടാ. എന്നാൽ 1670—ൽ അമ്പഴക്കാട്ട് അച്ചുകൂടത്തിൽ തത്വബോധകരുടെ (ഫാദർ റോബർട്ട് ഡിനോബിലിയുടെ) തമിഴ് ഗ്രന്ഥങ്ങൾ അച്ചടിച്ചിരുന്നതായി നമുക്കറിയാം. "1663—നു ശേഷം മലയാളത്തിലും തമിഴിലും അച്ചടി പ്രചുരമായി നടന്നതു് അമ്പഴക്കാട്ട് എന്ന സ്ഥലത്തായിരുന്നു" എന്നും "മലയാളത്തിലെ തനതു ലിപികളിൽ ഒരു ഗ്രന്ഥം അഭിനവമായി മുദ്രണം ചെയ്യപ്പെട്ടതു് അവിടെവെച്ചാണെന്നും അതു പ്രസ്തുത ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ആയിരുന്നുവെന്നും വിചാരിക്കാൻ വഴിയുണ്ട്" എന്നും ഡോക്ടർ പി. ജെ. തോമസ് പ്രസ്താവിക്കുന്നു. തമിഴിലെ അച്ചടികളും ഈ മുദ്രാലയത്തിൽത്തന്നെയാണു നടത്തിയിരുന്നതു്.

പ്രൊവൻസാ എന്ന പാതിരിയാൽ രചിക്കപ്പെട്ട പ്രസിദ്ധമായ ഒരു തമിഴ് നിഘണ്ടുവും ഫാദർ ദ കോസ്റ്റാ എഴുതിയ ഒരു തമിഴ് വ്യാകരണവും ഇവിടെയാണ് അച്ചടിച്ചതു്. 1679—ൽ ഇഗ്നേഷ്യസ് അയ്ച്ചാമണി എന്ന ഒരു ഏതദ്ദേശീയൻ മലയാളത്തിൽ അച്ചുകൂടം കൊത്തിയുണ്ടാക്കി ഒരു മലയാളനിഘണ്ടു അച്ചടിച്ചതായി ഫാദർ ഫെറോളി പ്രസ്താവിക്കുന്നു. അച്ചടിച്ചതു പ്രോവൻസായുടെ നിഘണ്ടുവായിരുന്നു എന്നാണ് ഡോക്ടർ തോമസ്സ് പറഞ്ഞിരിക്കുന്നതു്. അമ്പഴക്കാട്ട് അച്ചടിച്ച പതിനാറോ പതിനേഴോ തരം തമിഴ് മതഗ്രന്ഥങ്ങളും തുത്തുക്കുടിയിൽവെച്ചു താൻ കണ്ടതായി മാത്യു ഓഫ് സെന്റ് ജോസഫ് (1600—1691) എന്ന കർമ്മലീത്താ വൈദികൻ പ്രസ്താവിച്ചിട്ടുണ്ട്. വേദോപദേശം മുതലായ പല കേതഗ്രന്ഥങ്ങളും ഇവിടെ അച്ചടിച്ചിരുന്നു. ഈ മുദ്രാലയം വളരെക്കാലത്തേക്കു തെന്നിന്ത്യായിലെ അത്യുൽകൃഷ്ടമായ ഒരു ഭാഷാപരിപോഷണകേന്ദ്രമായി പ്രശോഭിച്ചിരുന്നു. ഇവിടെ താമസിച്ചിരുന്ന വൈദികരാണ് ഇടംപ്രഥമമായി മലയാളഗദ്യത്തിൽ ഗ്രന്ഥനിർമ്മാണം ചെയ്തതു്. ഭാഷാഗദ്യസാഹിത്യത്തിന്റെ പിള്ളത്തൊട്ടിയായിരുന്നു അമ്പഴക്കാട്ട്.

അമ്പഴക്കാട്ടെ വൈദികസെമ്മിനാരിയിലാണ് മധുര മിഷ്യനിലെയും മൗക്തികതീരത്തിലെയും മിക്ക മിഷ്യനറിമാർക്കും പരിശീലനം നല്കപ്പെട്ടിരുന്നതു്. എന്നാൽ അമ്പഴക്കാട്ട് ആശ്രമത്തിന്റെ ചിലവിലേക്കു വേണ്ട വക കിട്ടിയിരുന്ന പ്രദേശങ്ങളും മഹാരാഷ്ട്രന്മാർക്ക് അധീനമായതിനുശേഷം ഇവിടത്തെ വൈദികവിദ്യാർത്ഥികളുടെ സംഖ്യ ചുരുങ്ങിവന്നിരുന്നു. ജസ്വീറ പാനമന്ദിരത്തോടനുബന്ധിച്ചു സുറിയാനി ക്രിസ്ത്യാനികളുടെ പഠനത്തിനായി ഒരു സെമ്മിനാരി ഉണ്ടായിരുന്നു. ഒരേ ആശ്രമത്തിലായാണ് രണ്ടിന്റെയും പ്രവർത്തനം നടന്നിരുന്നതു്. സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടിയുള്ള സെമ്മിനാരിയിൽ 20 മുതൽ 50 വരെ യുവാക്കന്മാർ വൈദികപഠനം നടത്തിയിരുന്നതായി കാണുന്നു.

ഡച്ച് ഗവണ്മെന്റായിരുന്ന അഡ്രിയാൻ മോയൻസിന്റെ 1781 ഏപ്രിൽ 18—ാംതീയതിയിലെ ഒരു മെമ്മോരാണ്ടത്തിൽനിന്നു വിശദമാകുന്നതുപോലെ 'അമ്പഴക്കാട്ട്' കേരളീയയുവാക്കന്മാരെ എല്ലാ ശാസ്ത്രങ്ങളും ഭാഷയും പഠിപ്പിച്ചിരുന്നു. പോർത്തുഗലിൽനിന്നുള്ള വാഷികവേതനം കിട്ടാതെ വരികയാലും, പള്ളികളിൽനിന്നുള്ള വരവു തീരെ നിസ്സാരമാകയാലും തീരെ ദരി

ഗമായ നിലയിലാണ് അവർ അവിടെ ജീവിച്ചിരുന്നതെന്നും മോയൻസ് പ്രസ്താവിക്കുന്നു. 1760-ൽ പോർത്തുഗീസ് സ്വാധീനത്തിലുള്ള പ്രദേശങ്ങളിൽനിന്നു് ഈശോസഭക്കാർ തുരത്തപ്പെട്ടുവെങ്കിലും അമ്പഴക്കാട്ട് ചിലർ താമസിച്ചു തങ്ങളുടെ ജോലി തുടർന്നുപോയിരുന്നു.

ടിപ്പു സുൽത്താന്റെ പടയോട്ടംവരെ ഈ നില തുടർന്നുപോന്നു. മൈസൂർ പടയുടെ ആക്രമണത്തിൽ അമ്പഴക്കാട്ടെ പള്ളിയും സെമ്മിനാരിയും ഗ്രന്ഥശാലയുമെല്ലാം നാമാവശേഷമായി. 1790 മേടമാസത്തിലാണ് ഇതു സംഭവിച്ചതു്. "ആറിന്റെ ഒഴുക്കിനെ നിർത്തുന്ന ചിറ പൊളിഞ്ഞുപോയി എന്നു വന്നാൽ കെട്ടിക്കിടന്നിരുന്ന വെള്ളങ്ങളെല്ലാം വേഗത്തിൽ ഒഴുകി പരന്നു പെരുകുന്നപോലെ ടിപ്പു സുൽത്താന്റെ പട്ടാളം വിഷ്ണും ഒന്നുംകൂടാതെ കാണുന്നതെല്ലാം നിർമ്മൂലമാക്കിക്കൊണ്ട് ഓരോരൊ സ്ഥലങ്ങളിൽ കേറി പിടിച്ചു....നശിപ്പിന്റെ അരുപി അവർക്ക കൊണ്ടിരുന്നതിനാൽ കോട്ടയെ വേഗത്തിൽ ഇടിച്ചു നിലത്തോട് സമമാക്കുകയും ചെയ്തു." എന്നിങ്ങനെയാണ് ഈ ആക്രമണത്തിന്റെ ക്രൂരതയെ സത്യവേദചരിത്രകർത്താവ് വർണ്ണിച്ചിരിക്കുന്നതു്.

അമ്പഴക്കാട്ടെ ദേവാലയത്തിന്റെയും സെമ്മിനാരിയുടെയും തറയും ഭിത്തിയുടെ ചില അംശങ്ങളും, ആ പ്രാചീനമഹത്വത്തിന്റെ അവ്വാചീനകാലത്തേയ്ക്കു യോജിച്ച സ്മാരകമെന്നപോലെ, ഇന്നും നിലകൊള്ളുന്നു.

ചെറുകഥ.

പകർച്ചവ്യാധി.

—: Sri. K. P. URMESE M. O. L. :—

"വിനിയ്ക്കെന്തെങ്കിലും വാങ്ങിക്കൊണ്ടു വരുമ്പഴേ ശേഷോള്ളോക്ക ഉണ്ണോള്ളൂ. ഈയുള്ള വളുടെ തലേലെഴുത്ത്, അല്ലം ണ്ടെന്താ. ഈയവസരോല്ലങ്കിൽ ഞാൻ പറേല്ലാന്നു. ധ്യാനത്തിനു രണ്ടുനേരോം പോണം പള്ളീല്. കപ്പച്യനച്ചന്മാരാ ധ്യാനക്കാരെന്നാ കേട്ടതു്. ഓ, നുള്ളിപ്പൊട്ടിച്ച് ഒരെണ്ണം വാങ്ങീലൊ, അധികായിപ്പോയി." ആപ്പീസിൽനിന്നും നേരംവൈകി മടങ്ങിയെത്തി കാപ്പികുടിക്കുന്ന ഭർത്താവിനെ മറിയാമ്മപതിവുപോലെഉപചരിക്കാൻ തുടങ്ങിയിരിക്കയാണ്.



"അപ്പോ, വേറൊന്നും നിനക്കുട്ടിക്കാനില്ലേ" തോമസ് അല്പം ദേഷ്യപ്പെട്ടപോലെചോദിച്ചു. മന്ദ്രോടീം മറുമൊഴിത്താ ധ്യാനത്തിനു പോണതു്? പള്ളീടെ അകത്തും മുറ്റത്തും ചടഞ്ഞിരിക്കാനുള്ളതാ. ആകപ്പാടെ മനുഷ്യരുടെ വെട്ടത്തുടക്കാൻ ഒരെണ്ണോ നല്ലതുള്ളു. അതുട്ടത്താ നല്ല ചേലായി. കുമ്പസാരക്കൂട്ടിലിട്ട് തള്ളമാരു് പഞ്ഞിപതാക്കും. ഒരു ബ്ലൗസിന്റെ തുണീംകൂടി എടുക്കാൻ തോന്നീല്ലല്ലോ. ദേ, ഈ കാരേപ്പം തിന്നാത്തതെന്താ? ഓ, മൊകത്തു നോക്ക്യാ വെട്ടകിട്ട്ല്ലോ. ക്ലാവിന്റെ ഷർട്ടും കളസോക്കെ കീറി, എന്താ പറഞ്ഞിട്ടു കാര്യം.

തോമസ് കാപ്പികുടിച്ചെന്നു പേരു വരുത്തി എണീറ്റു. തന്റെ നിത്യാശ്രയമായ ഈസീ

ചെയറിൽ വന്നു മലർന്നു കിടന്ന് അന്നത്തെ മനോരമ നിവർത്തി വായിക്കാൻ തുടങ്ങി. മറിയാമ്മയുണ്ടോ വിടുന്നു.

"ആട്ടെ, ഞാനൊന്നു ചോദിക്കട്ടെ, നിങ്ങളെന്താ കായ്യം പറയുമ്പോ മൊകം വീപ്പിക്കണതു്. നിങ്ങടെ മോത്തു് കണ്ണിട്ടല്ലേ. അങ്ങേലും ഇങ്ങേലുമൊക്കെ പെണ്ണുങ്ങളം പോണതു് നല്ലോണം നോക്കണ്ടതല്ലോ. ഞാനെന്നും ഈ ഉടത്തുതന്നെ ഉടുക്കാ—ഉം—ഇതൊക്കെ സഹിക്കാണ്ടെന്താ നിവൃത്തി.

ഞാനും പറയുന്നതതാ; സഹിക്കാണ്ടെന്താ നിവൃത്തി. അങ്ങാടിയല്ലേ, മനുഷ്യരെ കേംപ്പിക്കാമോ. ആട്ടെ, നീ അപ്പുറത്തേയ്ക്കു് ഒന്നു പോയേൻ. ഞാനിതൊന്നു വായിക്കട്ടെ.

ഓ ാ, എന്തെങ്കിലും പറയാൻ തുടങ്ങിയാൽ അപ്പോഴെക്കും വായനയായി. ദേ, ഇങ്ങോട്ടൊന്നു നോക്കീ, മനുഷ്യരാരും വാങ്ങിയ്ക്കോ ഇത്തരം സാരി. ഒരുട്ടം ആളുകളില്ലേ, അവരുടുക്കണൊ കൊള്ളുന്നതാത്ത—

അതു്, നീ പറഞ്ഞതു് ശരിയാണു്. കൊള്ളാവുന്ന തറവാട്ടിലെ പെണ്ണുങ്ങളൊന്നും ഇതൊന്നും ഉടുത്തിരുന്നതല്ല, ഉടുക്കേല്യ അകോം പുറോം തുള്ളിക്കാൻ ഇതല്ലേ പറ്റൂ. നല്ല മന്മൽമുറിം ഉടുത്തു് അലക്കിലചട്ടോം ഇട്ടു് കശവുമുണ്ടും പുതച്ചു് പഴേ തറവാട്ടിലെ പെണ്ണുങ്ങളം പള്ളിയിൽ പോണതു കാണാനൊരു ചന്തംതന്നെയാ. വല്യനാത്തുൻ വാഴക്കുന്നുപോലെ ഞെറിഞ്ഞുടുത്തു മുണ്ടും പൊതച്ചു വരണ വരവു നീതന്നെയല്ലേ വണ്ണിക്കാറു്.

എന്നാ ഒരഞ്ചെട്ടു പൊതമുണ്ടു് ഇങ്ങു മേടിച്ചോ. ഞാനും മുറിയും ചട്ടയുമാക്കിക്കോളാം. നിങ്ങളും വിചാരിക്കണേ, അതായാൽ വളരെ ലാഭമുണ്ടെന്നാ. അഞ്ചെട്ടു രൂപയ്ക്കു് ഒരു സാരി വാങ്ങിച്ചാ, മുറീം കഴിഞ്ഞു, പൊതമുണ്ടും കഴിഞ്ഞു. ഹും, വല്ലപ്പോഴൊക്കെ ഒന്നലക്കിയാമതി.

എങ്ങനെയെങ്കിലും പോയി തുലയ്. എനിക്കു് കുടുംബത്തിലു് വന്നാ കുറച്ചു് സമാധാനം കിട്ടിയാമതി. അഞ്ചുരമണിവരെ ആപ്പീസ്സിലിരുന്നു നരകിക്കണം. അതു കഴിഞ്ഞു വന്നാ ഒന്നു മിണ്ടാതിരിക്കാമെന്നുവച്ചാൽ,

എന്താ, ഞാൻ മെക്കെട്ടു് കേറാനാട്ടെ വന്നോ. വല്ലതും പറഞ്ഞാലുണ്ടല്ലോ. ഈ ധ്യാനം കഴിയുമ്പോഴേക്കു ക്ലാവിന്റെ സ്ലേട്ടു് പൂട്ടും. ഞാനെന്റെ വീട്ടിലേക്കൊന്നു പോവ്വാ. അമ്മേം മോനുംകൂടി സുഖിച്ചോ—

അമ്മേന്ത്യേ, പറമ്പിലാ?

പറമ്പിലെ കായ്ക്കൊക്കെ നോക്കീട്ടിപ്പൊ അവക്കെന്താ. അയിലക്കത്തു്, എവിടെയെങ്കിലും പോയിട്ടുണ്ടാവും; മരുമോളു് അങ്ങനെ പറഞ്ഞു, അതു തന്നില്ലാ, ഇതു തന്നില്ല, എന്നൊക്കെ റിപ്പോർട്ടു കൊടുക്കാൻ. ഇതൊക്കെ കേട്ടു രസിക്കാൻ അയിലക്കക്കാരും. മനുഷ്യരുടെ മുഖത്തു നോക്കാൻ പാടില്ലാണ്ടായി.

ഓ, ദൈവമേ, ഇതെന്തൊരു തലവിധി. ഈ അമ്മേടേം മൊക്കടേം അപ്പുറോം ഇപ്പുറോം ഉള്ള ഇടികൊണ്ടു് ഇവിടെ താമസിക്കുന്നതിലും ഭേദം റെയിലീ തലവയ്ക്കാം.

അതേന്നു്, എല്ലാറ്റിനും എനിയ്ക്കേ കുറ്റോള്ളു. ഞാൻ വല്ലോടത്തുന്നും വന്നോളല്ലേ. പോരെങ്കി, കൊട്ടയ്ക്കു കോരിയൊട്ടു കൊണ്ടു വന്നിട്ടല്ല. രാവ്വല്ല, പകലല്ലാണ്ടു് പണിയെടുത്താക്കൂടി സമാധാനത്തോടുകൂടി നാഴിക്കഞ്ഞി കുടിക്കാൻ നിവൃത്തിയില്ല. ഈ അമ്മേടേം—

ഒന്നു മിണ്ടാതിരി, ദേ, അമ്മ വരുന്നുണ്ടു്.


അമ്മയെ കണ്ടതോടുകൂടി മറിയാമ്മ അലക്ഷ്യമായി മേശപ്പുറത്തിട്ടിരുന്ന സാരി വേഗമെടുത്തുകൊണ്ടു് കിഴക്കേ മുറിയിലേക്കു മാറി. തോമസ് പത്രംവായനയിലും മുഴുകിയപോലെ ഇരുന്നു. അമ്മ മുറിയിൽ കയറിയെന്നു കണ്ടു തോമസ്. അമ്മേ, ആ പറഞ്ഞമാതിരിയുള്ള ശീല പീടികയിലില്ല. കട്ടി കുറച്ചു കുറഞ്ഞിരിക്കണമെന്നല്ലെ അമ്മ പറഞ്ഞതു്. അതുതന്നെയല്ല, ഈ മാസം രൂപയ്ക്കു കുറച്ചു വലിവുമാണു്. കഴിഞ്ഞ മാസത്തെ കുറിയ്ക്കാണെങ്കിൽ രൂപ വച്ചിട്ടില്ല. എല്ലാംകൂടി ഇപ്പോ—

അമ്മ—അതേടാ, എനിക്കു വാങ്ങാൻ ചെല്ലുമ്പൊ തൃശ്ശൂരങ്ങാടിയിൽ ഒന്നും കാണില്ല.

ജൂബിലേറിയൻ തിരുമേനി.




ഹൈസ്കൂൾ വിദ്യാർത്ഥി.




കോളേജ് വിദ്യാർത്ഥി.




സെമ്മിനാരി വിദ്യാർത്ഥി.



വൈദികൻ.



ബാബിലോറിയൻ തിരുമേനിയുടെ ആദ്യകുർബാന.



തിരുമേനി പ്രഥമബലിയർപ്പിച്ച റോമയിലെ
സാൻന്താ മരിയ മജോരെ (S. Mary Major) ബസിലിക്ക.

മറ്റുള്ളോക്കാകുമ്പൊ തരം തരം പോലെയുള്ള സാധനോണ്ടാകും; കാശുണ്ടാകും. എന്താ, കെട്ടിയോളടെ കല്പന കിട്ടില്ലായിരിക്കും അല്ലേ?

തോ—അമ്മ എന്തിനാ ഇങ്ങനെ വെറുതെ വഴക്കുണ്ടാക്കുന്നത്. അവളടെ കല്പന കിട്ടീട്ടാ ഇവിടത്തെ കായ്യമൊക്കെ നടക്കുന്നത്. ദൈവം സഹായിച്ചിട്ട് അമ്മയ്ക്ക് ഇവിടെ ഒന്നിനും കുറവില്ലല്ലോ. ഓരോരുത്തര് കഞ്ഞികുടിക്കില്ലാതെ—

കഞ്ഞികുടിച്ചാമതീടാ, കഞ്ഞി കുടിച്ചാമതി. പെറ്റ തള്ളയെ ഇണ്ണിപ്പിക്കരുത്. എന്തോരം കഷ്ടപ്പെട്ടാന്നറിയാമോ നിന്നെ ഞാൻ ഈ തരത്തിലാക്കിയത്. ഇപ്പോ ഇവളടെ വരുതീല് കിടക്കേണ്ട കാലോം ആയി. ഏതായാലും കപ്പ്യച്ചനച്ചന്മാര് വീട്ടുകളിലൊക്കെ വരുന്നുണ്ടെന്നാ പറഞ്ഞത്. ഇവളടേം നിന്റേം ഗുണദോഷൊക്കെ കൊറച്ചൊന്നു വിളമ്പാനുണ്ട്.

ഇതു കേട്ടപ്പോഴേക്കും മറിയാമ്മയും വാതിലിന്റെ മറവിൽനിന്നു തല കാണിച്ചുകൊണ്ട് പറയാൻ തുടങ്ങി.

അമ്മയ്ക്കു മാത്രല്ലാ നാക്കുള്ളത്. എനിക്കും പറയാനറിയാം. ഒള്ളതും ഇല്ലാത്തതുമൊക്കെ ഈ അയിലക്കത്തു പോയി പറയാൻ നാണമില്ലല്ലോ. ഒരു കുടുമ്മമാവുമ്പൊ എന്തെങ്കിലുമൊക്കെ ഉണ്ടായെന്നുവരും. അതിങ്ങനെ കൊട്ടിയറിയിച്ചുകൊണ്ട് നടക്കുന്നത് എന്തു വിലയാ.

അതേടീ, നീ കാണിച്ചിട്ടല്ലേ ഞാൻ പറേണത്. എത്ര പണ്ണീം പാടും കെടന്നിട്ടാ നിന്റെ കെട്ടിയോനെ ഈ നിലേലാക്കിയതെന്നറിയോ. അല്ലേ, ഈ അമ്മമാക്കളൊരു കൂല്യേയ്.

തോമസ്സ്:—നിങ്ങളിങ്ങനെ തുടങ്ങിയാൽ ഞാൻ വല്ലിടത്തും പൂവ്വപ്പെട്ടപോകേയുള്ളൂ. അമ്മ കായ്യമറിയാതെയാണ് പറയുന്നത്. തലേമാസം വാങ്ങിച്ച കടം വീട്ടിക്കഴിഞ്ഞാൽ എത്ര രൂപ ഇവിടെ ഒരു മാസം ചിലവാക്കാനുണ്ടാകുമെന്നു് എനിക്കറിഞ്ഞൂകൂടെ. അവളെ കുറേം പറഞ്ഞിട്ട് ഒരു കായ്യവുമില്ല. ഉള്ളതുകൊണ്ടല്ലേ ചിലവാക്കിച്ചൂട്ടാ. കുറച്ചു പിടിക്കാതെ എങ്ങിനെയാ കുടുംബം നടക്കുന്നത്. അമ്മമാരും ഒരു കാലത്തു് മരുമക്കളായിരുന്നു എന്നു വിചാരിച്ചാൽ ഈ കുഴപ്പൊന്നുമില്ല. നമുക്കു മറ്റാരേപ്പോലെ അറേല് പാട്ടം മേടിച്ചിടാനൊന്നുമില്ലല്ലോ. അപ്പനെ അമ്മ കുറച്ചൊക്കെ നിയന്ത്രിച്ചിരുന്നെങ്കിൽ ഞാനിന്നു് ഇങ്ങനെ കഷ്ടപ്പെട്ട് പണിയെടുക്കേണ്ടായിരുന്നു.

"പറഞ്ഞോടാ, കെട്ടേ ഭാര്യടെ മുമ്പിലിട്ട് തല്ലിക്കൊ നീ പെറ്റ തള്ളയെ. ഞാനോ കുടുമ്മം നശിപ്പിച്ചത്? ഞാൻ വരുമ്പൊ ഏതാണ്ട് ഓട്ടയായിത്തുടങ്ങി. അപ്പൻ അത്താഴം ഊണും കഴിഞ്ഞു് വീമ്പുപറയാൻ തുടങ്ങും. അപ്പാപ്പന്റെ പെലയ്ക്ക് 79 അച്ചമ്മാരുണ്ടായി, പാമ്പോവ് വെരകീത് നൂറൊന്നുപറയ്ക്കാ, അപ്പൻ കഴിച്ച പെരുന്നാളിനു് നാലു ദിവസം സദ്യയുണ്ടായി എന്നൊക്കെ. ഇതെല്ലാം എന്നെ കേപ്പിച്ച് അപ്പനങ്ങട്ട് ആകാശത്തോളം പൊങ്ങും. ദിവസവും കാലത്തു് കടക്കാരൻ പട്ടര് വരുമ്പൊ ആളില്ലാന്നു് ഞാൻ നൂണയും പറയണം. ഇപ്പൊ തുവന്നു, മോന്നം കണ്ടാ, മോഹക്കം കണ്ടാ.

മറിയാമ്മയുടെ പൂർവ്വവൃത്താന്തകഥനം തോമസ്സിനെ മനോരാജ്യംകൊള്ളിച്ചു. അപ്പന്റെ കാലശേഷം തന്നെ വളർത്താനും പഠിപ്പിക്കാനും അമ്മ ക്ലേശിച്ചിട്ടുള്ളതെല്ലാം അയാളോർത്തു. എല്ലാത്തിനും അമ്മയെ ശരണംപ്രാപിച്ചിരുന്ന കാലം. പെൻസിലു് പോയാലമ്മ, മുണ്ടുമുഷിഞ്ഞാലമ്മ, വിശന്നാലമ്മ, വിശന്നില്ലെങ്കിലമ്മ ഇങ്ങനെ തൊട്ടതിനു തൊട്ടതിനു് അമ്മയെ അലട്ടിയിരുന്ന കാലം. എട്ടാംക്ലാസ്സിൽവച്ചു് പനിപിടിച്ചകാലത്തു് 22 ദിവസം കണ്ണിന്റെ പോള അടയ്ക്കാതെ അമ്മ തന്നെ നോക്കിയിരുന്നതും മറ്റും മറ്റും തോമസ്സോർത്തു. ഇന്നു് ഉദ്യോഗസ്ഥനായ തന്റെ വീട്ടിൽ അമ്മ കുറച്ചൊരു അധികപ്പറ്റാണു്. മറിയാമ്മയുടെ വരവിനുശേഷം ആത്മാർത്ഥമായി അമ്മയോടു പെരുമാറാൻ തനിയ്ക്കു സാധിച്ചിട്ടുണ്ടോ?" ഇങ്ങനെയുള്ള ചിന്തകളിൽ മുഴുകിയിരിക്കെ അമ്മ മട്ടൊന്നു മാറി ഇങ്ങനെ തുടങ്ങി.

എടാ, തോമൻകുട്ടീ, എനിയ്ക്കൊന്നു പറയാനുണ്ട്; നിങ്ങളാരും മൊകം വീർപ്പിയ്ക്കണ്ട.

ഇന്നാള് കൊച്ചുവക്കി വന്നപ്പോ പറഞ്ഞതു് കൊച്ചുറോമ്മ ധ്യാനം കൂടാൻ ഇങ്ങോട്ട വരുന്നുണ്ടെന്നാ. നീ പോയി കൊണ്ടുവരേണ്ടതാ. അതുപോട്ടെ. അവളുവന്നാ കൂടീതു ഒരാഴ്ച അല്ലെങ്കിൽ രണ്ടാഴ്ച നിക്കയുള്ള. വല്ലതും നിന്റെ വശംപോലെ പോകുമ്മെ കൊടുത്തേച്ചാമതി. പലാരോം മറെറതുപ്പെ സാധിക്കുല്ല. വല്ലതുമൊരു മുറിയോ രണ്ടു മുണ്ടോ ഇത്തവണമതി. അവരുടെ ആ ഓണം കേറാ മൂലേല് ഇങ്ങനെ നല്ല അച്ചന്മാരും മഠവും ധ്യാനത്തിനു വരുല്ല. മറിയാമ്മേ, നീ ഇന്നു കുമ്പസാരിച്ചോ. കിടാങ്ങളെ കുളിപ്പിക്കാറായല്ലോ. വാടാ പിള്ളേരേ, ഇതുയും പറഞ്ഞുകൊണ്ട് മാത്തിരി അമ്മാമ്മ കുട്ടികളേയുംകൊണ്ട് പരിയപ്പുറത്തേക്കു വേഗം പോയി. അപ്പോഴേക്കും കിഴക്കേ മുറിയുടെ വാതിലും ചാരിനിന്നിരുന്ന മറിയാമ്മ ഭർത്താവിന്റെ അടുത്തേക്കു നീങ്ങി.

മറിയാമ്മ:—പേരക്കിടാവു് വന്നപ്പോ ചട്ടംകെട്ടിയാ വിട്ടേക്കണതു് മോളോടു പറാൻ. നാലഞ്ചു പിള്ളേരേംകൊണ്ട് ഇങ്ങട്ട് വന്നാകേറിയാപ്പിന്നെ ഇത്തവണത്തെ നമ്മുടെ ധ്യാനം നല്ല ജോറാവും.

തോ:—വന്നാൽ പോകാൻ പറയാൻ സാധിയ്ക്കോ. ഒരു കുടുംബമായാൽ അമ്മയുണ്ടാകും നാത്തൂന്മാരുണ്ടാകും. അവരെയൊക്കെ കളയാൻ കഴിയോ.

മറി:—കളയാൻ വല്ലോരും പറഞ്ഞോ? വന്നുകഴിഞ്ഞാപ്പിന്നെ അമ്മയും മകളുംകൂടി തുടങ്ങും കുശുകുശാന്നു്. രണ്ടു ദിവസം കഴിയുമ്മെ നാത്തൂന്റെ മുഖവും കറക്കും. ഞാൻ വീട്ടിലേയ്ക്കാന്നു പോവാണ്. മോന്റെ ധ്യാനം അമ്മയും പെങ്ങളുംകൂടി അസ്സലായി നടത്തിക്കോളും. ഈയുള്ളോളുടെ ഏടക്കേട്ട് വേണ്ടാ.

തോമസ്സു വീണ്ടും ചിന്തയിലാണ്ടു. അമ്മയോടു പിണങ്ങാം; പക്ഷേ പെങ്ങളോടു പിണങ്ങാൻ തന്നെക്കൊണ്ടാവില്ല. എന്നാൽ പെങ്ങളും വരുമ്പോഴൊക്കെ വീട്ടിൽ കലക്കമില്ലാണ്ടു പോകാറുമില്ല. ധ്യാനക്കാരു് അച്ചന്മാരു് വീട്ടിൽ വരുമ്പോഴും എന്തെങ്കിലും അമ്മ പറയാണ്ടിരിക്കില്ല. കൂടെ പെങ്ങളും. മറിയാമ്മയും വിട്ടില്ല. ഈ സന്ദർഭം ഒന്നു മാറിക്കിട്ടാനെന്തെന്നു് പിന്നെയും ആലോചനയായി. കുറച്ചു കഴിഞ്ഞപ്പോഴും മറിയാമ്മ ചോദിച്ചു.

വീട്ടിൽ അപ്പനു നല്ല സുഖമില്ലെന്നല്ലേ എഴുത്തുവന്നതു്. പോരെങ്കിൽ തങ്കമ്മയ്ക്കു് ഈ പിറക്കും മാസം പത്തല്ലേ. ഞാനൊന്നു പോയിട്ടു വരാം. വെറുതെ മനുഷ്യരേക്കൊണ്ടു് പറയിക്കാൻ കഴിയില്ല.

തോ:—പെങ്ങളു് വരുന്നു പറഞ്ഞിട്ടാ ഇതു പേടി. കിടാങ്ങളുടെ സ്കൂളു് പൂട്ടിട്ടു് പോകാം. പെങ്ങളു് വരാൻ പോണില്ല. അതുകൊണ്ടു് പേടിക്കണ്ടാ.

മറി:—ഹാവു, ശനിയാഴ്ച വൈകുന്നേരത്തെവണ്ടിക്കു് കണ്ണിശോണു്, മോൻപോയപ്പോ ശരിയ്ക്കു് ഓതിക്കൊടുത്തിട്ടുണ്ടു്. അരീണങ്ങി തീരാറായി. ഈ മാസത്തെ പാലിന്റെ വക കൊടുത്തിട്ടില്ല. വിറകു് കഷ്ടിച്ചു് ഒരാഴ്ചയ്ക്കുണ്ടാകായിരിക്കും. എന്തുവേണെങ്കിലും ആവു്. നിങ്ങളായി നിങ്ങടെ പാടായി.

തോ:—അതുയൊന്നും പേടിപ്പിക്കണ്ടാ. നീ വരുന്നതിനു മുമ്പും ഞാൻ കഴിഞ്ഞാ പോന്നതു്. ഏതായാലും ഇത്തവണ വരുല്ലെന്നു് ഞാൻ ഉറപ്പുതരാം.

ആഴ്ച ഒന്നു കഴിഞ്ഞു. ധ്യാനം തുടങ്ങി. കൊച്ചുറോസമ്മയെ കാണാനില്ല. അമ്മ റോട്ടിലേക്കു് നോക്കി നോക്കി വിഷമിച്ചു. മറിയാമ്മയ്ക്കു സന്തോഷമായി. തോമസ്സു് ഉള്ളുകൊണ്ടൊന്നു ചിരിച്ചു. തന്റെ വിദ്യ ഫലിച്ചുവെന്നു തന്നെ തോമസ്സു് വിചാരിച്ചു. അമ്മയും മരുമകളും രണ്ടുനേരവും പള്ളിയിൽ പോകും. തമ്മിൽ വലിയ മിണ്ടാട്ടമില്ല. കപ്പ്യാനച്ചന്മാരു് അന്നാണു് ആ അങ്ങാടിയിൽ വരാൻ നിശ്ചയിച്ചിട്ടുള്ള ദിവസം. തോമസ്സു് രണ്ടു ദിവസത്തെ അവധിയെടുത്തു് വീട്ടിൽ കൂടിയിരിക്കയാണു്. അമ്മയും മരുമകളും എന്തൊക്കെയാണു് ഒപ്പിക്കുന്നതെന്നറിഞ്ഞുകൂടാ. താനുണ്ടായാൽ വലിയ കുഴപ്പം കൂടാതെ കഴിക്കാമെന്നാണു് തോമസ്സിന്റെ വിചാരം. ഭാര്യയോടു് മുമ്പുതന്നെ പ

റഞ്ഞു പോകരുതെന്നു കർശനമായി വിലക്കിയിട്ടുണ്ട്. അമ്മ എന്തെങ്കിലും പറഞ്ഞു പോയാൽ അവളും വിട്ടുകയില്ലെന്നു അയാൾക്കറിയാം. മകന്റെ വീട്ടിലെ സത്യാഗ്രഹം അമ്മയ്ക്കു പിടിച്ചിട്ടില്ല. മകൾക്ക് എന്തുപറ്റിയെന്നു അമ്മ പാക്കനപെണ്ണിനോട് പറയാറുണ്ട്. അന്നു പെണ്ണുങ്ങൾക്ക് മാതൃമുള്ള ധ്യാനം കഴിഞ്ഞദിവസമാണ്. അച്ചൻ അമ്മായി അമ്മമാർക്കും മരുമക്കൾക്കും മാറിമാറി നല്ലവണ്ണം അന്നു കൊടുത്തിട്ടുണ്ട്. അതു തോമാസ്സും അറിഞ്ഞുകഴിട്ടുണ്ട്. ഇതുകൊണ്ടൊന്നും അവർക്ക് ഒരു വ്യത്യാസവും ഉണ്ടാകാൻ പോകുന്നില്ലെന്നും അയാൾക്കറിയാം. ദിവസക്കൂലിക്കാരും ആഴ്ചക്കമ്പസരാക്കാരുമായ അവരാണ് എന്നും ഈ രാമരാവണയുദ്ധം നടത്താറുള്ളതും. അങ്ങേതിലെ റോസക്കുട്ടിയും മറിയാമ്മയും മൂന്നുകൊല്ലം അടുപ്പിച്ച് മിണ്ടാതിരുന്നവരല്ലേ. രണ്ടു പേരും ദിവസവും പള്ളിയിൽ പോയിരുന്നു. കുമ്പസാരത്തിനും മുടക്കുണ്ടാവില്ല. ആ സ്ഥിതിക്ക് ഈ താൽക്കാലിക ശാന്തത തോമസ്സിനെ സന്തോഷിപ്പിച്ചില്ല. പതിനൊന്നു മണിയായപ്പോഴേക്കും അച്ചനും മറവും വന്നു കയറി. തോമസ്സ് സ്തുതി പറഞ്ഞു് കസേരനീക്കിയിട്ട് അച്ചനോട് ഇരിക്കാൻ പറഞ്ഞതിനുശേഷം ഉള്ളിലേക്കു നോക്കി. അമ്മേ, ദേ, ധ്യാനിപ്പിക്കുന്ന അച്ചൻ വന്നിരിക്കുന്നു. എടാ രാജാ, അച്ചനോട് സ്തുതി പറാ.

അടുത്ത വീട്ടിൽ അച്ചൻ വന്നു കയറിയപ്പോൾ മുതൽ അമ്മയും മകളും തയ്യാറെടുത്തിരിക്കയാണ്. മകന്റെ വിളികേട്ട ഉടനെ തള്ളശ്ശി വാതുക്കൽ വന്നു സ്തുതി പറഞ്ഞു. പിന്നാലെ മരുമോളും.

അച്ചൻ:—എന്താ അമ്മാമ്മേ, സുഖമാണല്ലോ. നടക്കാൻ വിഷമമൊന്നുമില്ലല്ലോ. ഇതു മകനല്ലെ. വിശേഷിച്ചൊന്നും പറയാനില്ലല്ലോ.

തോമസിന്റെ നെഞ്ചിടിച്ചുതുടങ്ങി. അയാളാണ് അച്ചന്റെ ചോദ്യത്തിനുത്തരം പറഞ്ഞതു്.

അമ്മയ്ക്ക് ധ്യാനം നല്ലപോലെ പിടിച്ചു. ഈ പല്ലില്ലാത്ത ഞാനും പാടാൻ പഠിച്ചുവെന്നാണ് അമ്മ പറയണതു്. ഇപ്പോഴും മുട്ടമ്മൽ നിന്നു കുമ്പസാരം കാണാൻ അമ്മയ്ക്കു വിഷമമില്ല.

അച്ചൻ:—അമ്മാമ്മ എന്താ ഒന്നും മിണ്ടാത്തതു്.

അമ്മാമ്മ:—അച്ചാ, കൊറച്ചൊക്കെ പറയാനുണ്ട്: ഒന്നാമത്തതു് ഇവന്റെ കായ്യം. പ്രാത്ഥനയ്ക്കു് ഒറ്റദിവസം ഇവൻ കൂടാറില്ല. ഇപ്പോ തള്ളാരു് പറഞ്ഞാലൊണ്ടോ മക്കള് കൂട്ടാക്കണു്. കളേ്യ, ചീട്ടുകളി. ചോദിക്കുമ്പോ പറയും അച്ചന്മാരും കളിക്കാറുണ്ടെന്നു്.

അമ്മാമ്മ ഇതുയും പറഞ്ഞപ്പോഴേക്കും പടിക്കൽ ഒരാശുപത്രി വാൻ വന്നുനിന്നു. അതിൽനിന്നും അല്പം ഭേദപ്പെട്ട ഒരു മനുഷ്യൻ വേഗത്തിൽ ഇറങ്ങിവന്നു് തോമസ്സിനോടു്—

നിങ്ങളല്ലേ കേ. പി. തോമസു്, കോട്ടിൽ ജോലിയുള്ള ആൾ.

തോ:—അതേ, ഇരിയ്ക്കു് എന്താണാ വേണ്ടതു്.

ആൾ:—നിങ്ങളുടെ വേലക്കാരിയുടെ സുഖക്കേടു് എങ്ങനെ ഇരിക്കുന്നു. ഇതു് മുൻസിപ്പൽ പ്രതിഷ്ഠിയായതുകൊണ്ടു് ഇവിടെ കിടത്താൻ പാടുള്ളതല്ല. ഹെൽത്താഫീസരുടെ പ്രത്യേകം ഉത്തരവാണു്.

അമ്മ:—ഇതെന്തൊരു കൂത്തു്. അവളല്ലേ ആ നിൽക്കുന്നതു്. അങ്ങാടീപ്പോയിട്ടു് ഇപ്പൊ വന്നേള്ളു.

ആൾ:—നിങ്ങൾ മറയ്ക്കാൻ നോക്കേണ്ട. കമ്മീഷണർ വലിയ നിബ്ബന്ധക്കാരനാണു്. പകച്ചുവ്യാധിക്കാരെ ഉടൻ ഐസലേഷൻ ക്യാമ്പിൽ ആക്കണമെന്നാണു് ഗവൺമെൻറ് ആഡർ. നിങ്ങൾ തന്നെ വരുത്തിവച്ച മാരണമാണു്.

തോമസു് ഒന്നും മിണ്ടുന്നില്ല; മരപ്പാവപോലെ നിൽക്കയാണു്. അച്ചനും പകച്ചു. അമ്മാമ്മയാണു് പിന്നെയും ഉത്തരം പറയുന്നതു്.

അമ്മാ:—നിങ്ങൾക്ക് വീടുമാറിപ്പോയിരിക്കും എന്തരു സൂക്കേടു്, ആക്കു്.

ആൾ:—(തോമസ്സിനോടു്) നിങ്ങളല്ലേ നിങ്ങളുടെ അളിയന്റെ പേക്കു് കത്തെഴുതിയിരു


ന്നത് ഇവിടങ്ങളിൽ മസൂരി കുറേശ്ശെ ഉണ്ടെന്നും പാക്കണപെണ്ണിനു് ഓരോന്നു കണ്ടുതുടങ്ങിയെന്നും. അയാൾ ആ കത്തു് അങ്ങനെതന്നെ ഇവിടെ ഹെൽത്താഫീസക്കു് അയച്ചിരിക്കയാണു്.

തോമസ് കുടുകുടാ വിയർത്തു. വാൻ പടിക്കൽ കണ്ടു് ആളുകൾ കൂടിത്തുടങ്ങി. അങ്ങാടിയല്ലേ. അയൽ വീടുകളിൽ അനക്കമില്ല. എല്ലാവരും ചെവി വട്ടം പിടിച്ചു് ജനലക്കൽ കൂടിയിരിക്കാണു്. അച്ചന്റെ കൂടെ വന്ന കപ്യാരു ചെക്കൻ ഇതെന്തൊരുകുതിയാണെന്നു തോമസ്സിനോടു ചോദിച്ചും തുടങ്ങി.

ആകെ:—നിങ്ങളുടെ അളിയന്റെ, ഒരു സ്നേഹിതനാണു് ഹെൽത്താഫീസർ. ക്യാമ്പിലെ നേഴസിനോടു് രോഗിയെ പ്രത്യേകം നോക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. പക്ഷേ, ആളെ അങ്ങോട്ടു് മാറാതെ നിവൃത്തിയില്ല. നിങ്ങൾ ഞങ്ങളെ നേരിട്ടു് അറിയിക്കേണ്ടതായിരുന്നു. പകച്ചുവ്യാധിയല്ലേ; പോരെങ്കിൽ പട്ടണത്തിന്റെനടുക്കും.

അമ്മാമ്മ:—(ദേഷ്യത്തോടും സങ്കടത്തോടും) അച്ചാ, തമ്പുരാൻ സഹായിച്ചിട്ടു് ഇവിടെ ആർക്കും ഒരു സുഖക്കേടുല്ല. ആ പെണ്ണു തടിപൊലെ അതാനിക്കണ്ണു്. ആ—ഇപ്പോഴല്ലെ കൊച്ചുറോമ്മ ധ്യാനത്തിനു വരാത്ത കായ്ം മനസ്സിലായതു്. എടാ, ഉമ്മേം മാപ്പിളേംകോടെ—അച്ചാ, അച്ചനു കേക്കണോ പൂരാണം.

തോമസ്സു് തനിയ്ക്കിനി രക്ഷയില്ലെന്നു മനസ്സിലാക്കി. മറിയാമ്മ ഉള്ളിലേക്കു വലിഞ്ഞു. തോമസ്സു് ഓടി അകത്തു കടന്നു ഭാര്യയുടെ പെട്ടി തുറന്നു മണിപേഴ്സ് എടുത്തു് മുൻസിപ്പൽ ഉദ്യോഗസ്ഥനേയും പിടിച്ചുവലിച്ചു് ഒരു വിധത്തിൽ വാനിൽ കയറി. ഹെൽത്താഫീസരെ കാണാൻ പോയ ആ പാവം പിന്നെ രാത്രി സെക്കൻഡ് ഷോ കഴിഞ്ഞാണു് വീട്ടിൽ മടങ്ങിയെത്തിയതു്.



നല്ല നാളെ.

—:o:—

—(C. K.)—

'നല്ലനാളെ' സൃഷ്ടിയ്ക്കാൻ ചിലർ വെമ്പൽകൊള്ളുന്നു. ഇന്നലെ നന്നായാണോ കഴിഞ്ഞുകൂടിയതെന്നോ ഇന്നു് നന്നായിട്ടാണോ കഴിയുന്നതെന്നോ പരിശോധിയ്ക്കാൻ അധികമാരും മുന്നോട്ടിറങ്ങുന്നതായി കാണുന്നില്ല. ഭക്തലോകം അങ്ങനെ ചെയ്യുന്നുണ്ടാവാം!

മനുഷ്യനു് ഒരാത്മാവുണ്ടു്. അതു ശാശ്വതം. ശരീരം നശ്വരവും. നശ്വരമായ ശരീരക്കാരൻ. നാളെയേപ്പറ്റിയാണു് പലരും ഉൽക്കടമായി ചിന്തിയ്ക്കുക. ആവേശം കൊള്ളുക. പ്രസംഗിക്കുക. എഴുതുക. ഇന്നലെയങ്ങനെ ഇങ്ങനെ കഴിഞ്ഞു. ഇന്നും ഏറെക്കുറെ അങ്ങനെതന്നെ കഴിയും!

പിന്നെ, നാളത്തേ കായ്മല്ലെ? അതു മങ്ങനെയിങ്ങനെ കഴിയുമെന്നു വച്ചുകൂടെ?

പാടില്ലത്രെ!

നാളെ നന്നാവാനെന്തുവേണം?


ലോകാരംഭം കഴിഞ്ഞിട്ടു അയ്യായിരത്തിൽപരം വർഷങ്ങൾ കഴിഞ്ഞിരിയ്ക്കുന്നു—ക്രിസ്തു അവതരിച്ചിട്ടു രണ്ടായിരം വർഷങ്ങളോളവും കടന്നുപോയിരിക്കുന്നു. യേശു ക്രിസ്തുവിന്റെ ഒരു ശിഷ്യൻ തന്നെ 52—മാണ്ടു് സഹ്യപർവ്വതവും കേറികടന്നു കേരളത്തിൽവന്നു 'സുവിശേഷ'ത്തിന്റെ വിത്തു വിതച്ചു. അനന്തരം ഒരായിരം വർഷങ്ങൾക്കുശേഷം, മറെറാരു താപസവര്യനും ഇവി

ടെ വന്നു, മാർത്തോമ്മാ വിത്തു വിത്തു പ്രപൂഷ്ടമാക്കി. എന്നിട്ടെന്തായി?

മാർത്തോമ്മായുടേയും സേവിയറുടേയും സന്താനങ്ങളെ അഭിമാനിച്ച്, സിദ്ധന്മാരുടെ തിരുനാമധേയങ്ങളും വഹിച്ചുകൊണ്ട് നടക്കുന്ന ചില കത്തോലിക്കരുടെ അഭിപ്രായഗതിയെന്താണെന്നു ആറിഞ്ഞിട്ടു വേണമല്ലൊ ഉത്തരന്മാരുടെ കാഴ്ച്ചമനോഭാവിയ്ക്കുവാൻ — ക്രിസ്തുദേവാന്റെ വളർത്തച്ഛന്റെ പേരാണ മാർ യൗസേപ്പ്; പിശാചിനൊട്ട് മത്സരിച്ച് വിജയം നേടിയ പുണ്യവാനാണ് മാർ ഗീവറുഗീസ്, മാലാഖായാണ് റപ്പായേൽ—ക്രിസ്ത്യാനികളം മാമ്മോദീസാ മുങ്ങുമ്പോളം, അവരുടെ മാതാപിതാക്കന്മാരുടെ നിർദ്ദേശാനുസരണം ഓരോ പുണ്യവാന്മാരുടെ പേരുകളം നല്കപ്പെടും. അത് വെറുമൊരു ചടങ്ങല്ല. അർത്ഥസമ്പൂർണ്ണമാണ്. നല്ലനാളെയെ സൃഷ്ടിക്കുവാൻ, ആ ക്രിസ്ത്യനിയെ സഹായിക്കൻ സഭയിൽ ഒരു രക്ഷകത്താവിനെ സമ്പാദിക്കുകയാണ്. സഭയിലെ രക്ഷകർത്താവിന്റെ സഹായം അർത്ഥിയ്ക്കുക ആത്മാവിന്റെ അനശ്വരത്വം, സഭയിന്റെ ആസ്തിക്യം എന്നിവകളിൽ വിശ്വസിയ്ക്കുക എല്ലാം വേണം.

സഭയുടെ, ഈശ്വരന്റെ, ആത്മാവിന്റെ ആസ്തിക്യങ്ങളിൽ വിശ്വാസമില്ലാത്ത ഒരാൾ എന്തിനീപ്പേരുകളം വച്ചു പുലർത്തുന്നു? പേരുകൊണ്ട്, സാധാരണക്കാർ, ജാതി, മതം എല്ലാമതിനു മുൻകൂട്ടി നിണ്ണയിക്കുന്ന ഒരു സമ്പ്രദായം നിലവിലിരിക്കുന്നൊടത്തോളം കാലം ഇതൊരു 'രുദ്രാക്ഷമാല'യായിട്ടാണിരിക്കുന്നത്തു. നിയമപ്രകാരം, ന്യായപ്രകാരം മറ്റാരുപ്രകാരം ഒരു കത്തോലിക്കൻ ഈശ്വരാസ്തിക്യത്തിൽ, ക്രിസ്തുദേവന്റെ ഈശ്വരത്വത്തിൽ, കന്യകമറിയാത്തിന്റെ നിർമ്മലത്വത്തിൽ, കന്യാത്വത്തിൽ, ത്രിത്വത്തിൽ, മാപ്പാപ്പായുടെ പരമാധികാരത്തിൽ, മെത്രാന്മാരുടെയും പൈദീകരുടെയും അധികാരത്തിൽ വിശ്വസിച്ച വിധേയനായെ കഴിയൂ. അവകാശങ്ങളെക്കും, ഉദ്ദ്യോഗസ്വാതന്ത്ര്യത്തിനും അനിയന്ത്രിതവിഹാരങ്ങൾക്കും വിലങ്ങുതടിയായി നില്ക്കുന്നുയെന്നു വിശ്വസിയ്ക്കുന്നവർ, എന്തിനീപ്പേരുകളം വഹിച്ച് ജനതതിയെ വഞ്ചിയ്ക്കുന്നു?— അകത്തുമല്ല പുറത്തുമല്ല നിലയിൽ നില്ക്കുന്നതു ആക്ഷേപകരമല്ലെ? ലജ്ജാവഹമല്ലെ? തന്റെ കുറവല്ലെ? കത്തോലിക്ക തിരുസഭ ഒരു വളഭൂമിയാണ്. അതിനകത്തു നല്ല വിത്തും തിയ്യവിത്തും വളരും.—"ദുഷ്ടൻ പനപോലെ വളർന്നിടുമെ!


ഈ രഹസ്യം എല്ലാവരും ഗ്രഹിക്കുന്നില്ല. ഗ്രഹിച്ചിരുന്നെങ്കിൽ പല അനർത്ഥങ്ങളും കൂടാതെ കഴിയ്ക്കുമായിരുന്നു.



"കുടുംബാംഗങ്ങൾ."

(കെ. സി. ചാക്കോ, എം. എ; ബി. ഈ; എം. എസ്; എ. എം. ഐ. ഇ; എ. എം. എ. എം. എസ്. സി. ഈ.)

ഒരു വൈദികന്റെ രജതജൂബിലി ആ ഘോഷം പ്രമാണിച്ച് ധാരാളം വൈദികരും അല്മായരും സംബന്ധിച്ച ഒരു ഉദ്യാനവിരുന്നുണ്ടായിരുന്നു. അനിഥികളുടെ വലിപ്പവും ഒരുക്കങ്ങളുടെ ഭംഗിയും, ആ മുഹൂർത്തത്തിന്റെ ഓമ്മയും എല്ലാംകൂടി വൈദികനെ. ഉദ്വേഗഭരിതനാക്കി. പാനോപചാരപ്രസംഗങ്ങളും പലതും നടന്നു. അവസാനം വികാരതരളിതനായ ആ വൈദികൻ എഴുനേറ്റു ചുറ്റും നോക്കി. വൈദിക സഹോദരങ്ങളേയും, അൽമായ സുഹൃത്തുക്കളേയും ഒരേ നോട്ടത്തിൽ അദ്ദേഹം കണ്ടു അത്മവും സൂചനകളും ശരിയായി അറിഞ്ഞോ അറിയാതെയോ അദ്ദേഹം പ്രസംഗം തുടങ്ങിയത് ഇങ്ങനെയായിരുന്നു.



"എന്റെ സഹോദരങ്ങളായ വൈദിക സുഹൃത്തുക്കളും കഴിഞ്ഞാൽ അല്മായ സഹോരങ്ങളെപ്പോലെ ഞാൻ സ്നേഹിക്കുന്ന മറ്റാരും ഈ ഭൂമുഖത്തില്ല."

ആട്ടിൻകൂട്ടവും അജപാലകരും തമ്മിൽ ഉള്ള ബന്ധം എത്ര ശക്തവും ധന്യവും ആണെന്നു നോക്കൂ! അമേരിക്കയിൽ മാത്രമല്ല ലോകത്തിൽ എവിടെയും ഇങ്ങനെതന്നെയല്ലേ. മ്ശിഹായുടെ നിഗൂഢ ശരീരാംശങ്ങളായി ഈ ഇരുകൂട്ടരും പരസ്പരം സാഹോദര്യത്തിൽ ഒന്നായിത്തീരുന്ന ഒരു ബന്ധം!

പക്ഷെ ഇന്നത്തെ അല്മായ സമൂഹത്തെപ്പറ്റി നാം പല ആക്ഷേപങ്ങളും ആശങ്കകളും കേൾക്കുന്നുണ്ടായിരിക്കാം. എത്ര എത്ര ആളുകൾ മന്ദഭക്തിക്കാർ മാത്രമല്ല അവിശ്വാസികൾ കൂടിയായി സഭാമാതാവിൽനിന്നു പിരിഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്നു. കത്തോലിക്കരായി വളർന്നവർപോലും എത്രമാത്രം വൈദികവിദ്വേഷികളായി തിരിഞ്ഞിരിക്കുന്ന രാജ്യങ്ങളെപ്പറ്റി നാം വായിക്കുന്നു. സാരമില്ല. ആദ്യത്തെ ഓശാനഞായറാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ഇടയ്ക്ക്, മഹാപുരോഹിതനും ബലിവസ്തുവുമായ ദൈവകുമാരന്റെ ആനന്ദായികളിൽനിന്നു പോലും എത്ര പേർ ശത്രുതയിലെയ്ക്ക് മാറുവാൻ ദൈവം അനുവദിച്ചു.

"ഞായറാഴ്ച ക്രിസ്ത്യാനികൾ മാത്രമാണ് നമ്മിൽ പലരും" എന്നു ചിലർ പറയാറില്ലേ. അത്ര ഗൗരവാവഹമായ ഒരു നിലയായി കരുതാനില്ല. അനേകനാൾ ധ്യാനപ്രസംഗങ്ങളും നടത്തിയും പാപസങ്കീർത്തനം കേട്ടും മനുഷ്യഹൃദയങ്ങളുടെ നിഗൂഢ വ്യാപാരങ്ങളെ അടുത്തറിയാൻ കഴിഞ്ഞിട്ടുള്ള ലിയോ ജെ ടെസ് എന്ന ഒരു വൈദികൻ പറയുകയാണ്. "വെന്തിങ്ങയും കൊന്തയും കാഷ്ഠരൂപങ്ങളും മുറുകെ പിടിച്ച കപടഭക്തന്മാരുടെ നിഷ്കൃഷ്ടമായ ഭക്തിപ്രകടനങ്ങളെക്കാണുന്നതിനേക്കാൾ കൂടുതൽ

ആനന്ദവും തൃപ്തിയും അനുഭവിക്കാവുന്ന അവസരങ്ങളും ഇതൊന്നും ഒരു പക്ഷേ ഇല്ലാത്ത സാധാരണക്കാരുടെ ആത്മീയ വിശുദ്ധി കണ്ട് ഉണ്ടാവുക ഒരു വൈദികന്റെ ജീവിതത്തിൽ സാധാരണമാണെന്ന് എനിക്കുതോന്നുന്നു.''

എങ്കിലും നമുക്ക് അതുകൊണ്ട് തൃപ്തിയ്ക്കോ കൃതാർത്ഥതയ്ക്കോ അവകാശമില്ല. കൂടെക്കൂടെ നാം കേൾക്കാറില്ലേ ഓരോരുത്തരെ വിശുദ്ധന്മാരുടെ പദവിയിലേയ്ക്കുയർത്തുന്നതു്? നമ്മുടെ ഇടയിൽനിന്നും ഇതുവരെയും ഒന്നും ഇല്ലാതെ പോയതു് എന്തുകൊണ്ട്? നാമകരണസംബന്ധമായ ചിലവുകൾ ചെയ്യാൻ നമുക്കു കഴിവില്ലാത്തതുകൊണ്ടു മാത്രമല്ല അതു്.

നമ്മിൽ പലരും സുവിശേഷത്തിലെ ആ ചെറുപ്പക്കാരനെപ്പോലെ പ്രമാണങ്ങൾ പാലിക്കുവാൻ മാത്രം മുന്നോട്ടു വരുന്നതേയുള്ളൂ. ഞായറാഴ്ചകുമ്പാനാ, വാഷിക്കപാപസങ്കീർത്തനം, പെസഹാക്കാലത്തു് ദിവ്യകാരുണ്യസ്വീകരണം, സൗകര്യമുണ്ടെങ്കിൽ കുട്ടികളെ കത്തോലിക്കാവിദ്യാലയങ്ങളിൽ അയക്കുക. കുറെയെല്ലാം ധർമ്മകാര്യങ്ങൾക്കും സഹായിക്കുക: ഇതിൽ കവിഞ്ഞു നാം എന്തു ചെയ്യുന്നു? ''എന്റെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുക'' എന്നു കല്പിച്ച ദിവ്യനാഥൻ ഇത്രമാത്രമേ നമ്മിൽനിന്നു പ്രതീക്ഷിക്കുന്നുള്ളോ?

ഇരുപത്തിനാലുമണിക്കൂറും ദൈവത്തിനു വേണ്ടി ജീവിക്കുവാനുള്ള ഒരു ശ്രമമാണു് വൈദികരിലും അൽമായരിലുംനിന്നു് ഉയരേണ്ടതു്. ഓരോ ദിവസത്തേയും എല്ലാ പ്രവർത്തികളും കാലത്തെ ഒരു പൊതുസമർപ്പണംകൊണ്ടു് പവിത്രീകരിക്കാമെന്നു് കരുതി തൃപ്തിപ്പെടാതെ സകലതും സുനിശ്ചിതമായ ഒരു ലക്ഷ്യത്തോടുകൂടി ചെയ്യുവാൻ നാം പരിചയിക്കണം. ദേവാലയവും ബലിപീഠവും പാപസങ്കീർത്തനവേദിയും, പ്രസംഗമണ്ഡപങ്ങളും, മരണക്കിടക്കകളും ഒരു വൈദികന്റെ മറവുള്ളവരെ നന്നാക്കുവാനുള്ള സേവനരംഗങ്ങളായിരിക്കുമ്പോഴത്തന്നെ അവ അദ്ദേഹത്തെ വിശുദ്ധ പദത്തിലേയ്ക്കുയർത്തുന്ന ഉപാധികൾകൂടി ആണെന്നു് അദ്ദേഹം വിസ്മരിക്കരുതു്. ഭവനവും, അടുക്കളയും, വിദ്യാലയങ്ങളും തൊഴിൽശാലകളും, ഉല്ലാസകേന്ദ്രങ്ങളും, വിശ്രമസങ്കേതങ്ങളും എല്ലാം അൽമായരുടെ ഉപജീവനമാർഗ്ഗങ്ങളും രംഗങ്ങളും ആയിരിക്കുമ്പോഴത്തന്നെ അവ, അവരെ വിശുദ്ധപദത്തിലേയ്ക്കുയർത്തുന്ന ഗോവണികൾകൂടി ആയിരിക്കണം എന്നു് അവരും മറക്കരുതു്.

നമ്മുടെ ദൈവബോധവും ദൈവസ്നേഹവും സാമൂഹ്യബോധത്തിൽ അടിയുറപ്പിച്ചതാണെങ്കിൽ ഈ ചിന്ത നമുക്കു കൂടുതൽ സ്വാഭാവികമായിത്തീരും. എന്റെ പ്രാർത്ഥന ഞാനും ദൈവവുമായുള്ള ഒരു നർമ്മഭാഷണമോ, വാദപ്രതിവാദമോ, യാചനയോ മാത്രമല്ല. പിന്നെയോ, അതു് ഞാനുംകൂടിച്ചേർന്ന മിശിഹായുടെ മൗതികശരീരത്തിന്റെ വളർച്ചയ്ക്കും പൂർണ്ണതയ്ക്കുമുള്ള ഒരു പ്രവർത്തനമാണു് ഞാൻ എന്നു് അപ്പോൾ മനസ്സിലാകും. എന്റെ പാപം എവിടെയോ ഉള്ള അദൃശ്യനായ ഒരു ദൈവത്തോടുള്ള അധിക്ഷേപമോ പ്രതിഷേധമോ മാത്രമല്ല, ദൈവത്തിന്റെ സൃഷ്ടികളായ എല്ലാ മനുഷ്യരോടുമുള്ള ഒരു ദ്രോഹംകൂടിയാണു് അതു് എന്ന അറിവു് എനിക്കു് അപ്പോൾ ഉണ്ടാകും. പാക്കിസ്ഥാനിലോ ടിബറിലോ കിടന്നു വിശന്നുപൊരിഞ്ഞു മരിക്കുന്ന ഒരു കുഷ്ഠരോഗിയും, എന്റെ സ്വന്തം ഒരു കൂടപ്പിറപ്പും അപ്പോൾ എനിക്കു് ഒന്നുപോലെ സ്വീകാര്യനും സ്നേഹയോഗ്യനും ആകും. ഈ മൗതലാബോധം വന്നാൽ മാത്രമേ, സുശക്തമായ സാമൂഹ്യപ്രവർത്തനങ്ങൾക്കുള്ള പ്രചോദനം നമുക്കു ലഭിയ്ക്കൂ. അപ്പോൾ മാത്രമേ വൈദികരുടേയും അൽമായരുടേയും ലക്ഷ്യവും മാർഗ്ഗവും ഒന്നുതന്നെയാണെന്നു പൂർണ്ണമായി മനസ്സിലാക്കി നമുക്കു പരസ്പരം സഹകരിക്കാൻ കഴിയൂ. നമുക്കു ലക്ഷ്യം ഒന്നുതന്നെ. ദൈവം നമ്മെ എവിടെ ആക്കിയിരിക്കുന്നുവോ, അവിടെ ആ നിലയിൽ ദൈവതിരുമനസ്സു് നിറവേറുക. എങ്ങനെയാണു് ഞാൻ അല്ലെങ്കിൽ മറേറ ആളും പ്രവർത്തിക്കേണ്ടതു് എന്നതിനേക്കാളും, എത്ര നല്ല മനസ്സോടുകൂടിയാണു്, എത്ര സ

സന്തോഷത്തോടുകൂടിയാണ്, എത്ര ഉദ്ദേശശുദ്ധിയോടുകൂടിയാണ് ഞാൻ പ്രവർത്തിക്കുന്നതു് എന്നു നമുക്ക് ഓരോരുത്തക്കും ചോദിക്കാം. സഹകരണത്തിനു് ഇതിനേക്കാം പറ്റിയ പശ്ചാത്തലം നമുക്ക് ഒരുക്കുവാനില്ല.

നയിക്കുന്നവരും നയിക്കപ്പെടുന്നവരും എന്ന നിലകളിൽ വൈദികരും അൽമായരും തമ്മിൽ വിവേചനം ചെയ്യപ്പെടാമെന്നിരുന്നാലും, മാത്സര്യവും, സ്പർദ്ധയും, അവിശ്വാസവും, സ്വാർത്ഥചിന്തയുംകൂടാതെ ഒരേ ലക്ഷ്യത്തിലേയ്ക്ക്, കൈകോർത്തുപിടിച്ചുകൊണ്ടു മുന്നോട്ടു പോകുന്നവരാണ് നാം എന്ന ചിന്ത എത്ര ഹൃദ്യമാകുന്നു. നയിക്കുന്നതും നയിക്കപ്പെടുന്നതും രണ്ടും വിരുദ്ധങ്ങളായ മനോഭാവങ്ങളല്ല, ഒന്നു തന്നെയാണ് എന്നു് മനസ്സിലാക്കാൻ നമുക്കു കഴിയണം. വൈദികരുടെ കാവല്ക്കാർ അൽമായരും, അൽമായരുടെ കാവല്ക്കാർ വൈദികരും ആകണം. "എന്റെ സഹോദരന്റെ കാവല്ക്കാരൻ ഞാനോ" എന്ന ചോദ്യം, നാം ചോദിക്കാതിരിക്കാൻ വേണ്ടിയാണ് സൃഷ്ടിയുടെ ആരംഭത്തിൽത്തന്നെ ഏറ്റവും ബീഭത്സമായ ആ ചോദ്യം ഉയരാൻ ദൈവം അനുവദിച്ചതു് എന്നു് ഞാൻ ചിലപ്പോം കരുതിയിട്ടുണ്ട്.

തിരുസഭയിലെ അടയാളപ്പെടുത്തപ്പെട്ട ഈ രണ്ടു കൂട്ടങ്ങളും തമ്മിൽ പിണക്കുവാനുള്ള പരിശ്രമം പല രാജ്യങ്ങളിലും സംഘടിതമായി നടക്കുന്നതായി കേട്ടിട്ടുണ്ട്. ചില രാജ്യങ്ങളിൽ പ്രവൃദ്ധമായ വൈദികവിദ്വേഷമനസ്ഥിതി നിലവിലുള്ളതായും കേൾക്കുന്നു. ശിഥിലീകരണത്തിനടുത്ത താല്പര്യചിന്തകളും നമ്മുടെ ഇടയിൽ വളരാതിരിക്കുന്നതിനുള്ള ഒരു ശ്രമം നമ്മുടെ ലക്ഷ്യത്തിന്റെ ഐക്യത്തെപ്പറ്റിയുള്ള ബോധം സാധാരണ ജനങ്ങളിൽ വളർത്തുകയാണ്. മറ്റു ചിലയിടങ്ങളിൽ ഇതിനെതിരായുള്ള പ്രചരണം നടക്കുന്നു എന്നറിയുന്നതു് നമ്മെ കൂടുതൽ കർമ്മോത്സുകരാക്കുവാൻ ഉപകരിക്കട്ടെ.

വൈദികരുടേയും, വൈദികാദ്ധ്യക്ഷന്മാരുടേയും, മതസ്ഥാപനങ്ങളുടേയും, മതപരമായ സംഭവങ്ങളുടേയും ജൂബിലികളും മറ്റും ആഘോഷിക്കുന്നതു് മുകളിൽ സൂചിപ്പിച്ചതരത്തിലുള്ള പരസ്പരബന്ധത്തെ അത്യധികം ബലപ്പെടുത്തുന്നു. വിശ്വാസത്തോടും, സ്നേഹത്തോടും, ഐക്യത്തോടുംകൂടിയുള്ള സഹകരണത്തിനു് അതുവഴി തെളിക്കുന്നു.

ഈ സന്ദർഭത്തിൽ നാം ആഘോഷിക്കുന്ന തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ ജൂബിലിയെ അനുസ്മരിയ്ക്കുവേ അത്യന്തം കട്ടിനാം ഗിൽറോയ് തിരുമനസ്സുകൊണ്ടു് ഒരു അഭിപ്രായം പറയുകയുണ്ടായി. "കേരളത്തിനു് അഭിമാനം കൊള്ളാവുന്ന ഈ വൈദികമേലദ്ധ്യക്ഷന്റെ ഇരുപത്തഞ്ചുകൊല്ലത്തെ പൗരോഹിത്യജീവിതത്തെ ധന്യമാക്കുവാൻ നിങ്ങളും സഹായിച്ചിട്ടുണ്ട്. എന്നാൽ, പ്രായാധിക്യവും മറ്റും മൂലം അതിലും കൂടുതൽ നിങ്ങളുടെ സഹായസഹകരണങ്ങളും ആവശ്യപ്പെടുന്ന ഒരു കാലഘട്ടത്തിലേക്കു കടക്കുന്ന തിരുമേനിയ്ക്കു് തുടർന്നും നിങ്ങളും എല്ലാപ്രകാരത്തിലുമുള്ള പിന്തുണയും സഹായവും നല്കുക." ഏകദേശം ഇതായിരുന്നു പരിശുദ്ധപിതാവു തിരുമനസ്സിലെ ആ പ്രതിപുരുഷന്റെ പൈതൃകമായ ആഹ്വാനം. പിതൃപുത്രബന്ധത്തെ ചൂണ്ടിക്കാണിച്ച ഒരു ആഹ്വാനം!

ഒരു കുടുംബത്തിലെ അംഗങ്ങളും എന്നപോലെ, പിതാവും മക്കളും എന്നപോലെ, പരസ്പരം സ്നേഹിച്ചും വിശ്വസിച്ചും, സഹായിച്ചും, വൈദികരും അൽമേയരുംകൂടി മുമ്പോട്ടു പോകുന്നതു് ലോകം കാണുവാൻ നമുക്ക് ഓരോരുത്തക്കും കഴിവതു പരിശ്രമിക്കാം. അപ്പോം മാത്രമേ തിരുസഭയുടെ പൂർണ്ണമായ രൂപവും ലക്ഷ്യവും പുറമേയുള്ളവക്ക് മനസ്സിലാകൂ. പ്രതിഫലം പറ്റിക്കൊണ്ടു് സേവനം അനുഷ്ഠിക്കുന്ന ഒരു വർഗ്ഗമല്ല നമ്മെ നയിക്കുന്നതു് എന്നു് അപ്പോം മാത്രമേ അവർ അറിയുകയുള്ളൂ.



PARISH PRIEST. എടവക വികാരി.




on European tour. യൂറോപ്പുയാത്രയിൽ.


Cardinal Gilroy (Papal Legate) at Trichur for Bp's Jubilee.




Presentation of Address to His Eminence.




Blessing Bp. Alapatt Jubilee Hospital, Trichur.




His Emce. Replying.



Blessing Bp. Alapatt Jubilee Hospital, Trichur.



God save the Pope.




Blessing Found. Stone, Leper Hospital, Trichur.

കത്തോലിസവും — കമ്മൂനിസവും.

★

—(ജോജ്ജ് നെല്ലായി.)—

ലോകത്തിലിന്നു രണ്ടു മഹാ 'ഇസ'ങ്ങളാണുള്ളതു്. ഒന്നു കത്തോലിസവും മറെറാന്നു കമ്മൂനിസവും. രണ്ടും മനുഷ്യനെങ്ങനെ ജീവിക്കണമെന്നു നിർദ്ദേശിക്കുന്ന രണ്ടു വിഭിന്ന സിദ്ധാന്തങ്ങളാണു്. ഈ അടിസ്ഥാനത്തിൽ വേണം നാം കത്തോലിസത്തേയും കമ്മൂനിസത്തേയും പററി ചിന്തിക്കാൻ. മനുഷ്യൻ ഈശ്വരനോടുകൂടിയുള്ള ഒരു ജീവിതം നയിക്കണമെന്നു കത്തോലിക്കാതിരുസ്സഭ പഠിപ്പിക്കുമ്പോഠം, ദൈവമെന്നുള്ള ആശയത്തെത്തന്നെ മനുഷ്യഹൃദയങ്ങളിൽനിന്നും മാററിയാലെ അവനു മോചനമുള്ളുവെന്നു കമ്മൂനിസം പഠിപ്പിക്കുന്നു. കമ്മൂനിസ്റ്റുതത്വസംഹിത കണ്ടുപിടിപ്പിച്ച കാൾമാർക്സ് ഒരിടത്തു പറഞ്ഞിരിക്കുകയാണു്. "മതബോധത്തേയും നിത്യജീവനായ ഭാഗ്യത്തെക്കുറിച്ചുള്ള മായാമോഹത്തേയും ജനഹൃദയങ്ങളിൽനിന്നു ഉന്മൂലനംചെയ്യുന്നതുവരെ അവർക്കു യഥാർത്ഥമായ സൌഭാഗ്യം കൈവരുന്നതല്ല."



നാം ആദ്ധ്യാത്മിക സത്തകളുടെ മുമ്പിൽ ശിരസു നമിക്കുമ്പോഠം മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുമ്പോഠം ഒരു കമ്മൂനിസ്റ്റുകാരൻ വിശ്വസിക്കുന്നു മനുഷ്യനു ശവക്കുഴിക്കപ്പുറമൊരു ജീവിതമില്ലെന്നും, അവൻ പട്ടിയും പന്നിയും മരിച്ചുമണ്ണടിയുന്നതുപോലെ മണ്ണടിയുകയുള്ളുവെന്നും. കത്തോലിസവും കമ്മൂനിസവുമായിട്ടുള്ള അതിപ്രധാനമായിട്ടുള്ള വ്യത്യാസവും ഇവിടെയത്രെ സ്ഥിതിചെയ്യുന്നതു്.

രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് സ്നേഹത്തിന്റേയും സേവനത്തിന്റേയും കാഹളമൂതിക്കൊണ്ടു ക്രിസ്തു ലോകത്തു് അവതരിച്ചു. സൌഹാർദ്ദത്തിന്റേയും സൌഭ്രാതൃത്തിന്റേയും ആ മഹൽ സന്ദേശങ്ങളെ തന്റെ അനുയായികളും വഴിയായി അദ്ദേഹം ലോകത്തിന്റെ നാനാഭാഗത്തു് എത്തിക്കുകയും ചെയ്തു. ക്രിസ്തുവിനുമുമ്പു് അനേകം പ്രശസ്തരായ വ്യക്തികളും സമുദായങ്ങളും ഭൂമുഖത്തുണ്ടായിരുന്നു. എന്നാൽ അവരാരുംതന്നെ ആവിഷ്കരിച്ചിട്ടില്ലാത്ത ഒരു അത്യുന്നതതത്വസംഹിതയാണു് അദ്ദേഹം ലോകത്തിന്റെ മുമ്പിൽ വെച്ചതു്. മിത്രങ്ങളെപ്പോലെ ശത്രുക്കളേയും സ്നേഹിക്കുക. അതുവരെ ലോകം മിത്രങ്ങളെ സ്നേഹിക്കുന്നതിനു മാത്രമെ പഠിച്ചിരുന്നുള്ളു. എന്നല്ല ശത്രുക്കളോടു കൂടുതൽ ശത്രുഭാവേന വർത്തിക്കുന്നതു് സായൂജ്യമായി അന്നുള്ളവർ കരുതി. എന്നാൽ ക്രിസ്തു പഠിപ്പിച്ചു. നിനക്കു് ഉപകാരം ചെയ്യുന്നവരെമാത്രം സ്നേഹിച്ചാൽ പോരാ, നിനക്കു ദ്രോഹം ചെയ്യുന്നവരെക്കൂടി സ്നേഹിക്കുക! തന്റെ സ്നേഹതന്ത്രി അദ്ദേഹം പല സ്ത്രീനായുടെ പ്രാന്തങ്ങളിൽ മീട്ടി. അതിന്റെ അലയടികളും അനായസേന ലോകത്തിന്റെ നാനാഭാഗത്തും മാറെറാലികൊള്ളുകയും ചെയ്തു.

കമ്മൂനിസത്തിനു് ഈ ലോകത്തിനു എന്തു സംഭാവനചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നു നാമൊന്നാലോചിക്കുക. അക്രമം—വിപ്ലവം—അതാണു് കമ്മൂനിസം ലോകത്തിനു നല്കിയിട്ടുള്ളതു്.

അതിൽ കവിഞ്ഞ ഒരു സിദ്ധാന്തസംഹിത ആ വിഷ്കരിക്കാൻ ആ ജർമ്മൻകാരനു കഴിഞ്ഞില്ല! ക്രിസ്തുപറഞ്ഞു മുതലാളിയും തൊഴിലാളിയും സമന്മാരാണെന്നു്. കാറൽമാർക്സ് പറഞ്ഞു മുതലാളിയും തൊഴിലാളിയും ആജീവനാന്തം ശത്രുക്കളാണെന്നു്! ആ ശത്രുതയുടെ അടിസ്ഥാനത്തിൽതന്നെയാണ് അദ്ദേഹം തന്റെ വർഗ്ഗസമര (Class war) സിദ്ധാന്തത്തിനു് അടിക്കല്ല് പണതതും. വർഗ്ഗസമരം പുരോഗമനത്തിന്റെ ദൃഷ്ടാന്തമല്ലെന്നും പ്രത്യുത വർഗ്ഗസഹകരണമാണ് ഏതത് ലക്ഷ്യപ്രാപ്തിയിലേയ്ക്കുള്ള മാർഗ്ഗമെന്നും കത്തോലിസം പഠിപ്പിക്കുന്നു. മറെറാരു മൌലികമായ വ്യതിയാനം ഈരണ്ട് ഇസങ്ങളും തമ്മിൽ നമുക്കു കാണാൻ കഴിയുക, അവയുടെ കേന്ദ്രീകരണത്തോടുള്ള നിലപാടിലാണ്. കമ്യൂനിസം സാമ്പത്തിക കേന്ദ്രീകരണത്തിനു വേണ്ടി വാദിക്കുന്നു. അതായത് ലോകത്തിലെ സമ്പത്തെല്ലാം രാഷ്ട്രമാകുന്ന ആ കേന്ദ്രീകരണസ്ഥാനത്തിൽ കുന്നുകൂടണം. വ്യക്തിക്ക് സ്ഥാനമില്ല. വ്യക്തി രാഷ്ട്രത്തിന്റെ വെറും ഉപജീവി. മനുഷ്യമഹത്വത്തെ സുതരാം ഉദ്ഘോഷിക്കുന്ന കത്തോലിക്കാ തിരുസ്സഭ സിദ്ധാന്തിക്കുന്നു, എല്ലാ വ്യക്തികൾക്കും സകാര്യസമ്പത്തിനുള്ള അവകാശമുണ്ടെന്നും, വ്യക്തിയെ ഒരിക്കലും രാഷ്ട്രത്തിന്റെ അടിമയാക്കരുതെന്നും. എല്ലാവരേയും നിർധനരാക്കുന്ന കമ്യൂനിസ്റ്റ് വ്യവസ്ഥിതിക്കു പകരം എല്ലാവരേയും സമ്പത്തു സമ്പാദനത്തിനു അവകാശമുള്ള പൌരന്മാരാക്കണമെന്നാണ് സഭയുടെ പാഠം.

തരം തിരിച്ചുള്ള ഈ പരിശോധനയിൽ ഇനിയും പലഘടകങ്ങളും നമുക്കു കാണാൻ കഴിയും കമ്യൂനിസം കുടുംബത്തെ തകർക്കുന്നു. വ്യക്തിയും രാഷ്ട്രവും മാത്രം സമുദായത്തിൽ മതി, കുടുംബമെന്നൊരു ഘടകം ആവശ്യമില്ല—ഇതാണ് അവരുടെ വാദം. എന്നാൽ കത്തോലിസം പരിപാവനമായ കുടുംബബന്ധത്തെ വളർത്തുന്നു. വ്യക്തിയും രാഷ്ട്രവും പോരാ ലോകത്തിൽ. കുടുംബം വേണമെന്നു കത്തോലിക്കാ സഭ അനുശാസിക്കുന്നു. പരിപാവനമായിട്ടുള്ള കുടുംബബന്ധത്തെ തച്ചുതകർക്കണമെന്നുദ്ഘോഷിക്കുന്ന കമ്യൂനിസം മനുഷ്യന്റെ ദൈവികവും പുരോഗമനാത്മകവുമായ പ്രവണതകളെ തല്ലിക്കെടുത്തുന്നതിനാണ് ബൂഷ്വാസിയുടെ പേരും പറഞ്ഞു ഈ നശീകരണസിദ്ധാന്തവുമായി മുന്നോട്ടു വന്നിരിക്കുന്നത്. "അച്ഛനമ്മമാരുടെ പൂഷണത്തിൽ നിന്നു കുട്ടികളെ രക്ഷിച്ചെടുക്കലാണൊ ഞങ്ങളുടെ കുറ്റം" കാറൽമാർക്സും മറെറാരു നിരീശവാദിയായ എംഗൽസുംകൂടി കമ്യൂ. മാനിഫെസ്റ്റോയിൽ ചോദിച്ചിരിക്കുകയാണ്. നാം നമ്മുടെ പ്രിയപ്പെട്ട കുട്ടികളെ പൂഷണം ചെയ്യുന്നുണ്ടെന്ന്! കമ്യൂ. ദേവന്മാർ ആക്രോശിക്കുകയാണ്. പക്ഷെ നമുക്കറിയാം നാം നമ്മുടെ കുട്ടികളെ പൂഷണം ചെയ്യുന്നില്ലെന്നും പ്രത്യുത അവരെ ഏതുവിധത്തിലാണ് നല്ലവരായി വളർത്തിക്കൊണ്ടു വരേണ്ടതെന്നാണ് ശ്രമത്തിന്റെ ചിന്താഗതിയെന്നും.

സ്നേഹത്തിനും സേവനത്തിനും ലോകത്തു മഹൽക്കാര്യങ്ങളും നേടാൻ സാധിക്കുമെന്നു നാം വിശ്വസിക്കുമ്പോൾ ഒരു കമ്യൂനിസ്റ്റുകാരന്റെ വിശ്വാസം ആക്രമംകൊണ്ടല്ലാതെ ലോകത്തൊന്നും നടക്കാൻ പോകുന്നില്ലെന്നാണ്. ലോകത്തിന് അവർ സംഭാവന ചെയ്ത രക്തത്തിന്റേയും ഖഡ്ഗത്തിന്റേയും അതിദാരുണമായ ചരിത്രത്തിന്റെ പശ്ചാത്തലവും അതുതന്നെ. 1200 വൈദികരും 28 മെത്രാന്മാരും മടക്കം 20 ലക്ഷം ജനങ്ങളെ റഷ്യയിൽ കഴുത്തറുത്തും, വെടിവെച്ചും, കൊന്നും ഇന്നും ഓരോരോ കാരണം പറഞ്ഞുകൊണ്ട് അനവധി അനവധി മതവിശ്വാസികളേയും പ്രജാധിപത്യ വാദികളേയും കൊന്നതിനുകൊണ്ടിരിക്കുന്നു. ചൈനയിൽ ഇക്കഴിഞ്ഞ മൂന്നു നാലു വർഷങ്ങൾക്കുള്ളിൽതന്നെ വേറൊരു ഇരുപതു ലക്ഷത്തെ "ശരിപ്പെടുത്തി"ക്കഴിഞ്ഞു. ഇന്നു് ആയിരക്കണക്കിനു ചൈനീസ് പൌരന്മാരെ പോളണ്ടിലേയ്ക്കും അതുപോലെയുള്ള കമ്യൂ. രാജ്യങ്ങളിലേയ്ക്കും കയറ്റി അയച്ചുകൊണ്ടിരിക്കുന്നു അടിമവേല ചെയ്യിക്കാൻ. മധ്യകാലഹ്യൂഡലിസത്തിന്റെ പൈശാചിക പ്രതിപ്പകർപ്പാണ് ലോകത്തു

വീണ്ടും ആവർത്തിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ തടവുകാരായി പിടിച്ച ജപ്പാൻകാരെ ഇന്നും സോവിയറ്റ് റഷ്യ വിട്ടുകൊടുത്തിട്ടില്ല. ഗൊർണാജ, കോച്ച്മെസ്സ്, ബായ്ക്കാലൊ—ആ മുഴ്സ്ക്കി എന്നീ സൈബീരിയായിലെ തടങ്കൽ പാളയങ്ങളിൽ ആ ഹതഭാഗ്യർ അടിമ വേലയെടുത്തു നരകിക്കുകയാണ്. വിശ്വസാഹോദര്യത്തിന്റെ സന്ദേശം ലോകത്തിനു നല്കിയ കത്തോലിസം, അനേകായിരം അടിമകളേയും അസ്വതന്ത്രരേയും അടിമത്വത്തിൽനിന്നു മോചിപ്പിച്ചെങ്കിൽ, കമ്മൂനിസം ലോകത്തിനു നല്കിയിട്ടുള്ള സമ്മാനങ്ങളാണിത്!!


ഈ പൈശാചിക സിദ്ധാന്തം ഒരു പ്രാതത്തിൽ ഇങ്ങിനിവരാതവണ്ണം അസ്തമിക്കാതെനിവൃത്തിയില്ല. പാളയങ്ങളിൽ അതിന്റെ മുന്നോടിയായ തൊഴുത്തിൽ കുത്തുകളും ശുദ്ധീകരണങ്ങളും തുടങ്ങിയിട്ടുണ്ട്. മനുഷ്യമഹത്വത്തിനു യാതൊരു വിലയും കല്പിക്കാത്ത ഈ ദുഷിച്ച സിദ്ധാന്തം, ഹിറ്റ്ലറുടെ നാസിസത്തെപ്പോലെയും, മുസ്സോലിനിയുടെ ഫാസീസത്തെപോലെ നാമാവശേഷമായി തീരും, തീച്ച.

ഇന്നു ലോകത്തിലെങ്ങുമുള്ള കമ്മൂനിസത്തിന് ഏറ്റവും വലിയ ഒരടിയാണ് കത്തോലിക്കാ തിരുസ്സഭ. ഇതു കണ്ടറിഞ്ഞുകൊണ്ടാണ് കമ്മൂനിസ്റ്റുകാരും തക്കവും തരവും നോക്കി പ്രസ്താവനകൾ അടിച്ചുവിടുന്നതു്. റഷ്യൻ വിദ്യാഭ്യാസമന്ത്രിയായിരുന്ന ലുനാട്ട് മാർസ്കി ഒരിക്കൽ പറയുകയാണ്: ഞങ്ങൾ ക്രിസ്തുമതത്തേയും കൃസ്ത്യാനികളേയും വെറുക്കുന്നു. അവരിൽ ഏറ്റവും നല്ലവൻപോലും നമ്മുടെ ഏറ്റവും നികൃഷ്ടനായ ശത്രുവായി പരിഗണിക്കപ്പെടണം."

"കമ്മൂനിസ്റ്റുകൾക്കറിയാം കത്തോലിസത്തെ ലോകത്തുനിന്നു പിഴുതെറിഞ്ഞെങ്കിൽ മാത്രമെ തങ്ങൾക്കു നിലനില്പു കിട്ടാൻ പോകുന്നുള്ളുവെന്നു്. അതിനുവേണ്ടിയാണു് അവരിന്നും കത്തോലിക്കാ സഭയുടെ നേരെ കുതിച്ചു വീണിരിക്കുന്നതു്. പക്ഷെ ഒരു കാര്യം അവർ മനപൂർവ്വം മറക്കുകയാണു്. കടുത്ത മർദ്ദനങ്ങളുടെ മദ്ധ്യേ കത്തോലിക്കാ സഭ 20 നൂറ്റാണ്ടുകളെ അതിജീവിച്ച ആ പരമാർത്ഥം. ഡയോക്ളീഷ്യനും, നീറോയും, കാലനും, സുൽത്താൻ സലാഡിനും, നെപ്പോളിയനും, ഹിറ്റ്ലറും, മുസ്സോലീനിയും കത്തോലിസത്തോടു് എതിരിട്ടു. ഒരു കാലത്തു വിശ്വവിശ്രുതന്മാരായിരുന്ന ഈ മാന്യന്മാരെപ്പോം പത്രോസിന്റെ പാറയോടടുത്തപ്പോൾ തകർന്നു തരിപ്പണമായി. എന്നിട്ടാണു് ഇനി ഒരു കമ്മൂനിസം അതിനോടെതിർത്തു വിജയം വരിക്കാൻ ശ്രമിക്കുന്നതു്? വ്യാമോഹം വെറും വ്യാമോഹം അല്ലാതെന്തു പറയട്ടെ!

ക്രിസ്തുവും കത്തോലിക്കാ തിരുസ്സഭയും ഒരു കാലത്തും നശിക്കാൻ പോകുന്നില്ല. കാലത്തിന്റെ വിശാലപക്ഷങ്ങളിൽ തങ്കലിപികൾ എഴുതി ചേർത്തുകൊണ്ടു കത്തോലിസം എന്നും എന്നും വിലസി വിരാജിക്കും.

സത്യമേവജയതി



മരണത്തിലൂടെ ജീവിതത്തിലേക്ക്!!

(ജെ. ററി. നീലങ്കാവിൽ)

പരമാർത്ഥങ്ങൾ! അവ പലപ്പോഴും പരുഷങ്ങളാണ്. സത്യങ്ങൾ! അവ പലപ്പോഴും മൂർച്ചയേറിയവയാണ്. എന്നാൽ അവയുടെ തീക്ഷ്ണവും ശക്തവുമായ പ്രഭാധോരണിയിലായിരിക്കണം മനുഷ്യന്റെ ചെയ്തികളെ പരിശോധിക്കുവാൻ. ആ പരിശോധനയുടെ മാനദണ്ഡങ്ങളായിരിക്കണം നിഷ്പക്ഷതയും, നിശിതതവും. അപ്പോഴായിരിക്കും മനുഷ്യന്റെ തനിനിറം പുറത്തുവരിക; അപ്പോഴായിരിക്കും അവൻ മനുഷ്യനോ ദേവനോ, അല്ല മനുഷ്യനോ മൃഗമോ എന്നു പുറത്താകുക.....

അന്ന് ആ ആപ്പുവിളി അന്തരീക്ഷത്തെ മുഖരിതമാക്കി! അതാകാശത്തേയും ഭേദിച്ചുയർന്നു! വിറളിപിടിച്ച ആ ആചാര്യന്മാർ ആ മുദ്രാവാക്യം ആവർത്തിച്ചു! പേപിടിച്ച ആ കിങ്കരന്മാർ അതേറ്റുപാടി! അന്തരീക്ഷത്തിലെവിടേയും ആ പല്ലവി തങ്ങിനിന്നു: "കുരിശിൽ തറയ്ക്കുക, അവനെ കുരിശിൽ തറയ്ക്കുക!"

വെളിച്ചത്തെ കാണുന്ന അന്ധകാരം മുറുമുറുക്കും, പല്ലിളിയ്ക്കും! ഭയത്തിൽ പൊതിഞ്ഞ മുറളിച്ചയും വാലിട്ടടിക്കലും അതിനെ അകമ്പടി സേവിക്കും!! കൃതഘ്നതയുടെ വെളിച്ചപ്പാടുകൾ അതിനു ശിങ്കിടി പാടും! ആശങ്കയുടെ വിള്ളലുകളിൽ അതു ചെന്നൊളിക്കും! ഒടുവിൽ നിരാശയുടെ കുരുക്കിൽ കെട്ടിത്തൂങ്ങും!!

ആ ന്യായാധിപമാന്യൻ ചോദിച്ചു: "ഇവൻ എന്തു തിന്മ ചെയ്തു? മരണത്തിനു യോഗ്യമായ എന്തു കുറ്റമാണിവനിലുള്ളതു?"....

"കുറ്റമില്ലായിരുന്നെങ്കിൽ ഞങ്ങൾ കൊണ്ടുവരുമായിരുന്നോ? ഇവൻ നമ്മുടെ ജനത്തെ കലഹിപ്പിക്കുന്നു. അവരെ വഞ്ചിക്കുന്നു. സീസറിന് കപ്പം കൊടുക്കരുതെന്നു പറയുന്നു. പൊതുജനദ്രോഹി, വഞ്ചകൻ, രാജ്യദ്രോഹി! അതാണാപേക്ഷാലങ്കളുടെ പിത്തലാട്ടങ്ങൾ!

സത്യത്തെ ചുട്ടെരിക്കുവാനുള്ള അന്ധകാരത്തിന്റെ വെമ്പൽ! ധർമ്മത്തെ ഗളഹസ്തം ചെയ്യുവാനുള്ള അധർമ്മത്തിന്റെ ആസക്തി"....

അവക്കറിയാമായിരുന്നു അതിലൊന്നുപോലും തെളിയിക്കുവാൻ സാധിക്കയില്ലെന്ന്! ബുദ്ധിയുള്ളവൻ അതൊന്നും വിശ്വസിക്കുകയില്ലെന്ന്. അതുകൊണ്ട് നിർമ്മലമായിരുന്ന അവിടുത്തെ ജീവിതം! അതുകൊണ്ട് പാവനമായിരുന്ന അവിടുത്തെ വചസ്സുകൾ!! അതുകൊണ്ട് പരിശുദ്ധങ്ങളായിരുന്ന അവിടുത്തെ ചെയ്തികൾ!!! എന്നിട്ടും അദ്ദേഹത്തിന്റെ രക്തത്തിന്നായി അവർ ആർത്തിരമ്പുകയാണ്! യാതൊരു തരത്തിലുള്ള ദ്രോഹവും യേശു അവരോട് ചെയ്തില്ല; എന്നിട്ടും അവരുടെ പരമശത്രു!! കാരണം?

നിർഭയനീതികൾകൊണ്ട് ഇരുളടഞ്ഞ ലോകത്തിന്റെ കറുകറുത്ത വിശാലഭിത്തിയിൽ ഹൃദയരക്തംകൊണ്ട് സത്യസന്ദേശം കുറിച്ചിട്ട അവിടുന്ന്! സുഖഭോഗങ്ങളിൽ ആകണ്ഠം ആണ്ടുപോയ ഒരു യാഥാസ്ഥിതിക ജനതയുടെ കുരുടിച്ച കണ്ണുകളിൽ അവിടുന്നു സത്യത്തിന്റെ കാഹളം മുഴക്കി!! അതു് അവരുടെ അന്തഃകരണത്തെ തുളച്ചുകുത്തുകയാൽ. അവിടുത്തെ ദിവ്യപ്രബോധനങ്ങൾ അവരെ വെല്ലുവിളിച്ചു; അവിടുത്തെ ദിവ്യോക്തികൾ അവരുടെ മുമ്പിൽ ചോദ്യചിഹ്നങ്ങൾ നിരത്തി! നിലവിലിരുന്നിരുന്ന ക്രൂരമായ അനാചാരങ്ങളുടെ നേർക്ക് നീതിയുടെ ശരങ്ങൾ തൊടുത്തുവിട്ട അവിടുന്ന്!

അവർ പൊറുക്കുമോ?

ഇല്ല. അതാണ് ആ വിപ്ലവകാരിയെ കുരിശിൽ തറയ്ക്കുവാൻ അവർ വെമ്പൽ കൂട്ടുന്നതു്! ഒരു ആശാരിച്ചെറുക്കന്റെ അബദ്ധജല്പനങ്ങൾ കേട്ട് അസ്വപ്രജ്ഞരാകയോ?.....

"പാപിയെ സ്നേഹിക്കണം, പാപത്തെ
വെറുക്കണം
സ്നേഹംകൊണ്ടലകിന്റെ മാലിന്യം കഴുകണം"

അതാണവിടുന്നു പഠിപ്പിച്ചതു്. പക്ഷെ അന്നത്തെ ലോകത്തിനു് അതു ഹിതിച്ചില്ല. സഹോദരന്റെ പ്രാണവേദനയിൽ പൊട്ടിച്ചിരിക്കുവാൻ മാത്രം പഠിച്ചിട്ടുള്ള അന്നത്തെ ലോകത്തിനു് അതൊരു പുത്തിരിയായിരുന്നു. പാപമാർഗ്ഗത്തിൽക്കൂടി നീങ്ങിക്കൊണ്ടിരുന്ന ഒരു അധഃപതിച്ച ലോകത്തിനു സൗകുതത്തിന്റെ പൊൻവിളക്കു കത്തിച്ചുകാട്ടിയതാണു് അവിടുത്തെ അപരാധം. പാപിയേയും പാമരനേയും ഒരുപോലെ തൊട്ടനുഗ്രഹിച്ചതാണു് ആ കൈകൾ! നന്മമാത്രം വഷ്ടിച്ചുകൊണ്ടു നീങ്ങിയതാണു് ആ പാദങ്ങൾ! എന്നിട്ടും അവയെ പിടിച്ചുവലിച്ചു നീട്ടി ആണിയടിക്കുവാൻ സ്വാർത്ഥത്തിന്റെ കട്ടിക്കരിമ്പടമിട്ട നരകത്തിന്റെ ആ പ്രതിനിധികൾ മടിച്ചില്ല!

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു്, ആകാശത്തിലോ ഭൂമിയിലോ തല ചായ്ക്കുവാൻ സാധിക്കാതെ, ആകാശത്തിനും ഭൂമിക്കും നടുവിൽ ഊർദ്ധശ്വാസം വലിച്ചുകൊണ്ടു തൂങ്ങിനില്ക്കുന്ന ആ തേജപുഞ്ജത്തെക്കണ്ടു് അവർ കോമരം തുള്ളി!....

അങ്ങനെ ആ പൊൻദീപം പൊലിഞ്ഞു!!!.... എന്തിനു്?

വീണ്ടും പ്രകാശിക്കുവാൻ! അതെ അതു് വീണ്ടും പ്രകാശിച്ചു; പതിന്മടങ്ങു ശോഭയോടുകൂടി പ്രകാശിച്ചു; അദ്ഭുതപൂർവ്വമായ അതിന്റെ പ്രഭാധോരണിയിൽ അന്ധകാരത്തിന്റെ ആ നികൃഷ്ടകീടങ്ങൾ വിരണ്ടോടി.

അതെ! മരണത്തിലൂടെ ജീവിതത്തിലേയ്ക്കു്!....

സത്യത്തേയും, സഹോദരസ്നേഹത്തേയും, സമഭാവനയേയും എത്രപേരാളം മർദ്ദിക്കുന്നുവോ, എത്രത്തോളം ചവിട്ടിത്താഴ്ത്തുന്നുവോ, തെറ്റിദ്ധരിപ്പിക്കപ്പെടുന്നുവോ, അത്രത്തോളം ശക്തിയോടുകൂടി അതുയർത്തെഴുന്നേല്ക്കും; അത്രത്തോളം അതു അനന്തരതലമുറകൾക്കു് വെളിച്ചം വീശും! ആ വേശം നൽകും!'....

സത്യത്തിന്റെ ഓമനക്കുഞ്ഞുങ്ങൾ, ധീരസന്താനങ്ങൾ, പിന്നേയും അതെ മാർഗ്ഗത്തിൽക്കൂടിത്തന്നെ—കണ്ടകാകീർണ്ണമായ അതേ രാജപാതയിൽക്കൂടിത്തന്നെ—സധൈര്യം മുന്നോട്ടു നീങ്ങി. അവരും മർദ്ദിക്കപ്പെട്ടു; വേദനയുടെ മുള്ളുവേലികൾക്കിടയിൽക്കൂടി അവരും നിർദ്ദയം വലിച്ചിഴയ്ക്കപ്പെട്ടു. അങ്ങനെ അവരും ഒടുവിൽ നിർദ്ദയം നിഹനിക്കപ്പെട്ടു.

എന്നിട്ടു്?

അവരും ജീവിച്ചു!

അതെ, മരണത്തിലൂടെ ജീവിതത്തിലേയ്ക്കു്!!

ചരിത്രം പിന്നെയും പിന്നെയും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ധർമ്മത്തിനുവേണ്ടി ധീരസമരം നടത്തുന്നവർ ഇപ്പോഴും പൂപ്പുഞ്ചിരിയിൽ പൊതിഞ്ഞ ക്രൂരകാരാഗൃഹങ്ങൾക്കു് ഇരയായിക്കൊണ്ടിരിക്കുന്നു. എന്നിട്ടും അവർ ജീവിക്കുന്നു!....

സത്യത്തിനും ധർമ്മത്തിനും നീതിയ്ക്കുംവേണ്ടി ദാഹിക്കുന്ന ആയിരങ്ങൾക്കുവേണ്ടി, ആവശ്യമെങ്കിൽ ആത്മാഹുതിതന്നെ ചെയ്യേണ്ടുന്ന വനാണു് മനുഷ്യൻ!

ധർമ്മസമരത്തിന്നിടയിൽ അവർ വധിക്കപ്പെടുകയാണു്! എന്നിട്ടും അവർ പൂർവ്വവൽഭാസ്സോടെ അനന്തര തലമുറകൾക്കു് ആവേശമരുളുകയാണു്.....

അതെ! മരണത്തിലൂടെ ജീവിതത്തിലേയ്ക്കു്!!....

പുരോഹിതൻ ആരു?

—(ഫാദർ തോമസ്സ്, വടശ്ശേരി, എൽ. ഡീ.)—

എല്ലാ മതക്കാരുടെയും ഇടയിൽ പുരോഹിതന്മാർക്ക് അത്യുന്നതമായ സ്ഥാനമാണുള്ളതു്. ഹൈന്ദവപുരാണങ്ങളും പരിശോധിച്ചാൽ രാജാക്കന്മാർ പുരോഹിതന്മാരെയും മഹർഷിമാരെയും സദാ പ്രസാദിപ്പിക്കുന്നതിനും, അവരുടെ യാഗങ്ങൾക്കും നടപടിക്രമങ്ങൾക്കും വിഘ്നം വരുത്തിയിരുന്ന അക്രമികളിൽനിന്നു് അവരെ പരിരക്ഷിക്കുന്നതിനും നിരവധി ത്യാഗങ്ങളും സഹിക്കയും ഘോരസമരങ്ങളിൽ ഏർപ്പെടുകയും ചെയ്തവന്നിരുന്നതായി കാണാം. പുരോഹിതന്മാരുടെയും ഋഷികളുടെയും ശാപം ലഭിക്കുന്നതു രാജകുടുംബത്തിനും രാജ്യത്തിനും നാശഹേതുകമായിട്ടാണ് എല്ലാ രാജാക്കന്മാരും വിശ്വസിച്ചുവന്നതു്.

യഹൂദന്മാരുടെ ഇടയിലും ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രമല്ല ലൌകികകാര്യങ്ങളിലും പുരോഹിതന്മാർ നേതൃത്വം വഹിച്ചിരുന്നതായി മൂശെ, അഹറോൻ ആദിയായവരുടെയും ലെവായക്കാരുടെയും ചരിത്രങ്ങളും അടങ്ങിയ വേദപുസ്തകഭാഗങ്ങളും സാക്ഷ്യംവഹിക്കുന്നു.

ക്രിസ്തുമതത്തിലാകട്ടെ മറ്റെല്ലാ മതങ്ങളിലേക്കാളും സംപൂജ്യസ്ഥാനവും ഉൽകൃഷ്ടാധികാരാവകാശങ്ങളുമാണു പുരോഹിതന്മാർക്കു സിദ്ധിച്ചിട്ടുള്ളതു്. ദൈവപുത്രനായ ക്രിസ്തു തനിക്കു ലഭിച്ച എല്ലാ അധികാരാവകാശങ്ങളും അപ്പൊസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും നല്കുകയുണ്ടായി. സ്വർഗ്ഗാരോഹണത്തിനു മുമ്പു ക്രിസ്തു ശിഷ്യഗണത്തോടു അരുളിച്ചെയ്തു:—"സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾ പോയി സകല ജാതികളേയും ഉപദേശിച്ചു.....സ്നാനപ്പെടുത്തുവിൻ. ഞാനോ ഇതാ! ലോകാവസാനം വരെ എല്ലാ നാളുകളിലും നിങ്ങളോടു കൂടെയുണ്ടു്. പരിശുദ്ധാത്മാവിനെ നിങ്ങൾ സ്വീകരിക്കുവിൻ. നിങ്ങൾ ആർക്കെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവന്നു മോചിക്കപ്പെട്ടു" (മത്താ. 28, 18–20; യോഹ. 20, 22–23)

ഈ വാക്യങ്ങളിൽ നിന്നും വ്യക്തമാകുന്നതു്, ക്രിസ്തു ഈ ലോകത്തിൽ നിർവ്വഹിച്ച അതേ പ്രവൃത്തികൾതന്നെ അപ്പൊസ്തോലന്മാരും അവരുടെ പിൻഗാമികളും ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകണമെന്നും, അതിനുവേണ്ട അധികാരങ്ങളെല്ലാം ക്രിസ്തുതന്നെ അവർക്കു പ്രദാനം ചെയ്തിട്ടുണ്ടെന്നുമത്രെ. ക്രിസ്തുനാഥൻ സുവിശേഷം പ്രസംഗിക്കയും, മനോന്തിരിയും നല്കയും, പാപങ്ങൾ മോചിക്കയും ചെയ്തു. ഇതേ പ്രവൃത്തികൾതന്നെ അതായതു പഠിപ്പിക്കയും, ക്രമാശകൾവഴി വിശുദ്ധീകരിക്കയും ചെയ്യുക എന്ന മഹനീയകൃത്യമാണു പുരോഹിതരും നിർവ്വഹിക്കേണ്ടതു്. ഇക്കാരണത്താൽ ഓരോ ക്രൈസ്തവപുരോഹിതനും "മറ്റൊരു ക്രിസ്തു" വാണെന്നു പറയാം.

ഇത്ര മഹത്തായ സ്ഥാനമാനങ്ങളും അധികാരങ്ങളും ലഭിച്ചിട്ടുള്ളതുകൊണ്ടു പുരോഹിതന്മാർക്കു അഭിമാനിക്കാനും അഹങ്കരിക്കാനും വല്ലതുമുണ്ടോ? എല്ലാം ദൈവത്തിന്റെ ദിവ്യദാനങ്ങളും തന്നെ. വിലയേറിയ രത്നങ്ങളും ഒരു കഴുതയുടെ പുറത്തു വച്ചതുകൊണ്ടു കഴുതയ്ക്കു അഹങ്കരിക്കാൻ ഒരു കാരണവുമില്ല. രത്നങ്ങളെല്ലാം യജമാനന്റേതാണു്. കഴുതയുടെ പുറത്തു അവ ഇരിക്കുന്നു എന്നേയുള്ളൂ. താബോർ മലയിൽ ക്രിസ്തു മറ്റു

പപ്പെട്ടതിന്റെ മനോഹരമായ ഒരു ചിത്രം പ്രസിദ്ധചിത്രകാരനായ റഫായേൽ വരച്ചു. ആ ചിത്രത്തിന്റെ നിർമ്മാണത്തിൽ അദ്ദേഹത്തിന്റെ തൂവലിനു പ്രശംസിക്കാൻ എന്തുണ്ട്? ചിത്രം റഫായേലിന്റേതാണ് അതു വരയ്ക്കുവാൻ അദ്ദേഹം ഒരു തൂവൽ ഉപയോഗിച്ചു എന്നേയുള്ളൂ. ഇതുപോലെ തന്റെ ദിവ്യപ്രവർത്തനങ്ങളെ തുടർന്നുകൊണ്ടു പോകുന്നതിനു ക്രിസ്തു പുരോഹിതന്മാരെ നിയമിച്ചു് അവർക്കു നിരവധി വിശിഷ്ടാധികാരങ്ങൾ കൊടുത്തു എന്നുള്ളതു വാസ്തവമാണ്. എന്നാൽ അവരിൽ പ്രവർത്തിക്കുന്നതു ക്രിസ്തുവും പരിശുദ്ധാത്മാവുമത്രെ. ഇതിനാലാണു "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു" എന്നു ദിവ്യരക്ഷകൻ അപ്പൊസ്തോലന്മാരോടു് അരുളിച്ചെയ്തതു് (ലൂക്കോ. 10, 16)

പുരോഹിതന്മാരുടെ സ്ഥാനവും അധികാരങ്ങളും എത്ര മനോജ്ഞവും മഹോന്നതവുമാണോ അത്രയ്ക്കു അവരുടെ കർത്തവ്യങ്ങളും ചുമതലകളും പരമോൽകൃഷ്ടമാണെന്നും ക്രിസ്തുനാഥൻ അനുസ്മരിപ്പിക്കുന്നു! "നിങ്ങളാം ലോകത്തിന്റെ വെളിച്ചമാകുന്നു. നിങ്ങളാം ഭൂമിയുടെ ഉപ്പാകുന്നു" (മത്താ. 5, 13–14) എന്നത്രെ അവിടുന്നു് അപ്പൊസ്തോലന്മാരെ അഭിസംബോധനം ചെയ്തു പ്രസ്താവിച്ചതു്. വെളിച്ചം ഇരുളിനെ നീക്കിക്കളയുന്നു. വഴിതെറ്റി അന്ധകാരത്തിൽ ഉഴലുന്നവർ പ്രകാശത്തിന്റെ സഹായത്താൽ നേർവഴിയിലൂടെ നടക്കുവാൻ ഇടയാകുന്നു. ഉപ്പുക്ഷണപദാർത്ഥങ്ങൾക്കു് രുചി വരുത്തുകയും, കേടുകൂടാതെ അവയെ സംരക്ഷിക്കയും ചെയ്യുന്നു. ഇതുപോലെ പുരോഹിതന്മാർ സമൂഹജീവിതത്താലും പുണ്യപരിപൂർണ്ണതയാലും വഴിതെറ്റി സഞ്ചരിക്കുന്നവരെ സുകൃതമാർഗ്ഗത്തിലേക്കു് ആനയിക്കയും, പാപമാലിന്യങ്ങളിൽ നിന്നും ആദ്ധ്യാത്മിക നാശങ്ങളിൽ നിന്നും വിശ്വാസികളെ പരിരക്ഷിച്ചു് അവരെ സന്മാർഗ്ഗനിരതരും ദൈവഭക്തരുമാക്കിത്തീർക്കുന്നതിനു നിസ്തന്ദ്രം പരിശ്രമിക്കയും ചെയ്യാൻ ദൈവസന്നിധിയിൽ ബാദ്ധ്യസ്ഥരാണ്.


ബഹുവിധങ്ങളായ ഈ കടമകളെ യഥാവിധി നിറവേറ്റുന്ന ഒരു പുരോഹിതൻ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള ഒരു മദ്ധ്യസ്ഥനും, പിതാവും, വൈദ്യനും, വിധികർത്താവും, ഉപദേഷ്ടാവും, സ്നേഹിതനും, ഉപകാരിയുമാകുന്നു.


ഇസ്രായേൽ ജനത്തിന്റെ കഠിനപാപങ്ങൾ കണ്ടു കോപിച്ച ദൈവത്തോടു "നാഥാ, രക്ഷിക്കണമേ, നിന്റെ ജനത്തെ രക്ഷിക്കണമേ" എന്നിങ്ങനെ മൂശെ ഹൃദയം തകർന്നു പ്രാർത്ഥിച്ചു ദൈവകോപത്തെ ശമിപ്പിക്കയും അവർക്കു അനുഗ്രഹങ്ങൾ വാങ്ങിക്കൊടുക്കയും ചെയ്തു. ഇതുപോലെ പുതിയ നിയമത്തിലെ പുരോഹിതന്മാരും പ്രാർത്ഥനകൾ, സൽപ്രവൃത്തികൾ, പരിത്യാഗങ്ങൾ, സർവ്വോപരി ദിവ്യബലി എന്നിവയാൽ ദൈവകോപത്തെ ശമിപ്പിച്ചു മനുഷ്യവർഗ്ഗത്തിനു പൊതുവായും വിശ്വാസികൾക്കു പ്രത്യേകിച്ചും ദൈവാനുഗ്രഹങ്ങൾ വാങ്ങിക്കൊടുക്കുന്നു. ആകയാൽ പുരോഹിതന്മാർ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയ്ക്കുള്ള മദ്ധ്യസ്ഥന്മാരാകുന്നു മോശെ മുതലായി വിശ്വാസികളെ പുരോഹിതന്മാർ ആദ്ധ്യാത്മികമായി ഉല്ലാടിപ്പിക്കയും, ദൈവമക്കളായി വളരുവാൻ അവരെ സഹായിക്കയും ചെയ്യുന്നതിനാൽ "പിതാക്കന്മാർ" എന്ന മഹനീയ സംജ്ഞയാൽ ക്രൈസ്തവ പുരോഹിതന്മാർ എല്ലാ ഭാഷകളിലും വിളിക്കപ്പെട്ടുവരുന്നു. കുമ്പസാരമെന്ന ദിവ്യൗഷധം മൂലം വിശ്വാസികളിൽനിന്നു പാപമാകുന്ന ആദ്ധ്യാത്മിക രോഗം നീക്കിക്കളയുന്ന പുരോഹിതന്മാർ വാസ്തവത്തിൽ ആത്മാവിന്റെ വൈദ്യന്മാരാകുന്നു. ഒരുവർത്തനായിരുന്ന ഹേറോദേസിനെ സ്നാപകയോഹന്നാൻ ശാസിച്ചതുപോലെ പുരോഹിതന്മാർ പ്രസംഗമണ്ഡപത്തിലും പ്രത്യേകിച്ചു് പാപസങ്കീർത്തനാവസരത്തിലും പാപങ്ങൾക്കും അധർമ്മങ്ങൾക്കും എതിരായി സ്വരമുയർത്തുകയും, പാപങ്ങളുടെ തരംഭേദങ്ങളെ സംബന്ധിച്ചു വിധി പ്രസ്താവിച്ചു പാപികൾക്കു വേണ്ട ഉപദേശങ്ങൾ നല്കി അവരെ പാപഗർത്തത്തിൽനിന്നു വിമോചിച്ചു സ്നേഹമസൃണം

സൽപഥത്തിലേക്കു തിരിക്കയും ചെയ്യുന്നു. തന്നിമിത്തം പുരോഹിതൻ വിധി കർത്താവും, ഉപദേഷ്ടാവും സ്നേഹിതനും ഉപകാരിയുമാകുന്നു. ചുരുക്കത്തിൽ പുരോഹിതന്മാർ വിശ്വാസികളുടെ ജനനം മുതൽ മരണംവരെ മാത്രമല്ല ശവക്കുഴിക്കു അപ്പുറവും അവരെ ആദ്ധ്യാത്മികമായി അനുധാവനം ചെയ്തു സഹായിച്ചുകൊണ്ടിരിക്കുന്നു. മാമോദിസാ വഴിയായി ആദ്ധ്യാത്മികമായി വിശ്വാസികളെ ഉല്പാദിപ്പിക്കുന്ന പുരോഹിതൻ വിശുദ്ധ കുബ്ബാന എന്ന ദിവ്യഭോജനം മൂലം അവരെ തീറ്റിപ്പോറ്റുന്നു; പാപമാകുന്ന രോഗബാധയിൽനിന്നു കുമ്പസാരമെന്ന ക്ലേശയാൽ അവരെ വിമുക്തരാക്കുന്നു; വിശ്വാസികൾക്കു സ്വർഗ്ഗീയ സമ്പത്തുകൾ നേടിക്കൊടുക്കുന്നതിനു് അനുദിനം ദിവ്യബലിയും, മറ്റു കർമ്മങ്ങളും അനുഷ്ഠിക്കുന്നു; മരണാവസരത്തിലും അന്ത്യലേപനം, തിരുപാഥേയം എന്നിവയാൽ വിശ്വാസികൾക്കു പാപമോചനവും ദൈവാനുഗ്രഹവും പ്രദാനം ചെയ്യുന്നു; അവരുടെ മരണശേഷവും പൂർണ്ണമായ പാപപരിഹാരവും ശുചീകരണവും ഉണ്ടായി ആത്മാക്കൾ ദൈവസന്നിധിയിൽ എത്തിച്ചേരുന്നതിനു ദിവ്യബലിയാലും മറ്റു കർമ്മങ്ങളാലും പുരോഹിതൻ അവരെ സഹായിക്കുന്നു.


ഇങ്ങനെ ലോകത്തിൽ സദാ നന്മചെയ്തുകൊണ്ടു ചുറ്റിസ്സഞ്ചരിച്ച ക്രിസ്തുവിനെ അനുകരിച്ചു "മറ്റൊരു ക്രിസ്തു"വായി മനുഷ്യരെ ജനനം മുതൽ മരണംവരെയും, മരണം മുതൽ സ്വർഗ്ഗപ്രവേശംവരെയും നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്ന പുരോഹിതന്മാരുടെ അഥവാ അപ്പൊസ്തോലന്മാരുടെ യഥാർത്ഥ പിൻഗാമികളായ മെത്രാന്മാർ, മെത്രാപ്പോലീത്താമാർ, പത്രിയർക്കീസുമാർ, കർദ്ദിനാളന്മാർ, മാപ്പാപ്പാമാർ എന്നീ മേല്പട്ടക്കാരുടെ ഇരുപത്തഞ്ചാം, അമ്പതാം, എഴുപത്തഞ്ചാം കൊല്ലത്തോളമുള്ള നിസ്തുലസേവനങ്ങളെ പരിഗണിച്ചു ജൂബിലി മഹാമഹങ്ങൾ കൊണ്ടാടുന്നതു് എത്ര സമുചിതം, എത്ര ആഹ്ലാദജനകം, എത്ര അനുഗ്രഹപ്രദം!

പൌരോഹിത്യത്തിന്റെ രജതജൂബിലി ഇക്കൊല്ലം ആഘോഷിക്കുന്ന നമ്മുടെ അഭിവന്ദ്യ മെത്രാൻ തിരുമേനിക്കു മേത്രാഭിഷേകത്തിന്റെ രജതജൂബിലി, സുവർണ്ണജൂബിലി എന്നല്ല വജ്രജൂബിലി തന്നെയും ആഘോഷിക്കുന്നതിനു വേണ്ട ആരോഗ്യവും ദീർഘായുസ്സും സർവ്വശക്തൻ നല്കുമാറാകട്ടെ!






BISHOP ALAPATT S. S. JUBILEE MEMORIAL HOSPITAL, TRICHUR.



തൃശ്ശൂരിലെ വൈദികാശ്വാസമന്ദിരം.



മെത്രാനച്ചൻ തിരുമനസ്സിലെ വേനൽക്കാലവസതി LOURDES VILLA, (കല്ലേറുംകര).

കുപ്പുകൈ.

1. കാലത്തിനൊരുകും പടിയ്ക്കുനഘമാം
പട്ടം ലഭിച്ചുല്ലസി–
ച്ചാലസ്യം കലരാതെ ജൂബിലി മഹാ
ഘോഷം കഴിച്ചുജ്ജ്വലാ
ശ്രീലൻ 'മെൽക്കിസദേക്കി'ലും കവിയുമോ
രാചാര്യനാനന്ദമാം
ആലപ്പാട്ട ബിഷപ്പിനാത്മസുതരാം
ഞങ്ങൾക്കെഴും കുപ്പുകൈ!

2. റോമാരത്തിലെഴുന്ന വൈദിക മഹാ
വിദ്യാലയം തന്നിലാ–
സീമാവറ സതീർത്ഥ്യലോകവിലസ
* ന്നേതൃത്വമാജ്ജിക്കയാൽ,
നാമാശിച്ചതിലും കവിഞ്ഞ നിലയെ
പ്രാപിച്ച വൈജ്ഞാനിക–
ശ്രീമാനാം തിരുമേനി പൂണ്ണസുഖമോ
ടെന്നും വിരാജിച്ചിടും.

3. ഭുവനാന്ധകാര മകലെക്കളഞ്ഞിടാ–
നവതീർണ്ണനായ വചനപ്രഭാകര!
ഭവദീയഭാസ്സൊട്ട വിളങ്ങിടട്ടെ, തു–
ശ്ശിവ രൂപതാധിപന നേകവത്സരം.

4. മലയാം നഭസ്സിലതി ദീപ്തിയോട്ട ദി–
ച്ചുലകിൻ തമസ്സുനിഹനിച്ചിടും വിധം
ബലമാന്ന ദൈവകരുണാവിഭാസ്സിനാൽ
വിലസീടുമീ ഗുരുവരേണ്യനെപ്പൊഴും.

5. കേണിടുമനാഥരുടെ രക്ഷയെ നിനച്ചുമം–
ത്രാണിയൊട്ട തോപ്പിലെ
ദരിദ്രസദനത്തെ–
പ്രീണിതഹൃത്തമ! തലോട്ടമവിട്ടതെ–
പ്പാണിയിണ മേലിലുമതീവ ബലമാളും.

6. വ്യാധികളകന്ന തൊഴിലാളി ജനതയു–
ള്ളാധിയെഹനിച്ച നവജീവിക ലഭിയ്ക്കാൻ
പ്രീതിയൊട്ട രോഗശമ മേകി നിലനില്ലും
ഖ്യാതിയെ വരിച്ച പുതുശാല മുതിരട്ടെ.

7. മോദമോടടിയങ്ങളൊക്കവെ നല്ല
ദിവ്യവരങ്ങളാൽ
സോദരത്വഗുണങ്ങളാന്ന മഹേശരാത്മ
ജരാകുവാൻ
സാദരം തിരുമേനി! ഞങ്ങളടുത്തുവന്ന
സദാ ഭവൽ
പാദഭക്ത, രജവ്രജം തിരുവാഴി മുത്തി
വണങ്ങിടാം.

വിനീതവിധേയൻ,
J. P. Pulikoden.


* പ്രീഫെക്ററു സ്ഥാനം.

തൃശ്ശൂർ രൂപതയിലെ കർമ്മലീത്താ സന്ന്യാസിനിസഭ.

1886–ൽ കുനമ്മാവിൽ സിറിയാനിക്കാരും ലത്തീൻകാരുമായ പെൺകുട്ടികൾക്കുവേണ്ടി ഒരു കന്യകാലയം സ്ഥാപിതമായി. 1887–ൽ കൊട്ടങ്ങല്ലൂർ അതിരൂപതയിൽനിന്നു് കേരള സിറിയാനി സഭ വേർതിരിച്ചു് വരാപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ ഏർപ്പെടുത്തിയപ്പോൾ കുനമ്മാവു് തൃശ്ശൂർ വികാരിയാത്തിൽ പെട്ടിരുന്നു. പക്ഷെ, 1896–ൽ എറണാകുളം വികാരിയാത്തു് സ്ഥാപിതമായപ്പോൾ കുനമ്മാവു് പ്രസ്തുത വികാരിയാത്തിൽ പെടുന്നതിനു് ഇടയായി. അങ്ങനെ തൃശ്ശൂർ വികാരിയാത്തിനു് കർമ്മലീത്താ കന്യകാശ്രമം നഷ്ടീഭവിച്ചുപോയ അന്നത്തെ വികാരി അപ്പസ്തോലിക്ക ഡോ. ജോൺ മേനാച്ചേരി തിരുമനസ്സുകൊണ്ടു് ആ നഷ്ടം പരിഹരിക്കുന്നതിനു് പരിശ്രമിച്ചു. അക്കാലത്തു് തൃശ്ശൂർ വികാരിയാത്തിൽ പെട്ടവരായി കുനമ്മാവു് ആശ്രമത്തിൽ ഉണ്ടായിരുന്ന കന്യകമാരെ അദ്ദേഹം തൃശ്ശൂക്കു് തിരിച്ചു വിളിച്ചു. ഒരു വ്രതമനുഷ്ഠിച്ച കന്യകയും നാലു നവസന്ന്യാസിനികളും ഏതാനും അർത്ഥിനികളും അടങ്ങിയ ആ ചെറു സമൂഹത്തെ താമസിപ്പിയ്ക്കുന്നതിനു് ഒരു ആശ്രമം അമ്പഴക്കാട്ടു് കണിച്ചായി കുഞ്ഞനം എന്ന മഹതിയിൽനിന്നു് ദാനമായി കിട്ടിയ സ്ഥലത്തു് പണി കഴിച്ചു. അവർ അതിൽ സന്ന്യാസജീവിതം ആരംഭിയ്ക്കുകയും വിനാവിളംബം അർത്ഥിനികളുടെ എണ്ണം വർധിയ്ക്കുകയും പുതിയ പുതിയ ആശ്രമങ്ങളും സ്ഥാപിതമാകയും ചെയ്തു. സമുദായസേവനം ദൈവസേവനത്തിനു അനുപേക്ഷണീയമെന്നു് മനസ്സിലിലാക്കിയ ആ വൈദികശ്രേഷ്ഠൻ ഏതാനും കന്യകകളെ ഉപരിവിദ്യാഭ്യാസാർത്ഥം കലാലയങ്ങളിലേയ്ക്കു് അയയ്ക്കുകയും ആശ്രമങ്ങളോടു് അനുബന്ധിച്ചുള്ള പ്രാഥമിക വിദ്യാലയങ്ങളിൽ ബാലികമാരുടെ വിദ്യാഭ്യാസം നിർവ്വഹിയ്ക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യുകയും ചെയ്തു.

ഡോ: ജോൺ മേനാച്ചേരിയെ തുടർന്നു് തൃപതാഭരണം കയ്യേറവു് ഡോ: ഫ്രാൻസീസ് വാഴപ്പിള്ളി തിരുമനസ്സുകൊണ്ടാണു്. അദ്ദേഹം ആശ്രമങ്ങളുടെ സ്ഥാപനത്തിലും, സ്ഥാപനങ്ങളുടെ അഭ്യുദയത്തിലും, കന്യകകളുടെ ആദ്ധ്യാത്മിക അഭിവൃദ്ധിയ്ക്കും, മാനസിക സംസ്കാരത്തിനും പറ്റിയ പരിതസ്ഥിതികളും സൃഷ്ടിയ്ക്കുന്നതിലും അതീവ ശ്രദ്ധപതിച്ചു. തൽഫലമായി അദ്ദേഹത്തിന്റെ ഭരണകാലത്തു് കന്യകാലയങ്ങളും വിദ്യാലയങ്ങളും എണ്ണത്തിലും വണ്ണത്തിലും വർദ്ധിച്ചു. ആതുരാലയങ്ങളിൽ അനാഥസംരക്ഷണത്തിനും ആസ്പത്രിയിൽ രോഗപരിചരണത്തിനും കന്യകകളും നിയുക്തരായി. സംഗീതം ചിത്രമെഴുത്തു് എന്നിങ്ങനെയുള്ള ലളിതകലകളിൽ അവർക്കു് പ്രാവീണ്യം സിദ്ധിച്ചു. കരകൌശലശാലകളും, തയ്യിനിംഗ്സ്കൂളും എന്നിവ വഴി സേവനമാർഗ്ഗങ്ങളും വികസിപ്പിച്ചു. സഭാഭരണം യഥോചിതം നിർവ്വഹിക്കുന്നതിനു് ഒരു ഭരണസമിതി രൂപവൽക്കൃതമായി. കലാലയബിരുദ്ധാരികളായ കന്യകകളുടെ എണ്ണം വർദ്ധിച്ചു. 1942–ൽ അദ്ദേഹം നിര്യാതനായപ്പോഴേയ്ക്കും രൂപതയുടെ വിവിധ ഭാഗങ്ങളിലായി 19 ആശ്രമങ്ങളും ഉണ്ടായിരുന്നു.

സഭയുടെ ഇപ്പോഴത്തെ അതിശ്രേഷ്ഠനായ ഡോ: ജോർജ്ജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു് സഭയുടെ സർവ്വതോമുഖമായ പുരോഗമനത്തിനായി പരിശ്രമിച്ചു് വരുന്നു. അദ്ദേഹം സഭയെ കർമ്മലീത്താ ഒന്നാംസഭയുമായി ബന്ധിയ്ക്കുന്നതിനുവേണ്ട നടപടികളും നടത്തി ഒന്നാം സഭയ്ക്കുള്ള സർവ്വ ആദ്ധ്യാത്മിക ആനുകൂല്യങ്ങളും സഭാംഗങ്ങളെ അവകാശിനികളാക്കി. സന്ന്യാസിനികളുടെ ആദ്ധ്യാത്മികവും സംസ്കാരപരവുമായ അഭ്യുദയത്തെ ലക്ഷ്യമാക്കി തിരുമനി ചെയ്തുവരുന്ന ആത്മാർത്ഥമായ സേവനത്തിന്റെ ലക്ഷ്യമായി അവിടുത്തെ ഈ ചുരുങ്ങിയ ഭരണകാല




BISHOP ALAPATT JUBILEE HALL

ST. MARY'S COLLEGE, TRICHUR.

മെത്രാൻ തിരുമേനിയുടെ ജൂബിലി സ്മാരകമന്ദിരം.

Bishop Alapatt S. S. Jubilee Memorial.



തിരുക്കുടുംബമഠം കപ്പേള അരണാട്ടുകര.



ജൂബിലേറിയൻ തിരുമേനിയും, തിരുക്കുടുംബസന്ന്യാസിസമൂഹത്തിന്റെ
സ്ഥാപകനും അരണാസമതിയും.

ത്തിന്നിടയിൽ ആറു ആശ്രമങ്ങളും മൂന്നു് ഹൈസ്കൂളുകളും ഏതാനും മറ്റു വിദ്യാലയങ്ങളും സ്ഥാപിതമായി. മാതൃമല്ല തിരുമേനിയുടെ പ്രോത്സാഹനത്തിന്റെ ഫലമായിട്ടാണു് ഈ കന്യകകൾ വിദ്യാഭ്യാസപദ്ധതിയിൽകൂടി അമ്പത്തഞ്ചു കൊല്ലത്തോളമായി അനുഷ്ഠിച്ചു വന്ന സമുദായസേവനത്തിനു മകുടം ചാർത്തുന്ന സെൻറ് മേരീസ് കോളേജ് സമാരംഭിച്ചതു്.

ഇന്നു് 25 കന്യകാലയങ്ങളിലായി 575 അംഗങ്ങളുണ്ടു്. ഇവരിൽ 479 പേർ വ്രതം അനുഷ്ഠിച്ചവരും 18 പേർ നവസന്ന്യാസിനികളും 21 പേർ അർത്ഥിനികളും 57 പേർ സഹായസഹോദരികളുമാണു്. വിദ്യാഭ്യാസപ്രവർത്തനത്തിലും രോഗപരിചരണത്തിലും, ഏർപ്പെട്ടിരിക്കുന്ന ഈ സന്ന്യാസിനീസമൂഹത്തിൽ 39 പേർ സർവ്വകലാശാല ബിരുദധാരികളും, പലരും സെക്കൻറി ടെയിനിംഗ്, ഹയർ എലിമെൻറി ടെയിനിംഗ് എന്നീ പരീക്ഷകളും 10 പേർ നേഴ്സിംഗ് പരീക്ഷയും 3 പേർ കമ്പൌണ്ടിങ്ങ് പരീക്ഷയും പലരും തയ്യൽ, ചിത്രം വര, സംഗീതം എന്നിങ്ങനെയുള്ള പരീക്ഷകളും പാസ്സായിട്ടുള്ളവരാണു്. ഈ കന്യകകളുടെ ആഭിമുഖ്യത്തിൽ ഒരു ഒന്നാം ഗ്രേഡ് കോളേജ്, അഞ്ചു ഹൈസ്കൂളുകളും ഒരു ടെയിനിംഗ് സ്കൂളും പത്തു മിഡിൽ സ്കൂളുകളും ഒമ്പതു് പ്രാഥമിക വിദ്യാലയങ്ങളും, ഒരു ബെയിസിക്ക സ്കൂളും, രണ്ടു കരകൌശലശാലകളും എന്നിവയ്ക്കും പുറമെ നാലു ആതുരാലയങ്ങളും, നാലു വൃദ്ധാതുരാലയങ്ങളും, ഒരു ശിശുക്കൾക്കുള്ള അനാഥമന്ദിരവും, രണ്ടു ഡിസ്പെൻസറികളും നടത്തപ്പെടുന്നുണ്ടു്. ഇവർ തങ്ങളുടെ നേതൃത്വത്തിൽപെട്ട വിദ്യാർത്ഥിനികൾക്കു് കായികവും മാനസികവും ആയ വിജ്ഞാനം പ്രദാനം ചെയ്യുന്നതിനു പുറമെ മതപരമായ ശിക്ഷണം നൽകുന്നതിനു് ആവശ്യമായ വേദോപദേശ ക്ലാസ്സുകളും മരിയാസഖ്യം, പൊൻടിഫിക്കൽ സൊസൈയിറ്റി, ദിവ്യകാരുണ്യ ബാലസംഘം എന്നിങ്ങനെയുള്ള ഭക്തസംഘങ്ങളും പ്രശസ്തമായി നടത്തിവരുന്നു.

Carmelite Congregation of the Trichur Diocese.

The long felt need of a religious order in Kerala came to be materalised in 1886 when a Carmelite Convent was started at Coonanmave by the combined endeavours of V. Revd. Frs. Leopald and Cyriac Chavara. This new convent was meant for the girls of both the Syrian and Latin rites of Kerala. But when a division was made between the Kerala Syrian and Latin Churches, the arch-diocese of Cranganoor had been split and the three Syrian dioceses of Varapolly, Trichur and Kottayam came into existence in 1887. Accordingly Coonanmave belonged to the Trichur Bishoporic. But when in 1896, the Ernakulam diocese was established Coonanmave came under its jurisdiction. Thus the Trichur


diocese was deprived of her carmelite Convent. But the Vicar Apostalic of Trichur of that time, Rt. Revd. Dr. John Manachery was not disheartened and determined to redeem the loss. With this intention His Lordship called back the few sisters of Trichur diocese who were then at Coonanmave Convent. A convent house had been erected at Ambazakad on a plot of land donated by a pious widow of the locality, Mrs. Kunjannam Kanichai and that small group from Coonanmave consisting of a professed sister, 4 novices and a few aspirants made it their new residence. Their rigorous convent life was reassumed. Of course there had been financial and other difficulties to be faced. They proved themselnes a real militant group. Soon postulants began to stream in and within a few years they were forced to open new houses. Dr. Manachery knowing well that social service is nothing but the out word expression of a greater charity for God, sent some of the sisters who were now rapidly increasing in number for higher education. Soon many Primary Schools attached to the Convents were opened for the education of young girls.

It was Rt. Revd. Dr. Francis Vazapilly who took up the administrative charge of the diocese in 1921. His Lordship displayed special interest in farthering the spiritual and cultural progress of the sisters and that of the convents in general. As a result there was a rapid and prosperous development of the congregation and other allied institutions. The zone of social work of sisters now extended from schools to hospitals, asylums and orphanages. Due attention had also been paid to the cultivation of the artistic faculties of the sisters. Some of them far excelled in fine arts, like music, painting etc. The starting of new industrial and training schools enlarged the field of their activities, thus rendering it possible to do the noble work of spreading the kingdom of christ on Earth on a larger Scale. As the houses and inmates increased in number the need was felt for a more organised and efficent internae administration of the congregation. Hence a central council consisting of Mother General and 4 councillors was constituted in 1936. By the time His Lordship Rt. Revd. Francis Vazapilly expired in 1942, there were about 19 houses of this congregation in the various parts of the diocese. Much progress had been already achieved in the various educational fields. The number of university degree holding sisters was not few.

The present pastor of the con-

gregation, Rt. Revd. Dr. George Alapatt is taking a warm and abiding interest in the all round progress and advancement of the congregation. It is to His Excellency's lively encourgement and all absorbing interest in the cause of education, that the congregation owe three of our High Schools and the realisation of one of its most cherisbed plans for the spread of higher Catholic education by starting a First Grade College in the diocese. Today, the St. Mary's towers as a crowning achievement of half a century of their service for humanity especially of their activities in the field of education. It is due to the endeavours of His Execllency that this diocesan Carmelite Congregation came to be affiliated to the 1st order of carmelites in March 1947 by the carmelite Vicar General of Rome. Now the sisters both living and dead are entitled to all the spiritual previlages enjoyed by the First order of Carmelites.

Today there are about 575 sisters in the 25 houses spread out through out the diocese among whom 479 are professed sisters; There are about 18 novices, 21 postulants and 57 lay-sisters. Among them 39 are having university degress, 10 are qualified nurses on staff, 3 are having deplomas in compounding. Besides there are many secondary and higher elementary trained teachers sisters holding deplomas in needle work, music, handicraft, drawing etc. are not few either. This congregation of sisters is now conducting most efficently and satisfactorily a university College, 5 high schools, 1 training College, 10 lower secondary schools, 9 primary schools, 2 industrial schools, 1 basic school, 4 orphanages, two dispensaries, one asylum for infants, 4 asylums for the aged and poor. To day they are rendering wonderful services both in the field of Christian Charity and in that of culture and education, in this Trichur diocese.



തൃശ്ശൂർ രൂപതയിലെ ക്ലാരസഭയുടെ ഒരു സംക്ഷിപ്ത ചരിത്രം.

———:◉:———


മദ്ധ്യശതകങ്ങളിൽ ക്രൈസ്തവാദർശങ്ങളിൽനിന്ന് അചിരേണ അകന്ന പൊയ്ക്കൊണ്ടിരുന്ന യൂറോപ്പിനെ വീണ്ടും സുവിശേഷ പ്രബോധനങ്ങളനുസരിച്ചുള്ള ജീവിതചര്യകളിലേയ്ക്കാനയിക്കുന്നതിന് അസീസ്സിയിലെ വിശുദ്ധ ഫ്രാൻസീസ് ചെയ്തിട്ടുള്ള വിരോചിത പരിശ്രമങ്ങളും ചരിത്രപ്രസിദ്ധങ്ങളാണല്ലൊ. ആ നിസ്തുല വിശുദ്ധനാൽ അന്ന് 13–ാം നൂറ്റാണ്ടിൽ—സമാരംഭിക്കപ്പെട്ട ആ പ്രസ്ഥാനമാണ് ഇന്ന് അഖിലലോകവ്യാപകമായ രീതിയിൽ പ്രവർത്തനം നടത്തിവരുന്ന ഫ്രാൻസിസ്കൻ സഭ. ഈ പ്രസ്ഥാനത്തിന്റെ ഉൽകൃഷ്ടാശയങ്ങളനുസരിച്ചു വർത്തിച്ചു ജീവിതവിശുദ്ധി നേടാൻ സ്ത്രീകൾക്കുവേണ്ടി വി. ക്ലാരയാൽ സ്ഥാപിക്കപ്പെട്ട മറ്റൊരു സന്ന്യാസസമൂഹമാണ് "ക്ലാരസഭ."

1910 ജൂലായി 26–ാംതിയ്യതിയാണ് ഈ ക്ലാരസഭയുടെ ഒരു ശാഖ തൃശ്ശിവപേരൂർ രൂപതയിൽപ്പെട്ട കരുവന്നൂരിൽ ഉൽഘാടനം ചെയ്യപ്പെട്ടത്. രൂപതയിലെ ഈ സഭാസ്ഥാപനത്തെപ്പറ്റി സ്മരിക്കുമ്പോൾ, പരിത്യാഗപൂർവ്വം അതിനുവേണ്ടി പരിശ്രമിക്കുകയും കായ്ക്ഷമമായ വിധത്തിൽ അത് നിർവ്വഹിക്കുകയും ചെയ്ത കാവുങ്കൽ ബഹുമാനപ്പെട്ട അന്തോണി അച്ചന്റെ നാമധേയമാണ് മുന്നിട്ടുനില്ക്കുക. പരേതരായ റെവ. ഡോ. ഡോക്ടർ ജോൺ മേനാച്ചേരി, ഡോക്ടർ ഫ്രാൻസിസ് വാഴപ്പിള്ളി, ഇപ്പോൾ പ്രശസ്തമായ വിധത്തിൽ രൂപതാ ഭരണം നടത്തിവരുന്ന ഡോക്ടർ ജോജ്ജ് ആലപ്പാട്ട് എന്നീ രൂപതാദ്ധ്യക്ഷന്മാരുടെ പൈതൃകമായ പരിലാളനകളും മറ്റു പല ബഹു. വൈദീകരുടെയും ജനങ്ങളുടേയും സ്നേഹസംപൂർണ്ണമായ സഹായസഹകരണങ്ങളുമാണ് പ്രസ്തുത സഭയ്ക്കു ഈ രൂപതയിൽ പ്രതിക്ഷാതീതമായ പുരോഗതിയും വികസനവും സാധിച്ചുകൊടുത്തിട്ടുള്ളത്.

ഈ സഭയുടെ പൊതുവായ ഉദ്ദേശം, ഫ്രാൻസിസ്കൻ ആദർശങ്ങളനുസരിച്ചു ജീവിച്ചു മൂന്നു സന്ന്യാസവ്രതങ്ങളുടെയും അനുഷ്ഠാനം വഴിയായി സഭാംഗങ്ങളും തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും ദൈവസ്തുതിക്കും സ്വന്തം പുണ്യപൂർണ്ണതയ്ക്കുംവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്നുള്ളതാണ്. വിദ്യാഭ്യാസപ്രവർത്തനങ്ങളും, ആതുരശുശ്രൂഷയും രൂപതാദ്ധ്യക്ഷൻ നിർദ്ദേശിക്കുന്ന മറ്റു ജോലികളും നിയമാനുസൃതമായി നിർവ്വഹിച്ചുകൊണ്ടു സമൂഹനന്മയ്ക്കായി പ്രവർത്തിക്കുക എന്നുള്ളതാണ് സഭയുടെപ്രത്യേകോദ്ദേശം.


ക്ലാരസഭയുടെ ആഭിമുഖ്യത്തിൽ രൂപതയിലിപ്പോൾ 17 ആശ്രമങ്ങളും അവയിൽ സന്ന്യാസിനികളും അർത്ഥിനികളുമായി 406 അംഗങ്ങളുമുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ 4 ഹൈസ്കൂളുകളും 5 മിഡിൽ സ്കൂളുകളും 6 പ്രൈമറി സ്കൂളുകളും 3 കരകൌശല ശാലകളും 2 അനാഥാലയങ്ങളും 1 ബോഡിംഗ്ഹൗസും 2 ഹോസ്റ്റലുകളും നടത്തിവരുന്നുണ്ട്. ബാങ്കർ, ചാലക്കുടി എന്നീ അശുപത്രികളിൽ സഭാംഗങ്ങളായ ചില സഹോദരികളും നഴ്സിംഗ് പരിശീലനം നടത്തുന്നുണ്ടെന്ന വസ്തുതയും പ്രസ്താവ്യയോഗ്യമാണ്.

അദ്ധ്യയന ദിവസങ്ങളിലും ഞായറാഴ്ചകളിലും വേദോപദേശ ക്ലാസ്സുകളും, മരിയാസഖ്യങ്ങളും, വാഷ്പികമദ്ധ്യാനങ്ങളും പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഒരുക്കൽ എന്നിവയും സഹോദരിമാരുടെ ആഭിമുഖ്യത്തിൽ നടത്തിപ്പോരുന്നു. കരുവന്നൂർ, പ. ചാലക്കുടി, കി. ചാലക്കുടി എന്നീ മഠങ്ങളിൽ 40 മണി ആരാധനയും മിക്ക മഠങ്ങളിലും 13 മണി ആരാധനയും കൊല്ലംതോറും കഴിച്ചുവരുന്നു. മരത്താക്കര നിത്യാരാധന മഠത്തിൽ അനുദിനം ആരാധന നടത്തുന്നതിനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. കൂടാതെ ദിവ്യകാരുണ്യ നാഥനിൽ



ജൂബിലേറിയൻ തിരുമേനിയും തൃശ്ശൂർ രൂപതയിലെ ക്ലാരിസ്റ്റ സഭാംഗങ്ങളും.

BISHOP ALAPATT JUBILEE MEMORIALS





ബിഷപ്പ് ആലപാട്ട് ജൂബിലി കപ്പേളയിലെ പ്രധാന ബലിപീഠം (കാട്ടൂർ)

സെന്റ് ആന്റണീസ് കപ്പേള, കാട്ടൂർ വടക്കുംഭാഗം.

നിന്നു് പ്രത്യേകം അനുഗ്രഹലബ്ധിക്കായി അഭ്യർത്ഥിക്കുന്നവക്കുവേണ്ടി നിർദ്ദേശിക്കുന്ന ദിവസങ്ങളിലും ആരാധന കഴിച്ചുവരുന്നു.

1937 മുതൽ 44 വരെയുള്ള കൊല്ലങ്ങളിൽ ഇന്നത്തെ ശ്രേഷ്ഠാദ്ധ്യക്ഷൻ തിരുമേനി പഴവിൽ, മറ്റം എന്നീ ആശ്രമങ്ങളുടെ കപ്പോനായിരുന്നുവെന്ന വസ്തുതയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ ഇന്നത്തെ ഭരണകാലം ക്ലാരസഭയ്ക്കാസകലം അഭിമാനതിയുടെയും നവോത്ഥാനത്തിന്റെയും കാലഘട്ടമായിതീരുന്നുണ്ടെന്നുള്ളതിനു രണ്ടു പക്ഷമില്ല. 1940–ൽ സഭയുടെ ഭരണഘടന പുതുതായി ക്രമപ്പെട്ടുത്തി അന്നത്തെ മെത്രാനച്ചൻ തിരുമേനിയെക്കൊണ്ടു് അംഗീകരിപ്പിച്ചതും തിരുമേനിയുടെ പരിശ്രമം മൂലമായിട്ടാണു്.

തിരുമേനി മറ്റം ആശ്രമ കപ്പോനായിരിക്കുന്ന അവസരത്തിലാണു് 1944 മാർച്ചു് 25–ാം തിയ്യതി ശ്രേഷ്ഠാദ്ധ്യക്ഷസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടതെന്നതും ചാരിതാർത്ഥ്യജനകമായ വസ്തുതയാണു്. റോമയിലെ ഫ്രാൻസിസ്കൻ കേന്ദ്രസഭയോടു് ശ്രേഷ്ഠതയിലെ ക്ലാരസഭയേയും സംഘടിപ്പിച്ചു കാണുവാനുള്ള ഞങ്ങളുടെ തീവ്രാഭിലാഷത്തെ ആദരിച്ചു് ഫ്രാൻസിസ്കൻ സഭയുടെ മിനിസ്റ്റർ ജനറാലും അവർകൾക്കു തൽസംബന്ധമായ എഴുത്തുകുത്തുകളും നടത്തി 1947 ഏപ്രിൽ 17–ാം തിയ്യതി സഭയെ കേന്ദ്രസഭയോടു് സംഘടിപ്പിച്ചതിൽ തിരുമേനി നിർവ്വഹിച്ച സേവനം നിസ്സീമമത്രെ. തിരുമനസ്സുകൊണ്ടു് ഭരണാധികാരം കയ്യേറ്റു് മൂന്നാം വാർഷികം തികയുന്ന ശുഭാവസരത്തിലാണു് അവിടന്നു് ആ അംഗീകരണലേഖനം ആശീർവ്വാദപൂർവ്വം സഭയ്ക്കു് പ്രദാനം ചെയ്തതു്.

ജൂബിലേറിയൻ തിരുമേനിയുടെ ഭരണകാലത്തു് പുതുതായി 3 ആശ്രമങ്ങളും 2 ഹൈസ്കൂളുകളും 2 മിഡിൽ സ്കൂളുകളും ഒരു അനാഥശാലയും സഭയ്ക്കുണ്ടാകാൻ ഭാഗ്യം സിദ്ധിച്ചിട്ടുണ്ടെന്നതും വസ്തുതയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

The Clarist Congregation in the Diocese of Trichur.

Its Beginning:

The Clarist Congregation in the Diocese of Trichur was started in 1910 by the late Rev. Fr Antony Kavungal, a native of Pariyaram (Trichur District) during the time of the late Bishop Rt. Rev. Dr. John Menachery, the First Indian Vicar Apostolic of Trichur. This Congregation is of the Syro-Malabar rite and its first house, which is also its mother house, was opened on 26th July 1910 at Karuvannur. Rev. Mothers Clare and Louise, the co-founders and beginners of this Congregation are still alive and the latter is, at present, Mother General. The Congregation owes much to them for its steady growth under their maternal solicitude and guidance.

Its Growth & Activities:

The infant Congregation with its mother house at Karuvannur

began to grow, supported and encouraged by the paternal protection of the late Bishops, the Rt. Rev. Dr. John Menachery and Dr. Francis Vazhapilly, together with the whole-hearted co-operation of the clergy and laity of the diocese. The Congregation has been developing during the last 42 years and now under the fostering care of the present Bishop, the Rt. Rev. Dr. George Alapatt, it has 17 convents with 406 members, 4 High Schools, 5 Middle Schools, 6 Primary Schools, 3 Industrial Schools and 2 Orphanages run under its auspices.

The Congregation ever considers it a special duty and privilege to impart religious instructions to Catholic boys and girls. Hence Sunday Schools, Sodalities, monthly recollections and annual retreats are efficiently conducted by our sisters. Every year a good number of boys and girls are prepared for their First Communion. Mission spirit is instilled into the tender hearts of the children and every year, we are able to send generous contributions to the Missions afar. Some of our sisters are undergoing nurse-training at Bangalore and Chalakudy in view of extending our humble social services to the public, according to the needs of the time. The physical education of the students has never been neglected; Inter-school Sports are a vivid proof of their interest in this field of education.


It was on November 13th 1946 that an Adoration Convent was inaugurated at Marathakara by His Excellency the present Bishop. The sublime purpose of this Institution is to conduct perpetual public adoration in a sprit of love and reparation for the outrages against the Eucharistic Lord. Besides, in our convents at Karuvannur, Eastern & Western Chalakudy, we have 40 hours adoration every year and in most of our convents 13 hours adoration, for fostering devotion to the Blessed Sacrament.

Debt of Gratitude to the Present Bishop:

The Congregation deems it proper to recognise the signal services rendered by His Excellency the present Bishop of Trichur, both as chaplain of two of our convents during the years 1937-44, and as the Bishop of the Diocese from 1944 onwards. Under his paternal care and guidance, the Clarist Congregation flourished to such an extent as to make it an Epoch in its history. It is remarkable that in 1940, by his zealous efforts, the rules of the Congregation were reformcodified and got them finally approved. It is a matter of joy to state that on



തൃശ്ശൂർ വ്യാകുലമാതാവിൻ ദേവാലയം.



LOURDES CATHEDRAL, TRICHUR UNDER CONSTRUCTION.



കത്തോലിക്കാ ബാലികാബാലന്മാരെ ഉദ്ദേശിച്ച് നെല്ലിക്കുന്നിൽ നവമായി
ആരംഭിച്ചിരിക്കുന്ന സെൻറ് സെബാസ്റ്റ്യൻ കാത്തലിക് മോഡൽ സ്കൂൾ.

March 25th 1944, when he was chaplain of our convent at Mattom, His Excelleny was nominated as the Bishop of Trichur.

We are indeed grateful to note that in 1947 due to the solicitude and sympathy of His Excellency our Congregation has been canonically affiliated to the Order of Friars Minor, thereby enabling us to participate in all the indulgences and spiritual favours of the Order. This unique fact, the Congregation will ever recollect with deep gratitude; and it hopes to go on progressing under his able guidance with its works for God & His Church....My God....My All.

തൃശ്ശൂർ രൂപതയിലെ തിരുക്കുടുംബസഭ.

കേരളീയ കത്തോലിക്കാ സമുദായത്താൽ ഭക്ത്യാദരപൂർവ്വം അനുസ്മരിക്കപ്പെടുന്ന അഭിവന്ദ്യ ദേഹമാണ് ദിവ്യശ്രീ മോസ്റ്റ്റേവ. മാർ യോഹന്നാൻ മെത്രാൻ തിരുമനസ്സുകൊണ്ട്. അദ്ദേഹം തൃശ്ശൂർ രൂപതയുടെ മെത്രാൻ പദമലങ്കരിച്ചിരുന്ന കാലത്ത് 1914 മേയ് 14-ാംനു- ഇടംപ്രഥമമായി തിരുക്കുടുംബ സഭ പുത്തഞ്ചിറ ഇടവകയിൽ സ്ഥാപിച്ചു. അന്നു പ്രസ്തുത ഇടവകയെ ഭരിച്ചിരുന്നതു്. ബഃ വിതയത്തിൽ യൗസേപ്പച്ചനായിരുന്നു.

സന്ന്യാസവ്രതങ്ങളുടെ അനുഷ്ഠാനവും സഭാചട്ടങ്ങളുടെ അനുസരണവും വഴി പുണ്യപരിപൂർണ്ണത പ്രാപിക്കുക, വിദ്യാഭ്യാസ പ്രചരണം വഴി ബാലികാബാലന്മാരുടെ ഹൃദയങ്ങളിൽ മതബോധവും സംസ്കാരവും വളർത്തുക, അനുരൂപമായ അനാഥരുമായ ജനങ്ങൾക്കുവേണ്ടി അനുരാലയങ്ങളും അനാഥശാലകളും നടത്തുക, ഇവയ്ക്കു പുറമെ രൂപതാദ്ധ്യക്ഷൻ അതാരുവസരത്തിൽ നിർദ്ദേശിക്കുന്ന ഇതര ജോലികളും നിർവ്വഹിച്ച് ഇതരന്മാരുടെ നന്മയ്ക്കായി പ്രവർത്തിക്കുക, എന്നിവയാണ് ഈ സഭയുടെ ഉദ്ദേശ്യങ്ങൾ. സഭയുടെ നിയമാവലി ജാഹ്നായിലെ തിരുക്കുടുംബ സഭക്കാരിൽനിന്നു് എ. പെ. പെ. ബ. പിതാവു് അവിടത്തെ അഭിവന്ദ്യ മെത്രാനച്ചൻ തിരുമേനി വഴി വരുത്തി വേണ്ട ഭേദഗതികളോടെ അംഗീകരിച്ചു നടപ്പിലാക്കി.

ബഃ മറിയം ത്രേസ്യാമ്മ — പുത്തഞ്ചിറെ ചിറമൽ മങ്കുടിയാൻ തോമ മകൾ ത്രേസ്യ—ആണ് ആദ്യമായി മൂന്നു കുട്ടുകാരികളോടുകൂടി സഭയിൽ ചേർന്നു്. ഈ അമ്മ ആശ്രമ പ്രവേശനത്തിനു മുമ്പുതന്നെ അസാധാരണഭക്തജീവിതം നയിച്ചിരുന്ന ഒരു കന്യകാരത്നമായിരുന്നു. തിരുക്കുടുംബ സഭ മലയാളത്തിൽ സുറിയാനിക്കാരുടെ ഇടയിൽ ഉണ്ടാകുന്നതിനു് ഹേതുഭൂതയും ഈ അമ്മതന്നെ. ആദ്യമായി ചേർന്ന നാലു പേരെ തുടർന്നു് സഭാംഗങ്ങൾ വർദ്ധിക്കുകയാൽ താമസത്തിനുള്ള സ്ഥലസൗകര്യാദികളുടെ അഭാവം നിമിത്തം, മഠം കെട്ടുവാൻ ബഃ വിതയത്തിൽ യൗസേപ്പച്ചനും ആശ്രമ ശ്രേഷ്ഠയായ ബഃ മറിയം ത്രേസ്യാമ്മയും അത്യധികം ക്ലേശിച്ചിരുന്നു. ഇത്തരുണത്തിൽ, പരേതനായ ബഃ അനുക്കൻ വലിയ യോഹന്നാനച്ചൻ തൃശ്ശൂർ ഡിസ്ട്രിക്ടിൽ മുകുന്ദപുരം താലൂക്കിൽ വടക്കും ഭാഗം വില്ലേജിൽ തരിശായി കിടന്നിരുന്ന ഉദ്ദേശം എട്ടേക്കർ സ്ഥലം സൗജന്യമായി നൽകി. 1918-ൽ എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് പ്രസ്തുത സ്ഥലത്തു് മഠം പണിയുന്നതിനു് ശിലാസ്ഥാപനകർമ്മം നടത്തി. പുത്തഞ്ചിറയിൽനിന്നു് രണ്ടു നാഴിക കിഴക്കു സ്ഥിതിചെയ്യുന്ന ഈ ആശ്രമമാണ് സഭയുടെ കേന്ദ്രം.

സഭയുടെ സ്ഥാപനത്തിനും അഭിവൃദ്ധിക്കും ഹേതുഭൂതനായ അഭിവന്ദ്യ തിരുമേനി ഇക്കാലത്തു ദിവംഗതനായി. തൽസ്ഥാനത്തു് അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ട എ. പെ. ബ. മൊൺ: ആൻറണി പുത്തൂശ്ശേരി അവർകളുടെ സ്നേഹപരിലാളനകളാസ്പദിച്ചു് സഭാ ശിശുവായ സഭ വളർന്നു തുടങ്ങി.

1921–ൽ മെത്രാൻ പദമലങ്കരിച്ച വാഴപ്പള്ളി മാർ പ്രംസീസ്സോസ് മെത്രാനച്ചൻ തിരുമനസ്സിലെ ഭരണകാലം സഭയ്ക്കു് ഒരു ശുക്രദശതന്നെയായിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ ഭരണ ശീതളച്ഛായയിൽ കേവലം ശൈശവാവസ്ഥയിൽ സ്ഥിതിചെയ്തിരുന്ന സഭാതരു തഴച്ചു വളർന്നു തുടങ്ങി. പല ശിഖരങ്ങളും പൊടിച്ചു. അവയാണു് തൃശ്ശൂർ, തൃപ്പൂർ, ചേലക്കര, ആമ്പക്കാട്ട്, ആളൂർ, മുക്കാട്ടുകര, പതിയാരം എന്നീ സ്ഥലങ്ങളിലുള്ള ആശ്രമങ്ങൾ.

ഇക്കാലഘട്ടത്തിൽ തൻെറ വത്സല സുതകളെ സന്താപസാഗരത്തിൽ നിമജ്ജനംചെയ്തിക്കൊണ്ടു് സഭാ സ്ഥാപക— ആ സ്നേഹമാതാവു് 1926 ജൂൺ 8–ാംനു- തൻെറ 50–ാമത്തെ വയസ്സിൽ ദിവ്യമണവാളസന്നിധിയിൽ തൻെറ പാവനാത്മാവിനെ സമർപ്പിച്ചു.

നി. വന്ദ്യ. ദിവ്യശ്രീ വാഴപ്പിള്ളി മെത്രാനച്ചൻ തിരുമനസ്സിലേയ്ക്കു് അധികകാലം ശ്രുതാഭരണം നടത്തുവാൻ സംഗതിയായില്ല. വന്ദ്യ തിരുമേനിയുടെ അകാലവിയോഗത്തിനുശേഷം അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടതു് എ. പെ. ബ. മൊൺ. മാത്യു എടക്കളത്തൂർ അവർകളെയാണു്. അദ്ദേഹത്തിൻെറ മഹനീയ സേവനങ്ങളും ഈ സഭയ്ക്കു പ്രസ്താവാർഹമാം വണ്ണം ലഭ്യമായിട്ടുണ്ടു്.

അധികകാല താമസമെന്യേ അനാഥയായിത്തീർന്ന തൃശ്ശൂർ ശ്രുത സനാഥയായിത്തീർന്നു. അവൾക്കൊരു സൗഭാഗ്യചന്ദ്രൻ ഉദിച്ചുയർന്നു. ഇന്നു് തൃശ്ശൂർ ശ്രുതയെ ശ്രേയസ്കരമാംവണ്ണം ഭരിച്ചു് തൻെറ ഗുണപൗഷ്കല്യങ്ങളിലും, സർവ്വോപരി ഭക്തിപ്രചുരിമയാലും ഇടയഗണത്തിനു മകുടാലങ്കാരമായി. അജ്ഞാനാന്ധകാരത്തിലുഴലുന്നവർക്കു വിജ്ഞാനദീപമായി ലാലസിക്കുന്ന എ. പെ. പെ. ബ. ജോർജ്ജ് ആലപ്പാട്ട തിരുമനസ്സുകൊണ്ടു് മെത്രാൻ സ്ഥാനമലങ്കരിച്ചു. ഏവരും കുള്ളഹലചിത്തവൃത്തികളായിച്ചമഞ്ഞു. അവിടത്തെ പൈതൃക സ്നേഹപരിലാളനകളും, പരിപാലനകളും യാതൊരു ലോഭവുമെന്യേ സഭാശിശുവിനു് അനുഭവവേദ്യമായിത്തുടങ്ങി. സഭാകയായി നടത്തിപ്പോന്നിരുന്ന ലോവർ സെക്കണ്ടറി സ്കൂളുകളും ഹൈസ്കൂളുകളായി ഇക്കാലത്തു് ഉയർത്തപ്പെട്ടു. അനാഥമന്ദിരങ്ങളും സ്ഥാപിച്ചു. കൊടകര, അരണാട്ടുകര, താഴെക്കാട്, സേവിയൂർ എന്നീ സ്ഥലങ്ങളിൽ ഓരോ ആശ്രമങ്ങളും സ്ഥാപിക്കപ്പെട്ടു. കൂടാതെ നേഴ്സിംഗ് പരിശീലനത്തിനായി ബ. സഹോദരികളെ മറ്റു സ്ഥലങ്ങളിലേയ്ക്കു് അയച്ചുവരുന്നു. ഇതിനും പുറമെ തൻെറ വത്സലസുതകളിൽ സന്ന്യാസാരൂഢി കൂടുതൽ വർദ്ധമാനമായിത്തീരുന്നതിനു വേണ്ടി നിയമാവലിയിൽ കാലോചിതമായ വ്യതിയാനങ്ങളും വരുത്തി. കാനോനികനോവിസ്സാത്തിനെ ഇന്നത്തെ നിലയിലുയർത്തി. ഇങ്ങിനെ സഭയുടെ നാനാമുഖമായ അഭിവൃദ്ധിക്കുവേണ്ടി അഭിവന്ദ്യ പിതാവു ചെയ്തിട്ടുള്ളതും ചെയ്തുകൊണ്ടിരിക്കുന്നവയുമായ അക്ഷീണ പരിശ്രമങ്ങളും സഭാ ചരിത്രത്തിൽ സുവർണ്ണലിപികളാൽ അങ്കിതമാണു്.

ഈ സഭയെ നട്ടുനനച്ചു വളർത്തികൊണ്ടുപോരുന്ന—സഭാ സ്ഥാപകനായ വിതയത്തിൽ ബ: യൗസേപ്പച്ചൻ 88–ാമത്തെ വയസ്സിലേയ്ക്കു കാലുകുത്തിയെങ്കിലും, യുവസഹജമായ പ്രസരിപ്പോടും, ഒരു സ്നേഹപിതാവു് എന്ന നിലയിലും സഭയെ യാതൊരു വാട്ടവും കോട്ടവും കൂടാതെ ഇന്നും പരിപാലിച്ചു വരുന്നു.

സഭയ്ക്കു് ഇപ്പോൾ 13 മഠങ്ങളും 3 ഹൈസ്കൂളുകളും 12 പ്രൈമറി സ്കൂളുകളും 2 അനാഥമന്ദിരങ്ങളും ഒരു മിഷ്യൻ രംഗവും ഒരു കൈത്തൊഴിൽശാലയും ഉണ്ടു്. 13 മഠങ്ങളിലായി ജീവിച്ചിരിക്കുന്ന 214 നിത്യവ്രതാനുഷ്ഠായികളായ സഹോദരീമാരും 54 നവസന്ന്യാസികളും 17 അർത്ഥിനികളും 12 ഉന്നത ബിരുദധാരികളും ഉണ്ടു്.

The Holy Family Congregation in Trichur Diocese.

The Holy Family Congregation was erected as a Diocesan Congregation, at Puthenchira, Trichur Diocese as early as the 14th of May 1914 by the late Rt. Rev. Dr. John Menachery, Bishop of Trichur of revered memory. The Prime movers of this Congregation were however Rev. Fr. Joseph Vidayathil and the late Rev. Mother Mary Tresa who could justly be called the co-founders of this religious institute. Mother Mary Tresa, the first member of the Congregation and its first mother belonged to a noble family and was the daughters of Mr. Thoman Chiramal Mankudian. As every other religious congregation, this institution strives to attain spiritual perfection by the observance of the Evengelical Councils, Constitutions and rules proper to it and by the carrying out of activities enjoined upon them by the Bishop. The Holy Family Congregation has included in its Constitution as its peculiar characteristic and distinctive objective the visiting of the houses of the sick and moribund to console them and prepare them for a good death. This was found a necessity of the times and this Congregation supplied the deficiency. It will be observed that the constitution was drawn up after the pattern of the constitution of the Holy Family Congregation at Jaffana got down appositely from there by the late Rt. Rev. John Menachery. Our Constitution allows us also the taking up of the work of teaching in schools of maintaining orphanages and nursing homes and working in hospitals; but the visiting of houses, the peculiar characteristic of our Congregation has brought out good results and is being much appreciated by the public at large.

The Holy Family Congregation was particularly fortunate to have Rev. Mother Tresa, the co-foundress as its first Mother Superior. Her extra - ordinary piety, profound humility, simple way of life, zeal for souls and inexhaustible energy fitted her to occupy this post at the initial stage of the Congregation. Rev. Fr. Joseph Vidayathil another cofounder and since many years now the veteran chaplain of the mother house at Puthenchira was from the start and is even now a

great asset to the institute. Both these co-founders with one mind and heart worked for the all round progress of the Congregation. While the zealous Mother Superior by her interior sanctity and disciplined administration influenced the internal renovation of the spirit of the religious house, Rev. Fr. Joseph Vidayathil, the Chaplain worked for the temporal advancement of the Community. Both the founders laboured for the greater glory of God, one doing the work of Mary and the other the work of Martha of the Gospel.

The number of the religious increasing, the superiors were confronted with the problem of finding elbow space. This meant new site and new buildings and consequently the finding of finances. Calm and unperturbed the co-founders placing all confidence in Providence, spent long hours in prayer beseeching the Lord financial aid when lo! came the much needed help from unexpected quarters. Rev. Fr. John Ambooken a parishioner of Puthenchira came foreward with a donation of eight acres of land, other donations small and big following in its woke, Rev. Fr. Joseph Vidayathil thought that the time was ripe for laying the foundation stone of a mother house more spacious and ample to house the increasing number of the religious seeking admission to the Convent. The foundation stone was laid by Bishop Menachery. The new building rose from its foundations and in Comparatively short time it was a fait accompli. The good Bishop Menachery died on the 19th December 1919. His memory is held in benediction by the Holy Family Congregation for the innumerable helps he has rendered to our institute.

Rt. Rev. Msgr. Antony Puduchery who succeeded Bishop Menachery in the interim administration watched over us with paternal solicitude and care for two years.

In the year 1921 Rt. Rev. Dr. Francis Vazhapilly be came the Bishop of Trichur. During his long reign of 23 years we made all round progress. We started convents at Trichur, Thumbuor, Chelakkara, Alur, Ambakad, Mukkattukara and at Pariyaram and together with them schools. The memory of Rt. Rev. Dr. Francis Vazapilly is cherished with great love in our Community. In fact there was no initiative of ours which he did not encourage, no undertaking which we have begun which he did not patronize. His presence amidst us gave us inspiration his words brought us solace in our trials.

Meanwhile times of trials were ahead of us. After 12 years

of strenous and unstinted work which had consumed all her energy and strength, the founder and first mother, Teresa-fell Seriously ill. It was soon evident that her end was not far off. She received the last sacraments from Rev. Fr. Joseph Vidayathil and flew to her spouse for whom she had lived and for whom she had spent herself, on 8th June 1926 in her 50th year. At the sad and unexpected demise of Dr. Vazhapilly on 12th May 1942 Rt. Rev. Msgr. Mathew Edakolathur, the then Vicar General and Chaplain of our Convent at Trichur, became the administrator of the Diocese. He still continued as our chaplain. Under both capacities of chaplain and administrator he was a beacon light to our congregation. He always identified his interests with ours and remained for long our main stay and support in our trials. For the innumerable services he has done us, God gave us the immense satisfaction to keep him near us and treat him in his last illness.

In the year 1944 the period of administration of Msgr. Edakolathur terminated and His Excellency, the present Bishop took charge of the diocese.

It is under the paternal care and vigilance of His Excellency, Rt. Rev. G. C. Alapatt that this Institution which was until then in its budding days blossomed and flourished. Three high schools, two orphanages and convents at Kodakara, Thazhekad, Aranattukara and Xaviur rose up under his regime. Some of the sisters are being sent for nursing course there by to achieve one of the aims of the Congregation. Implementing the new code of Canon law, His Excellency introduced necessary changes in the rules and regulations, raised the Canonical Novitiate to the present state. Rev. Fr. Joseph Vidayathil, our Venerable octogenerian Chaplain and founder, thank God, is still keeping watch over the institution.

At present there are altogether 13 convents, 3 high schools, 12 primary schools, 2 orphanages, 1 Industrial school and 1 mission centre, belonging to onr Congregation. There are 214 professed Nuns, 54 Novices, and 17 Postulants. Out of these 12 have received higher educational qualifications.

തൃശ്ശൂർ രൂപതയിലെ ഉപവിമഠത്തിന്റെ ചുരുങ്ങിയ ചരിത്രം.

മ.ബ്ര. പെ. പെ. ബ. ആലപ്പാട്ട് ജോ ഈജ് തിരുമേനി 1944 മേയ് 1–ാംതിയതി മെത്രാൻപട്ടമേറ്റ തൃശ്ശൂർ രൂപതാഭരണം കൈയ്യേറ്റശേഷം സാധുസംരക്ഷണവും സേവനവും നടത്തുന്നതിനായി ഉപവിസഹോദരികളും എന്നദ്ധിഷ്ഠാനത്തിൽ ചൊവ്വന്നൂരു് ഇടവകാതൃത്തിയിൽ കന്യാസ്ത്രികളുടെ ഒരു സംഘം 1944 നവമ്പർ 13–ാംതിയതിയിലെ 786/44–ാം കല്പനപ്രകാരം സ്ഥാപിച്ചു. ഈ ആശ്രമത്തിന്റെ ആരംഭംമുതൽ ഇതിനെ നയിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചൊവ്വന്നൂരു് പള്ളി വികാരിയായ ഊക്കൻ ബ. അഗസ്തിൻ ജോണച്ചനെ നിയമിച്ചു.

ഉപവിസഹോദരികളുടെ ആദർശം ആബാലവൃദ്ധം ഏവർക്കും എല്ലാതരത്തിലുമുള്ള കഴിവനുസരിച്ചു് സേവനംചെയ്യുക എന്നതാണു്. ഈ സഭയുടെ താല്പര്യാലികനിയമാവലിയായി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അനുവദിച്ചുതന്നിട്ടുള്ളതിൽ നമ്മുടെ കർത്താവിന്റെ ശ്രേഷ്ഠ ഉപദേശം "കൊടുക്കുന്നതു വാങ്ങുന്നതിനേക്കാൾ അനുഗ്രഹീത"മാകുന്നു എന്ന തിരുവാക്യം ചേർത്തിട്ടുണ്ടു്. സേവനം ചെയ്യുന്നതു പ്രതിഫലം ഇച്ഛിക്കാതെ ആയിരിക്കണമെന്നതു ദൃഢനിശ്ചയമാണു്. ആരംഭദശയിൽ കഴിയുന്നതു ചെറുസേവനങ്ങളാം ഈ ആദർശത്തെ കൺമുമ്പാകെവെച്ചു സഹോദരികളാം ചെയ്തുവരുന്നു.

രണ്ടു സഹോദരികളാം ബൈസവാഡയിൽ രണ്ടുകൊല്ലം നേഴ്സിങ്ങ് ട്രെയിനിങ്ങ് കഴിച്ചിട്ടുണ്ടു്. അവരുടെ പ്രവൃത്തിരംഗമായി മൂന്നു ഡിസ്പെൻസറികളാം നടത്തിവരുന്നുണ്ടു്. ഇപ്പോൾ മെത്രാൻതിരുമനസ്സിലെ ജൂബിലിസ്മാരകമായി ഒരു വലിയ എട്ടപ്പു് ഡിസ്പെൻസറിയായും കാലതാമസംകൂടാതെ രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു ചെറിയ ആസ്പത്രിയായും ഈ മഠത്തിന്റെ ശാഖയായ രാജഗിരിയിൽ (മുണ്ടത്തിക്കോടു്) ഈ മാസം 13–ാംതിയതി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ആശീർവ്വദിക്കുന്നതാണു്.

വിദ്യാഭ്യാസം പിന്നോക്കമായിരുന്ന രണ്ടു സ്ഥലത്തു പ്രൈമറി സ്കൂളുകളാം നടത്തുന്നുണ്ടു്. ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന കുഷ്ഠരോഗികൾക്കായുള്ള 'ഡാമിയൻ ഇൻസ്റ്റിട്ട്യൂട്ട്' നേഴ്സിങ്ങ് ജോലി ചെയ്യുന്നതിനു് ഈ മഠത്തിൽനിന്നും രണ്ടു ബ. സഹോദരിമാരെ ആ സംരംഭത്തിന്റെ അധികൃതന്മാർ ആവശ്യപ്പെട്ടിട്ടുണ്ടു്.

രണ്ടു സ്ഥലങ്ങളിൽ വേറെയും ചില നേഴ്സിങ്ങ് ട്രെയിനിങ്ങിനും കമ്പൗണ്ടിങ്ങ് പഠനത്തിനും അയക്കുവാൻ എഴുത്തുകുത്തുകളാം നടത്തിവരികയാണു്.

ഈ സഭയിൽ ഇന്നേവരെ നാലു മഠങ്ങളിലായി 63 പരമ്പോപ്പുകാരും 39 നവസന്യാസിനികളും 11 അർത്ഥിനികളും അംഗങ്ങളായിട്ടുണ്ടു്. ഇതിൽ അംഗങ്ങളായി ചേരുന്നതിനു് സുശീലകളും ശരീരാരോഗ്യമുള്ളവരും പരസ്നേഹപ്രവൃത്തികളാം ചെയ്യുന്നതിനുൽസുകരും ആയാൽമതി. വിദ്യാഭ്യാസപരമായി ഇന്ന ക്ലാസ്സു പാസ്സായിരിക്കണമെന്നോ, പ്രായംസംബന്ധിച്ചു് ഇത്ര വയസ്സിനു താഴെയായിരിക്കണമെന്നോ നിബ്ബന്ധമില്ല. കന്യകകളാംക്കും വിധവകളാംക്കും ഇതിൽ പ്രവേശനമുണ്ടു്. ഉപവി എല്ലാവരേയും ആശ്ലേഷിക്കുന്നുവെന്നു പ്രവൃത്തിപരമായി കാണിക്കയാണു് ഇതിന്റെ ഉദ്ദേശ്യം. സ്കൂളുകളാം നേഴ്സിങ്ങ് വേലകളാമാം കൂടുതൽ വിദ്യാഭ്യാസമുള്ളവരെ ലഭിക്കണമെന്നു താല്പര്യമില്ലായ്കയില്ല. ഈശോയെ ദിവ്യമണവാളനായി സ്നേഹിക്കുന്നതിനു യഥാർത്ഥാഗ്രഹമുള്ളവരെ ആരേയും അങ്ങനെ തള്ളിക്കളയാത്തതുപോലെ ഈ സ്ഥാപനത്തിലും അങ്ങനെയുള്ളവർക്കു പ്രവേശനം തടയുന്നതല്ല.

ഈ സഭയുടെ കോശസ്ഥിതി വളരെ ആശാസ്യമല്ല. എങ്കിലും പഞ്ഞംപാടി പബ്ലിക്കിനെ അലട്ടാതെയിരിക്കണമെന്നാണ് നിശ്ചയം. സഭാംഗങ്ങൾ കൊണ്ടുവരുന്ന ചുരുങ്ങിയ പതിമോനിസംഖ്യകൊണ്ടും, കൈവേല, കൃഷി കൊണ്ടും അന്തേവാസികളുടെ ചിലവുകൾ മിതമായി നടത്തിപ്പോരുന്നു. മറ്റു ജോലികൾക്ക് പബ്ലിക്കിനെ സമീപിക്കാതെ നിവൃത്തിയില്ലല്ലൊ. ഡിസ്പെൻസറിപണിക്കും മറ്റുമായി ചിലപ്പോൾ യാചനക്കിറങ്ങിയ അവസരങ്ങളിൽ മഹാജനങ്ങൾ ഔദാര്യമായി സഹായിച്ചിട്ടുണ്ടെന്ന് ഇത്തരുണത്തിൽ നന്ദിപൂർവ്വം ഏറ്റുപറയുകയും സൽപ്രവൃത്തികൾക്കു ഞങ്ങളെ പ്രാപ്തരാക്കുന്നതു നിങ്ങളാണെന്ന കളങ്കം ലേശംപോലുമില്ലാതെ ഞങ്ങൾ സമ്മതിക്കയും ചെയ്യുന്നു.

പരദേശങ്ങളിലും സ്വദേശങ്ങളിലുംനിന്നു കാര്യമായ സംഭാവനകൾ ലഭിക്കുന്നതായിരുന്നാൽ ദരിദ്രരായിരുന്നാലും സ്വഭാവഗ്രണമുള്ള അംഗങ്ങളെ പതിമോനികൂടാതെ സ്വീകരിക്കുന്നതു് ഉപവിപ്രവൃത്തികളുടെ ഒരിനമായി കരുതുന്നതാണു്. ഇതുവരെ ചിലക്കെങ്കിലും അങ്ങിനെ ചെയ്യാൻ ശിശുവായ ഈ സഭക്കു സാധിച്ചിട്ടുണ്ടെന്നു് കർത്താവിൽ അഭിമാനപൂർവ്വം പ്രസ്താവിക്കട്ടെ.

എട്ടുവയസ്സു മാത്രം പ്രായമുള്ള ഈ ബാലിക മേലധികാരികളുടെയും, സിസ്റ്റർസഭകളുടേയും, പബ്ലിക്കിന്റെയും ലാളന ലഭിച്ചു്, നാൾക്കുനാൾ വളർന്നു്, ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സൽപ്രവർത്തികളിൽ സമ്പന്നയായി ഭവിക്കട്ടെ എന്നു ആശംസയോടെ ഞാൻ വിരമിക്കുന്നു.

IN A NUTSHELL.

The Congregation of the Sisters of charity of Trichur Diocese was begun on the 13th of November 1944, by the order No. 786/44 of His Excellency Rt. Rev. G. C. Alapatt, Bishop of Trichur. With the direction and guidence of His Excellency it was formed and developed by Rev. Fr. A. J. Ukken, Vicar of Chowannoor.

Persons of Education as well as those who can read and write Malayalam well can be members of this Congregation. All instructions are given and cannonical hours are recited in vernacular.

There are now sixtythree professed sisters, thirtynine novices and eleven postulants in four houses. A dispensary each is attached to three convents. Two primary schools are run by the sisters according to the grant-in-aid system. Some Sisters are being sent to nursing centres to be equipped to work for the lepers and T. B. patients. The poor sisters beg for good will and encouragement from the public that they may render their services unstinchingly for the greater glory of God.

തൃശ്ശൂർ രൂപതയിലെ കത്തോലിക്കാ പ്രവർത്തനസംഘടന.

"കത്തോലിക്കാ പ്രവർത്തനത്തിന്റെ പാപ്പാ" എന്ന അപരനാമത്താൽ പ്രശോഭിതനായിരിക്കുന്ന പതിനൊന്നാം പീയൂസ് തിരുമനസ്സിലെ ആഹ്വാനം അനുസരിച്ച്, തൃശ്ശൂർ രൂപതയിലും കത്തോലിക്കാ പ്രവർത്തനങ്ങളും സംഘടിപ്പിച്ച് ഊർജ്ജിതപ്പെടുത്തുവാൻ കാലംചെയ്ത മാർ ഫ്രാൻസീസ് വാഴപ്പിള്ളി തിരുമനസ്സുകൊണ്ട് 1937 ഒക്ടോബർ 26-ാംതിയതി ഒരു ഇടയലേഖനം വിളംബരം ചെയ്തു. തദനുസരണം 1938 ആരംഭത്തിൽ മിക്ക ഇടവകകളിലും കത്തോലിക്കാ പ്രവർത്തന ശാഖാസംഘങ്ങളും സ്ഥാപിതമായി.

പ്രവർത്തനപരിപാടി:

ആരംഭംമുതൽ നാളിതുവരെ രൂപതയിലെ "കത്തോലിക്കാ പ്രവർത്തനം", സജീവമായി, പ്രേഷിതചൈതന്യത്തോടുകൂടി പരിലസിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുന്നതിൽ അത്യന്തമായ കൃതാർത്ഥതയും അഭിമാനത്തിനും അവകാശമുണ്ട്. നിലവിലുള്ള സംഘങ്ങളെ പരിപോഷിപ്പിച്ചും പുതിയവയെ രൂപവല്ക്കരിച്ചും കാലാനുസൃതങ്ങളായ സാമുദായികസാമ്പത്തികപരിപാടികളെ സംവിധാനം ചെയ്തും രൂപതയിൽ കത്തോലിക്കാ പ്രവർത്തനത്തിന് ഉൽകൃഷ്ടമായ പ്രചോദനവും അഭിനവമായ ചൈതന്യവും എന്നും ഉളവായിട്ടുണ്ട്. വേദപ്രചാരം, ജീവകാരുണ്യപരിശ്രമം, ഇടവക വായനശാല, കത്തോലിക്കാ പ്രസിദ്ധീകരണം, ആദിയായ ആദ്ധ്യാത്മികവും സാമുദായികവുമായ പ്രസ്ഥാനങ്ങളും കത്തോലിക്കാ പ്രവർത്തനത്തിന്റെ പ്രായോഗികപദ്ധതികളിൽ പ്രാധാന്യമഹിക്കുന്നവയാണ്. കൂടാതെ, രാജ്യാന്തരീകപ്രാധാന്യമുള്ള സംരംഭങ്ങളുടെ ശാഖകളും യഥായോഗ്യം ഇടവകകളിൽ സ്ഥാപിച്ച്, തിരുസ്സഭ സാവ്വത്രികമായിരിക്കുന്നതുപോലെ, രൂപതയിലെ കത്തോലിക്കാ പ്രവർത്തനത്തിനും ഒരു സാവ്വത്രികപ്രകൃതി നല്കുകയും ചെയ്യുന്നുണ്ട്.

കേന്ദ്രസമിതി:

കത്തോലിക്കാ പ്രവർത്തനപരമായ നിർദ്ദേശങ്ങളും നല്കിയും പരിശീലനസൗകര്യങ്ങളും ഫലപ്രദമാക്കിയും, പൊതുവിൽ അപ്പൊസ്തോലികപരിപാടികളെ ആസൂത്രണം ചെയ്തും രൂപതയിൽ ക. പ്രവർത്തനം കാര്യക്ഷമമാക്കി ചെയ്യുന്നതിനു മുതലപ്പെട്ടിട്ടുള്ളതാണ് കേന്ദ്രസമിതി. പൊതുക്കാര്യനിവ്വഹണത്തിനു പുറമെ, പ്രത്യേകമായി കേന്ദ്രസമിതി രൂപതാപരമായ ചില പദ്ധതികളും നിവ്വഹിച്ചുപോരുന്നുണ്ട്.

ഏകാന്തധ്യാനം:

1941-ൽ തൃശ്ശൂർ സെൻറ് മേരീസ് തോപ്പിൽ സമാരംഭിച്ച "ഏകാന്തധ്യാനം" വിശുദ്ധവാരത്തിലെ ഒരു വാഷികചടങ്ങായിത്തിന്നിട്ടുണ്ട്. 1946 മുതൽ ധ്യാനം ഏതുത്തരുത്തു കമ്മലീത്താശ്രമത്തിൽ അവിടത്തെ ബ. വൈദികരുടെ ശ്രദ്ധയിലും മേലനേപഷണത്തിലുമാണ് നടന്നുവരുന്നതു്. ധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ളതു് പ്രസ്താവ്യമത്രെ.

ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ സമ്മർ സ്കൂൾ:

കേന്ദ്രസമിതി കൊല്ലംതോറും ഗ്രീഷ്മകാലത്തു് നടത്തിവരുന്ന വേദവിജ്ഞാന വിദ്യാലയം അതിപ്രധാനമായ ഒരു പ്രവർത്തനമാണ്. 1941 ഡിസമ്പറിൽ സമാരംഭിച്ച ഈ പ്രസ്ഥാനം മാർ ഫ്രാൻസീസ് വാഴപ്പിള്ളി തിരുമനസ്സിലെ സ്മരണയെ ശാശ്വതീകരിക്കത്തക്കവണ്ണം ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ സമ്മർ സ്കൂൾ എന്ന പേർ പറഞ്ഞുവരുന്നു. മാർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ട രൂപതാഭരണം ഏറ്റതോടുകൂടി ഇതിനു് അദ്ഭുതപൂർവ്വമായ പുരോഗമനമുണ്ടാ

യിട്ടുണ്ട്. തിരുമനസ്സിലെ താമഹേതുകനായ വി. ഗീവർഗ്ഗീസ് പുണ്യവാന്റെ തിരുനാൾദിനമായ ഏപ്രിൽ 23–ാംതിയതി സമ്മർ സ്കൂൾ ഉൽഘാടനം ചെയ്യുന്നതും തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകവാർഷികദിനമായ മേയ് 1–ാം തിയതി പര്യവസാനിക്കുന്നതുമാകുന്നു. 1950 വരെ വിദ്യാലയം തൃശ്ശൂർ പട്ടണത്തിലാണ് നടത്തിവന്നിരുന്നതു്. ഉത്തരപ്രദേശങ്ങളിലെ സാമാന്യജനങ്ങൾക്ക് ഇതു കൂടുതൽ പ്രയോജനകരമാകത്തക്കവണ്ണം 1951–ൽ ചാവരുട്ടിയിലും 1952–ൽ ഒല്ലൂരും വിദ്യാലയം നടത്തപ്പെട്ടു. മതം, വേദഗ്രന്ഥം, ചരിത്രം, സാഹിത്യം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചു പ്രസിദ്ധ പണ്ഡിതന്മാരുടെ അദ്ധ്യയനക്ലാസ്സുകളും, അദ്ധ്യേതാക്കളുടെ സ്വതന്ത്രമായ അദ്ധ്യയനക്കളരികളും, പ്രസംഗമത്സരങ്ങളും മുതലായവയാണ് വിദ്യാലയത്തിലെ സാമാന്യപരിപാടി. അവസാനം ഒരു പരീക്ഷ നടത്തുകയും വിജയികൾക്കു ഡിപ്ലോമകളും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്കു മെത്രാൻ തിരുമനസ്സിലെ സമ്മാനങ്ങളും നല്കിവരാറുണ്ട്. 150 മുതൽ 250 വരെ അദ്ധ്യേതാക്കൾ ക്ലാസ്സിൽ പഠനം നടത്തുകയും അവരിൽ 60—70 ശതമാനം പരീക്ഷയിൽ ചേരുകയും ചെയ്യാറുണ്ടെന്നുള്ളതു ശ്ലാഘനീയമാണ്.

കത്തോലിക്കാ പ്രവർത്തന സംഘങ്ങളുടെ സംയോജനവും സംഘടനയും:

രൂപതയിൽ വിവിധസംഘങ്ങൾ കത്തോലിക്കാ പ്രവർത്തനത്തിൽ വ്യാപൃതരായി പ്രശസ്തമായ അപ്പൊസ്തോലികസേവനം ചെയ്യുന്നുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകമാണ്. അവയുടെ വ്യക്തിത്വത്തിനൊ പ്രത്യേക ലക്ഷ്യങ്ങൾക്കൊ ഒരുവിധത്തിലും ബാധകമാകാത്തവിധം അവയെ സംയോജിപ്പിച്ചു രൂപതയിലെ കത്തോലിക്കാപ്രവർത്തനസംരംഭങ്ങൾക്ക് ഐകരൂപ്യം നല്കുന്നതു് ഓരോ ഘടകത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും തദ്വാരാ രൂപതയിലെ കത്തോലിക്കാ പ്രവർത്തനസംഘടന കൂടുതൽ സേവനസന്നദ്ധമായിത്തീരുന്നതിനു് അത്യന്തം സഹായകമായിരിക്കുമെന്നാണ് ഇന്നത്തെ അഭിപ്രായഗതി. തത്സംബന്ധമായി വേണ്ടതു കാലവിളംബമെന്യേ പ്രാവർത്തകമായിവരിക്കുമെന്നു പ്രത്യാശിക്കയും ചെയ്യുന്നു

The Catholic Action Society, Trichur Diocese.

In response to the special call of Pope Pius XI, to organise Catholic Action, as a sure remedy for the evils of the day, the late Bishop of Trichur, Dr. Francis Vazhappilly on the 26th Dec. 1937 issued an exhortation and an order requiring that every parish in the diocese should formally institute Cath. Action societies in every parish of the Diocese. Accordingly 50% of the parishes reported the formal inauguration of C A, Societies, by the first week of January 1938. Ever since, the diocese has made steady progress in the cause of Cath. Action.

Parish Activities:

Every year at the annual sessions, one particular item or


other, as the needs of the time would, is recomnended for the parish activities, such as Parish Libraries and Reading Rooms, Parish Book-stalls, Publication of Cath. literature, helping to start Cath. Action Societies such as Legion of Mary, St. V. De Paul Society, etc. It is no exaggeration to say that there is no parish in the Diocese without a Catholic Action Society or some others auxiliary to it.

The Diocese Central Committee:

